# സാന്ത്വനപ്രകാശം


പാലാ രൂപത ബുള്ളറ്റിൻ




ജൂലൈ 28 – വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ

Vol. LXXII July 2022 No. 7





സീറോ മലങ്കര മേജർ ആർക്കി എപ്പിസ്കോപ്പൽ സഭാ നിയുക്ത കൂരിയാ മെത്രാൻ

**മോൺ. ആന്റണി കാക്കനാട്ടിനും**

തിരുവനന്തപുരം അതിരൂപതാ നിയുക്ത സഹായമെത്രാൻ

**മോൺ. മാത്യു മനക്കരക്കാവിലിനും**

**പാലാ രൂപതയുടെ പ്രാർത്ഥനാശംസകൾ**



സീറോ മലബാർ ചിക്കാഗോ സെന്റ് തോമസ് രൂപത മെത്രാനായി നിയമിതനായ

**അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് പിതാവിന്**

**പാലാ രൂപതയുടെ പ്രാർത്ഥനാശംസകൾ**

# ജൂലൈ 25 ന് നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന



## അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്

## സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ



പാലാ രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ നടന്ന എ പ്ലസ് വിജയി
കളുടെ അനുമോദനയോഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സംസാരിക്കുന്നു.



ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ പന്തക്കുസ്താത്തിരുനാളിനോടനുബന്ധിച്ച്
അഭിവന്ദ്യ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ നടന്ന ആദ്യാക്ഷരം കുറിക്കൽ



അഭിവന്ദ്യരായ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും  മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവും ചേർന്ന്
പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി പാലാ ബിഷപ്സ് ഹൗസിൽ വൃക്ഷത്തൈ നടുന്നു.




കൂട്ടിക്കൽ മിഷന്റെ ഭാഗമായുള്ള മംഗല്യസഹായനിധിയുടെ രണ്ടാംഘട്ടവിതരണം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**JULY 2022**
**Vol. LXXII No. 7**

# CONTENTS


ഇടയലേഖനം ........................................................ 501

സംയുക്ത സർക്കുലർ ........................................................ 506

സർക്കുലർ 297 ........................................................ 512

സർക്കുലർ 298 ........................................................ 516

സർക്കുലർ (കെ.സി.ബി.സി.) ........................................................ 521

കച്ചേരിക്കാര്യം ........................................................ 527

അറിയിപ്പുകൾ ........................................................ 528

വാർത്തകൾ ........................................................ 536

ആദരാഞ്ജലികൾ ........................................................ 570

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................................................ 582

Prot. No. 0594/ 2022

# ഇടയലേഖനം

## സഭാദിനം - 3 ജൂലൈ 2022

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ
ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാർത്തോമാശ്ലീഹായുടെ ഓർമദിനമായ ജൂലൈ 3-ാം തീയതിയോടനുബന്ധിച്ചു നിങ്ങളോടു സംസാരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ദുക്റാനത്തിരുനാൾ സീറോമലബാർ സഭാദിനമായും നാം ആചരിച്ചുവരികയാണല്ലോ. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നു പറഞ്ഞ് ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസം ഉച്ചൈസ്തരം ഉദ്ഘോഷിച്ച തോമ്മാശ്ലീഹായുടെ മക്കളായ നമ്മിൽ അതേ വിശ്വാസം ഉജ്ജ്വലിപ്പിക്കുക എന്നതാണ് ഈ സഭാദിനാചരണത്തിന്റെ ലക്ഷ്യം. അതിനുപകരിക്കുന്ന കർമപരിപാടികളാണ് ഇടവക-രൂപത-സഭാതലങ്ങളിൽ നാം സംഘടിപ്പിച്ചുപോരുന്നത്.

ഈ വർഷത്തെ സഭാദിനാചരണത്തിന് ഒരു പ്രത്യേകതയുണ്ട്. മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുന്നു. ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടിയ ശിഷ്യന്മാരാണ് അവിടുന്നിലുള്ള തങ്ങളുടെ വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ടതും പിന്നീട് അതിന്റെ പ്രഘോഷകരും പ്രചാരകരുമായി മാറിയതും.

മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യദശകങ്ങളിൽ ജീവിക്കുന്നവരായ നമ്മൾ ഈ കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചു നമ്മുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം ഒരുവനിൽ വരുത്തുന്ന മാറ്റം ആഴമേറിയതും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവയും ആയിരിക്കും. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരേ വിപ്ലവകരമായ മാറ്റങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവരിലൂടെ സമൂഹത്തിൽ സംഭവിക്കുമെന്നുള്ളതാണു സഭാചരിത്രം നമുക്കു നൽകുന്ന വലിയൊരു പാഠം. ഭാരതത്തിലെ ക്രൈസ്തവമിഷനറിമാരിലൂടെ സമൂഹത്തിൽ സംഭവിച്ച പരിവർത്തനങ്ങൾ ഏവർക്കും അറിവുള്ളതാണല്ലോ. സുവിശേഷത്തിനു വീരോചിതമായ സാക്ഷ്യംവഹിച്ച ക്രൈസ്തവമിഷനറിമാർ ഭാരതത്തിൽ അനേകരാണ്. ഏറ്റവും അടുത്തകാലത്തു വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെട്ട രക്തസാക്ഷി ദേവസഹായവും അന്നത്തെ സാമൂഹ്യതിന്മകൾക്കെതിരേ അടരാടിയാണല്ലോ വീരചരമം പ്രാപിച്ചത്. ഇന്നു നാമും ദരിദ്രവിഭാഗങ്ങൾക്കും കഷ്ടതകൾ സഹിക്കുന്ന എല്ലാവർക്കും ജാതിമതഭേദമെന്യേ സേവനം ചെയ്ത് ക്രിസ്തുവിന്റെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യംവഹിക്കാൻ തീക്ഷ്ണതയുള്ളവരാകണം. വിവിധമതങ്ങൾ തമ്മിലും സാംസ്കാരികസമൂഹങ്ങൾ തമ്മിലും ഐക്യവും സൗഹാർദവും നിലനിറുത്തികൊണ്ട് എല്ലാവരെയും ഒരേ സ്നേഹത്തോടും കാരുണ്യത്തോടുംകൂടി കാണാനും എല്ലാവരോടും ഒന്നുചേർന്നു ജീവിക്കാനും നമുക്കു പരിശ്രമിക്കാം.

ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്ന രാജ്യങ്ങൾ ഇന്നു ലോകത്തിലുണ്ട്. ഭാരതത്തിലാകട്ടെ മതത്തിന്റെ പേരിലുള്ള പീഡനങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ കരുതലുകൾ ഭരണ

കർത്താക്കൾ എടുത്തുവരുന്നു. അത് എക്കാലവും തുടരുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. സങ്കുചിതമായ വീക്ഷണങ്ങളോടെ പ്രവർത്തിക്കുന്ന വ്യക്തികളെയും സമൂഹങ്ങളെയും മതസൗഹാർദത്തിനു വിഘാതമാകുന്ന പ്രവർത്തനങ്ങളിൽനിന്നു പിന്തിരിപ്പിക്കാനും നമുക്കു പരിശ്രമിക്കാം. അതോടൊപ്പം രാഷ്ട്രനിർമാണപ്രക്രിയയിൽ പങ്കുചേർന്ന് ഉത്തമപൗരന്മാരായി ജീവിക്കാനും നമുക്കു സാധിക്കണം.

സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ കേരളത്തിലുള്ള രൂപതകളെ മാതൃസഭയായിട്ടാണു പരിഗണിക്കുന്നത്. ഈ മാതൃസഭ കേരളത്തിനു പുറത്ത് ഇന്ത്യയിലും ഇന്ത്യയ്ക്കുപുറത്തു മറ്റുരാജ്യങ്ങളിലുമുള്ള സഭാസമൂഹങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങൾക്കു സഹകരണം നൽകുവാൻ സർവാത്മനാ പരിശ്രമിക്കേണ്ടതാണ്. ക്രിസ്തുവിന്റെ സ്നേഹവും കാരുണ്യവും അറിയിക്കുകയും അതിനു സാക്ഷ്യംവഹിക്കുകയുമാണ് യഥാർത്ഥമായ പ്രേഷിതത്വം. അതിനുപകരിക്കുന്ന എല്ലാ നല്ലപ്രവർത്തനങ്ങളിലും ഏർപ്പെടാൻ നാം പരിശ്രമിക്കണം. സുവിശേഷപ്രവർത്തനങ്ങൾക്ക് ആളും അർത്ഥവും നൽകി പരസ്പരം സഹായിക്കാൻ നാമേവരും തയ്യാറാകണം. ഇപ്രകാരം പ്രവർത്തിക്കുമ്പോൾ എല്ലാ മനുഷ്യരോടും ക്രിസ്തുവിന്റെ സാർവത്രികസ്നേഹം പങ്കുവയ്ക്കാൻ നമുക്കു സാധിക്കേണ്ടതാണ്.

കാർഷികമേഖലയിലുള്ള നമ്മുടെ ജനങ്ങൾ കടന്നുപോകുന്ന കഷ്ടതകൾക്കു പരിഹാരം കാണേണ്ടതുണ്ട്. കർഷകരും അസംഘടിത തൊഴിൽവിഭാഗങ്ങളും ഉപജീവനത്തിനുവേണ്ടി കഷ്ടപ്പെടുകയാണ് എന്നതു യാഥാർത്ഥ്യമാണ്. സംഘടിത വിഭാഗങ്ങൾ തങ്ങളുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തുമ്പോൾ സർക്കാരും ഉദ്യോഗസ്ഥരും അവഗണിക്കുന്നതു കർഷകരെയും അസംഘടിത വിഭാഗങ്ങളെയുമാണ്. പ്രകൃതിക്ഷോഭം, വന്യമൃഗശല്യം എന്നിവയാൽ കർഷകരുടെ ജീവിതം ദുരിതപൂർണ

മായിരിക്കുന്നു. കർഷകരുടെ ഉത്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കാനും അതുവഴി ഒരു നിശ്ചിതവരുമാനം കർഷകകുടും ബങ്ങൾക്ക് ഉറപ്പാക്കാനും ഇതുവരെ ഫലപ്രദമായ ഒരു നടപടിയും മാറിവരുന്ന സർക്കാരുകൾ സ്വീകരിച്ചിട്ടില്ല എന്നത് വസ്തുതയാണ്. ഭാരതത്തിന്റെ പരമോന്നത നീതിപീഠം ബഫർസോൺ സംബന്ധിച്ചു നൽകിയിരിക്കുന്ന പുതിയ ഉത്തരവ് ആയിരക്കണക്കിനു കർഷകകുടുംബങ്ങളെ വഴിയാധാരമാക്കാൻ ഇടയാക്കുമെന്ന ആശങ്ക നിലനിൽക്കുന്നു. ഈ വിഷയത്തിൽ സംസ്ഥാനസർക്കാർ ജാഗ്രതയോടെ സത്വരമായി ഇടപെടുകയും കർഷകരുടെ പ്രത്യേകസാഹചര്യം ബഹുമാനപ്പെട്ട കോടതിയെ അറിയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കർഷകരെപ്പോലെ മറ്റ് അസംഘടിതവിഭാഗങ്ങളിലെ മനുഷ്യർക്കും നീതിയും തുല്യതയും ഉറപ്പാക്കാനും മാന്യമായ രീതിയിൽ അധ്വാ നിച്ചുജീവിക്കാൻ അനുകൂലമായ സാഹചര്യങ്ങൾ ജനാധി പത്യസംവിധാനത്തിൽ ഒരുക്കുകയും ചെയ്യേണ്ടതു സർക്കാ രിന്റെ കടമയാണ്.

2023 ൽ റോമിൽ നടക്കുന്ന സിനഡിന്റെ ഭാഗമായി എല്ലാ രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും തലങ്ങളിൽ ചർച്ചകളും അഭിപ്രായരൂപീകരണങ്ങളും നടക്കുന്ന സമയമാ ണല്ലോ ഇത്. നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും വിവിധ തലങ്ങളിൽ സിനഡിന്റെ ചിന്താവിഷയം ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്. നമ്മുടെ രൂപതകളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 2022 ആഗസ്റ്റ് മാസത്തിൽ നടക്കുന്ന നമ്മുടെ മെത്രാൻ സിനഡിൽ ചർച്ചചെയ്യുകയും സഭയുടേതായ ഒരു റിപ്പോർട്ട് അടുത്ത തലത്തിലെ ചർച്ചകൾക്കായി നൽകുകയും ചെയ്യുന്നതാണ്. കൂട്ടായ്മയും പങ്കാളിത്തവും ദൗത്യബോധവു മുള്ള ഒരു സഭാസമൂഹമായി ഇനിയും വളരാൻ ഈ ചർച്ചകൾ ഉപകരിക്കട്ടെ.

നമ്മുടെ സഭ ഘടനാപരമായി സിനഡൽ ആണ്. അതോടൊപ്പം സാർവത്രികസഭ വിഭാവനംചെയ്യുന്ന സിനഡാത്മകത നമ്മുടെ സഭയുടെ പ്രേഷിതപരവും അജപാലനപരവുമായ എല്ലാ മേഖലകളിലും കൂടുതൽ ഉൾച്ചേർക്കാൻ നാമെല്ലാവരും ശ്രദ്ധചെലുത്തണം. സഭ അടിസ്ഥാനപരമായി ഒരു കൂട്ടായ്മയാണ്. ഈ കൂട്ടായ്മ പങ്കാളിത്തത്തിലൂടെയാണു പ്രകാശിതമാകുന്നത്. സഭയുടെ എല്ലാ പ്രവർത്തനതലങ്ങളിലും പങ്കാളിത്തം സജീവമാക്കണം. എല്ലാറ്റിന്റെയും ലക്ഷ്യം പ്രേഷിതദൗത്യം ആയിരിക്കുകയും വേണം. ഇപ്രകാരം കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നീ ത്രിവിധപ്രമേയങ്ങളെ സമന്വയിപ്പിച്ചുകൊണ്ടാണു സിനഡാത്മകസഭയെ വിഭാവനംചെയ്യാനും നവീകരിക്കുവാനും ഫ്രാൻസീസ് മാർപാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നത്.

ഈ സഭാദിനത്തിൽ സഭാമക്കളായ മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായസഹോദരീസഹോദരന്മാർ എന്നിങ്ങനെ എല്ലാവർക്കും മാർത്തോമാശ്ലീഹായുടെ ദുക്റാന ത്തിരുനാളിന്റെ മംഗളങ്ങളും സഭാകൂട്ടായ്മയുടെ സ്നേഹ ത്തിന്റെയും ഐക്യത്തിന്റെയും ആശംസകളും നേരുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യലയത്തിൽനിന്ന് 2022-ാം ആണ്ട് ജൂൺ മാസം 14-ാം തീയതി നല്കപ്പെട്ടത്.

+ George Alencherry

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ ഇടയലേഖനം 2022 ജൂൺ 26-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കുവാൻ നല്കപ്പെട്ടത്.

സംയുക്ത സർക്കുലർ

22 Ch.271-352

### സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്, പാലാ

## രാഷ്ട്രനിർമ്മിതിയിൽ പങ്കുചേരുക ക്രൈസ്തവദൗത്യം

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

കുട്ടികളുടെയും യുവതലമുറയുടെയും അഭിരുചിയും കഴിവുകളും പ്രതീക്ഷകളും മനസ്സിലാക്കി തൊഴിൽസമ്പാദനം, സാമൂഹികജീവിതം, സമുദായശക്തീകരണം എന്നിവയ്ക്ക് ഊന്നൽ നൽകുവാനും നീതിനിഷ്ഠമായ രാഷ്ട്രനിർമ്മിതിക്കായി പുതുതലമുറയെ ഒരുക്കുവാനും നയിക്കുവാനും സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. ക്രൈസ്തവ ആദ്ധ്യാത്മികതയുടെ അവിഭാജ്യഘടകങ്ങളിൽ രാജ്യസ്നേഹം, മാതൃരാജ്യത്തിന്റെ സുരക്ഷ, പുരോഗതി ഇവ ഉറപ്പാക്കുകയെന്നതും ഏതൊരു ക്രൈസ്തവന്റെയും ദൗത്യമാണ്. ഭാരതത്തിന്റെ പുരോഗതിയിൽ ക്രൈസ്തവസമൂഹത്തിന്റെ സംഭാവന നമുക്ക് അഭിമാനം നൽകുന്നതാണ്. വിദ്യാഭ്യാസ-ആതുരസേവന രംഗങ്ങളിലും ഭക്ഷണം, പാർപ്പിടം, കൃഷി മുതലായ അടിസ്ഥാനസൗകര്യമേഖലകളിലും നാം നൽകി

യിട്ടുള്ള നേതൃത്വവും അദ്ധ്വാനവും സംഭാവനയും ഏവരുടെയും പ്രശംസ നേടിയിട്ടുള്ളതുമാണ്. സഭാനേതൃത്വത്തോടൊപ്പം അല്മായസമൂഹത്തിന്റെയും കൂട്ടായ പരിശ്രമമാണ് ഈ രംഗത്ത് കിടയറ്റ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ നമുക്കു ശക്തി പകർന്നത്.

മാറുന്ന സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കുമനുസൃതമായി വിവിധ പ്രവർത്തനമണ്ഡലങ്ങളിൽ അനിവാര്യമായ മാറ്റങ്ങൾക്കു വിധേയമായി സഭ ഇന്നും നമ്മുടെ രാജ്യത്തിന്റെയും സമൂഹത്തിന്റെയും പുരോഗതിക്കായി യത്നിക്കുന്നു. തൊഴിൽമേഖലയിലെ മാറ്റങ്ങൾ ഉൾക്കൊണ്ടു നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ സാധ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിവരുന്നു. കേരളത്തിന് അകത്തും പുറത്തും ഉന്നതവിദ്യാഭ്യാസരംഗത്ത് ക്രൈസ്തവസ്ഥാപനങ്ങൾ ഇന്നും മുൻപന്തിയിൽ തന്നെയാണ്. ആതുരശുശ്രൂഷാരംഗത്തും ഏറ്റവും മികച്ച സൗകര്യങ്ങളാണ് നാം ഒരുക്കിയിരിക്കുന്നത്. ഇവ ഉപയോഗപ്പെടുത്തുവാനും ഈ മേഖലയിൽ സംജാതമാകുന്ന തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുവാനും നമ്മുടെ സമൂഹം ശ്രദ്ധാലുക്കളായിരിക്കണം. മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുകയും തൊഴിൽ അന്വേഷിക്കുകയും പരിശീലിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിയും തങ്ങളുടെ അറിവും പ്രാവീണ്യവും നമ്മുടെ രാഷ്ട്രത്തിന്റെയും സമുദായത്തിന്റെയും പുരോഗതിക്കുതകുന്നവിധത്തിൽ വിനിയോഗിക്കുന്നതിന് പ്രാമുഖ്യം നൽകണം. ഭാരതം നേരിടുന്ന സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക വെല്ലുവിളികളും അസന്തുലിതാവസ്ഥയും ഫലപ്രദമായി തരണം ചെയ്യുന്നതിന്

യുവജനങ്ങൾ തങ്ങളുടെ അറിവും മികവും വേണ്ടവിധം വിനിയോഗിക്കണം. വിദ്യാസമ്പന്നരായ യുവതലമുറയുടെ വിദേശത്തേക്കുള്ള ഒഴുക്ക് ഇത്തരുണത്തിൽ മാതൃരാജ്യ ത്തിനും നമ്മുടെ സമൂഹത്തിനും സമുദായത്തിനും ഒരു തീരാനഷ്ടമാണ്. ഈ ഒരു തിരിച്ചറിവോടുകൂടി തങ്ങളുടെ ഉന്നതവിദ്യാഭ്യാസം ക്രമീകരിക്കുന്നതിനും കരിയർ തിര ഞ്ഞെടുക്കുന്നതിനും ആവശ്യമായ ഒരു ഉൾക്കാഴ്ച നമ്മുടെ യുവജനങ്ങൾക്കു നല്കുന്നതിന് അല്മായനേതൃത്വത്തിനും സംഘടനകൾക്കും സാധിക്കണം. മെച്ചപ്പെട്ട സ്കോളർഷി പ്പോടുകൂടി ഉന്നതവിദ്യാഭ്യാസം നടത്തുന്നതിന് രാജ്യത്തെ ഉന്നതനിലവാരത്തിലുള്ള സർവ്വകലാശാലകളിലും സ്ഥാപ നങ്ങളിലും അവസരമുണ്ട്. നമ്മുടെ യുവജനസംഘടനകൾ ഈ രംഗത്തെ വിവരങ്ങൾ പങ്കുവയ്ക്കുന്ന പഠനശിബിരങ്ങൾ സംഘടിപ്പിക്കണം. വിദേശത്തുള്ളതുപോലുള്ള തൊഴിൽ സാധ്യതകൾ ഇന്നു നമ്മുടെ രാജ്യത്തുമുണ്ടെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. ഈ മേഖലകളിലേക്ക് നമ്മുടെ യുവതലമുറയെ നയിക്കുന്നതിനാവശ്യമായ കരി യർ ഗൈഡൻസ് സൗകര്യം ഒരുക്കുന്നതിൽ നമ്മുടെ സംഘ ടനകളും സമുദായനേതാക്കളും ശ്രദ്ധവയ്ക്കണം. രാജ്യത്ത് നടത്തുന്ന മത്സരപ്പരീക്ഷകൾക്ക് നമ്മുടെ സ്ഥാപനങ്ങളിലെ എല്ലാ വിഭാഗത്തിലുമുള്ള വിദ്യാർത്ഥികളെയും സജ്ജരാ ക്കണം. ഇതിനാവശ്യമായ വായനശീലവും പരിശീലനവും ഇന്റർ ഡിസിപ്ലിനറി പഠനരീതികളും പ്രോത്സാഹിപ്പിക്കണം. വിദ്യാർത്ഥികളിൽ ഗവേഷണാഭിമുഖ്യം വർദ്ധിപ്പിക്കുന്ന തിനും ഇത് ഇടവരുത്തും. സിവിൽ സർവീസ്, കേരള അഡ് മിനിസ്ട്രേറ്റീവ് സർവീസ് എന്നീ പരീക്ഷകൾക്കും കേന്ദ്ര

സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുതലായ സ്ഥാപനങ്ങൾ നടത്തുന്ന വിവിധങ്ങളായ മത്സരപ്പരീക്ഷകൾക്കും ഒരുങ്ങുന്നതിനുവേണ്ട സാഹചര്യം നമ്മുടെ വിദ്യാലയങ്ങളിൽ ഒരുക്കണം. പ്രാഥമിക ക്ലാസുകൾ മുതൽതന്നെ ഇതിനുവേണ്ട പരിശീലനം നൽകിത്തുടങ്ങണം.

ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ പാലായിൽ പ്രവർത്തിക്കുന്ന സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്കൂൾതലംമുതൽ മത്സരപ്പരീക്ഷകളെക്കുറിച്ചും രാജ്യത്തെ ഉന്നതവിദ്യാഭ്യാസസാധ്യതകളെക്കുറിച്ചും അറിവു നൽകുന്ന പദ്ധതികളും സിവിൽ സർവീസ് ഉൾപ്പെടെയുള്ള പരീക്ഷകൾക്ക് പരിശീലനം നൽകുന്ന കോഴ്സുകളും നൽകിവരുന്നു. 1998 ൽ അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ സ്ഥാപിതമായ ഇൻസ്റ്റിറ്റ്യൂട്ട് നാളിതുവരെ 338 പേരെ സിവിൽ സർവീസിലും മറ്റനേകരെ വിവിധ സർക്കാർ, അർദ്ധസർക്കാർ സർവീസിലും എത്തിച്ചുവെന്നതിൽ നമുക്ക് അഭിമാനിക്കാം. പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലനമികവും അദ്ധ്യാപകരുടെ മേന്മയും ശ്രേഷ്ഠതയും ധാർമ്മികപാഠങ്ങളും സ്ഥാപനത്തിലെ മികച്ച സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തുവാൻ നാം ശ്രദ്ധിക്കണം. അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഫീസിളവുകളും നൽകിവരുന്ന ഈ സ്ഥാപനത്തിലെ പഠന, പരിശീലനപരിപാടികൾ നമ്മുടെ കുട്ടികൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉത്തരവാദിത്വപ്പെട്ടവർ ഉറപ്പാക്കണം.

ഐ.എ.എസ്, ഐ.പി.എസ്, ഐ.എഫ്.എസ് തുടങ്ങി 24 സിവിൽ സർവീസുകളിലേക്ക് 2023 ൽ നടക്കുന്ന പരീക്ഷകൾക്കുള്ള കോച്ചിംഗ് ക്ലാസുകളുടെ ജൂലൈ - ആഗസ്റ്റ് ബാച്ച് അഡ്മിഷൻ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ചിരിക്കുന്നു. ഡിഗ്രിയോ ഉപരിയോഗ്യതകളോ ഉള്ള ഉദ്യോഗാർത്ഥികൾക്ക് ഒരു വർഷം ദീർഘിക്കുന്ന ഈ കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നീ മൂന്നു ഘട്ട പരീക്ഷകൾക്കുള്ള പരിശീലനമാണ് നൽകുന്നത്. ഡിഗ്രിയോടൊപ്പം ഐ.എ.എസ്. പഠിക്കുന്നതിനുള്ള ആഡ് ഓൺ കോഴ്സിലേക്കും പ്ലസ്ടു വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഫൗണ്ടേഷൻ കോഴ്സിലേക്കും ജോലിയോടൊപ്പമുള്ള വാരാന്ത്യ ഓൺലൈൻ ബാച്ചിലേക്കുമുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. താത്പര്യമുള്ള വിദ്യാർത്ഥികളെ ഈ കോഴ്സുകളിലേക്ക് പറഞ്ഞുവിടുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. **(Contact: 9539381100, 9539371100)**

രാജ്യത്തിന്റെ ഭരണഘടന, നിയമവ്യവസ്ഥകൾ, രാജ്യത്തുള്ള പ്രധാന സർവ്വകലാശാലകൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രധാന തൊഴിൽമേഖലകൾ, തൊഴിൽ സാധ്യതകൾ മുതലായവ മനസ്സിലാക്കി നമ്മുടെ കുട്ടികൾ വളരണം. രാജ്യസ്നേഹവും ധാർമ്മികതയും സാമൂഹ്യബോധവുമുള്ള ഉത്തമപൗരന്മാരായി അവർ രൂപപ്പെടുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. തൊഴിൽമേഖലയിൽ ഒരു പുത്തനുണർവ് അനിവാര്യമായിരിക്കുന്നു. ലഭ്യമായ സൗകര്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തി സഭയോടൊപ്പം ഒറ്റക്കെട്ടായി പ്രവൃത്തിക്കുന്നതിനും ആത്മീയ ഉണർവ്വ് നേടു

ന്നതിനും ബോധ്യങ്ങൾ രൂപീകരിക്കുന്നതിനും നമ്മുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കുവാൻ എല്ലാവരും പരിശ്രമിക്കണം. ഉത്തമവിശ്വാസികളും ഉത്തമപൗരന്മാരുമായിത്തീരാൻ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളരുകയും പരിശീലിക്കുകയും ചെയ്ത ഈശോ ഏവർക്കും മാതൃകയാകട്ടെന്നാശംസിക്കുകയും എല്ലാവിധ ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**

(ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത)

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

(പാലാ രൂപത മെത്രാൻ)

**ബിഷപ് ജോസ് പുളിക്കൽ**

(കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ)

---

NB: ഈ സർക്കുലർ 2022 ജൂലൈ 10-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ - 297

## പ്രവാസി അപ്പോസ്തലേറ്റ്, പാലാ രൂപത
# പ്രവാസി കുടുംബസംഗമം
## 2022 ജൂലൈ 30

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

പ്രവാസവും പ്രവാസിയും നമ്മുടെ സമൂഹത്തിലും സമുദായത്തിലും പരിചിതമായ യാഥാർത്ഥ്യമായിരിക്കുന്നു. വിവിധ കാരണങ്ങളാൽ സ്വദേശത്തെ ഉപേക്ഷിക്കുവാൻ നിർബന്ധിതരായവരാണ് പ്രവാസികൾ. സാഹിത്യ-ദാർശനിക ധാരകളിൽ പ്രവാസം ഏറെ ചർച്ചാവിഷയമായിട്ടുണ്ട്. അനിഷേധ്യ യാഥാർത്ഥ്യമായ പ്രവാസത്തിന്റെ ചരിത്രം വിശുദ്ധഗ്രന്ഥത്തിന്റെ ആദ്യപുസ്തകത്തിൽ നിന്നാരംഭിക്കുന്നു. ഉത്പത്തി 12:1 ൽ "നിന്റെ ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചുതരുന്ന ദേശത്തേക്കു പോവുക" എന്ന് നാം വായിക്കുന്നു. ഓരോ പ്രവാസിയും ദൈവികനന്മയുടെ ഉറപ്പുള്ള അഭയകേന്ദ്രത്തിൽ ശരണംപ്രാപിച്ച് ഉയർച്ചയുടെ പടവുകൾ നേടാൻ യാത്രയിലായിരിക്കുന്നവരാണ്. ചലനാത്മകതയുടെ ഈ അടിസ്ഥാനഭാവങ്ങളിന്മേൽ തന്നെയാണ് തിരുസ്സഭയും അടിയുറപ്പിക്കപ്പെട്ടിട്ടുള്ളത്. 'സഭ സ്വഭാവത്താലേ തീർത്ഥാടകയാണ്' എന്ന് വിശേഷിപ്പിക്കപ്പെടുമ്പോൾ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ നിതാന്ത പരിശ്രമത്തിലായിരിക്കുന്ന ഒരു പ്രവാസഗണത്തെ ദ്യോതിപ്പിക്കുന്നു. വാഗ്ദത്തദേശത്തിന്റെ വശ്യനന്മകളിൽ വഴിയുറപ്പിച്ച പഴയനിയമ ഇസ്രായേലിൽനിന്നാരംഭിക്കുന്ന പ്രവാസചരിത്രം പുതിയനിയമത്തിന്റെ ഏടുകളിൽ ഈശോയുടെ ബാല്യത്തിലും പരസ്യജീവിതത്തിലും അപ്പസ്തോല

ന്മാരുടെ പ്രേഷിതയാത്രയിലും വർത്തമാനകാലഘട്ടത്തിൽ തീർത്ഥാടകയായ തിരുസ്സഭയിലും അനുസ്യൂതം തുടരുന്നു. സമകാലീന പ്രവാസികളും ഈ നിരയിൽ ചേർന്നുനിൽക്കു ന്നവരാണ്. ദൈവത്തിന്റെ കരം കൂടെയുണ്ടെന്നുള്ള ഉറപ്പാണ് പ്രവാസചരിത്രത്തെ കരുത്തുറ്റതാക്കിത്തീർക്കുന്നത്.

ദൈവാശ്രയത്വത്തോടൊപ്പം ദേശസ്നേഹവും സമു ദായബോധവും പ്രവാസിഹൃദയങ്ങളിൽ നിറഞ്ഞുനിൽക്കണം. റോമൻ ചരിത്രകാരനായ പ്ലീനി ഇപ്രകാരം കുറിക്കുന്നു: "കുരുമുളക് ഒരു എരിവാണ്, ഈ എരിവിനുവേണ്ടിയാണ് ഇന്ത്യാമഹാരാജ്യത്തുനിന്ന് അത് റോമായിലേക്കു കയറ്റുമതി ചെയ്യുന്നത്." വ്യത്യസ്ത കാരണങ്ങളാൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിരിക്കുന്ന പാലാക്കാർക്ക് തദ്ദേശ ബോധം ഇതുപോലൊരു എരിവായിത്തീരണം. വിശ്വാസവും വിജ്ഞാനവും പാരമ്പര്യവും ധാർമികതയും കരുത്തും ഇഴയ ടുപ്പിച്ച ഒരു വികാരമാണ് മീനച്ചിൽ എന്ന ദേശബോധം. തരിശാ യിക്കിടക്കുന്ന ദേശം കണ്ടാൽ അരിശം വരുന്ന പാലാക്കാരന്റെ അധ്വാനതീക്ഷ്ണത, വിളവിന്റെ സമൃദ്ധിയൊരുക്കിയ ഭൂതകാല ത്തിന്റെ നന്മകൾ എന്നും നമുക്കു കൈമുതലായുണ്ട്. ലോകം മുഴുവനും പടരാൻ തക്കവിധം നമ്മെ പ്രാപ്തരാക്കിയത് സത്യ വിശ്വാസത്തിലും ഫലഭൂയിഷ്ഠമായ മണ്ണിലുള്ള അധ്വാനത്തി ലും വളർച്ച പ്രാപിക്കാൻ നമുക്കുണ്ടായിരുന്ന ഈ ചലനാത്മക ദേശനന്മയായിരുന്നു. ജീവസന്ധാരണത്തിന്റെ പ്രവാസം നമ്മെ എത്രമാത്രം വിദൂരത്തിലാക്കിയാലും ഒന്നിപ്പിക്കലിന്റെ ഒരു വികാരമായിത്തീരണം പാലാ രൂപത എന്ന ബോധ്യം. മധ്യതിരു വിതാംകൂറിന്റെ, പ്രത്യേകിച്ച്, മീനച്ചിൽദേശത്തിന്റെ കുടിയേറ്റ ചിന്താധാരകളിലെല്ലാം, കരുതലിന്റെ ആത്മീയഭാവങ്ങളും ധാർമികബോധ്യങ്ങളുമായി സഭാത്മക, ആത്മീയ, ആരാധനാ ക്രമ വിശ്വാസങ്ങളെയും കുടുംബമൂല്യങ്ങളെയും സമുദായ ചിന്തകളെയും സിരകളിലൊഴുകുന്ന വികാരമായി കരുതുകയും

സംരക്ഷിക്കുകയും ചെയ്തവരാണ് നമ്മുടെ പൂർവ്വികർ എന്ന അവബോധം നമ്മെ കർമ്മോത്സുകരാക്കട്ടെ.

ധാർമികതയുടെ സനാതനനന്മങ്ങളിൽ നെയ്തെടുക്കപ്പെട്ട വിശ്വാസസത്യങ്ങൾ വെല്ലുവിളിക്കപ്പെടുന്ന വർത്തമാനകാലഘട്ടത്തിൽ വിശ്വാസചൈതന്യം ശോഭ കുറയാതെ ദേശാന്തരങ്ങളിൽ കാത്തുസൂക്ഷിക്കാനും തലമുറകളിലേക്കു കൈമാറാനും പ്രവാസിഗണത്തിനു സാധിക്കണം. കൂടെയായിരുന്നുകൊണ്ടു കരുത്തുപകരാനും പിറന്ന മണ്ണിന്റെ നന്മയും സുകൃതങ്ങളും പ്രവാസിഗണത്തിനുമുഴുവനും പകർന്നുകൊടുക്കാനും നിലകൊള്ളുന്ന രൂപതയുടെ സജീവസംവിധാനമാണ് പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റ്. ഹൃദയബന്ധങ്ങളിൽ രൂപപ്പെടുന്ന ഊഷ്മള സ്നേഹത്തിന്റെ പ്രഭ ലോകാതിർത്തികൾവരെ പകർന്നുകൊടുത്ത് പ്രവാസിസമൂഹത്തിനിടയിലെ ചാലകശക്തിയായിത്തീരാൻ പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റിന് ഇതിനോടകം സാധിച്ചുവെന്നത് അഭിമാനർഹമായ കാര്യമാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിലായിരിക്കുന്ന പാലാ രൂപതക്കാരായ പ്രവാസികൾക്ക് അടുത്തറിയുവാനും ബന്ധങ്ങൾ ഊഷ്മളമാക്കുവാനും പരസ്പരം സഹായിക്കുവാനുമായി പാലാ രൂപത പ്രവാസി അപ്പോസ്തലേറ്റ് **2022 ജൂലൈ 30ന്** ***കൊയ്നോനിയ 2022*** **എന്ന പേരിൽ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിൽവച്ചു പ്രവാസി കുടുംബസംഗമം സംഘടിപ്പിക്കുന്നു.** നമ്മുടെ രൂപതയിൽനിന്നു ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവാസജീവിതം നയിക്കുന്നവർ അടുത്ത തലമുറയെയും രൂപതയോടും നമ്മുടെ പാരമ്പര്യങ്ങളോടും ചേർത്ത് ഒരു കുടുംബമായി നിലകൊള്ളുക എന്ന സ്വപ്നസാക്ഷാത്കാരത്തിനായി സംഘടിപ്പിക്കുന്ന ഈ മഹാസംഗമത്തിലേക്ക്

പ്രവാസിസഹോദരങ്ങളേവരെയും കുടുംബസമ്മേതം ക്ഷണിക്കുന്നു. പ്രസ്തുത സംഗമത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്ന പ്രവാസിസഹോദരങ്ങൾ രൂപത പ്രവാസി കാര്യാലയത്തിൽ പേര് രജിസ്റ്റർ ചെയ്യുവാൻ ശ്രദ്ധിക്കണം.(**Contact No. 9496464727**).

അനന്യമായ ഈ കുടുംബസംഗമം ലോകത്തിന്റെ അതിർത്തികൾവരെയും സുവിശേഷത്തിനു സാക്ഷികളാകുവാനും പാലായുടെ പാരമ്പര്യം കാത്തുസൂക്ഷിക്കുവാനും പ്രചോദനമാകട്ടെ. ലോകം മുഴുവൻ നിറഞ്ഞുനിൽക്കുന്ന പാലായുടെ പരിശുദ്ധ പരിമളമായ അൽഫോൻസാമ്മയുടെയും പ്രവാസികളുടെ ആശ്വാസമായ പരിശുദ്ധ ദൈവമാതാവിന്റെയും മാധ്യസ്ഥ്യവും സഹായവും കുടുംബങ്ങളുടെയും ഐക്യത്തിന്റെയും മാതൃകയായ പരിശുദ്ധത്രിത്വത്തിന്റെ അനുഗ്രഹവും പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 01.07.2022

---

NB: ഈ സർക്കുലർ 2022 ജൂലൈ 17-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും മഠങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ - 298

# വൈദികരുടെ വാർഷികധ്യാനം - 2022

## (ജൂലൈ - ആഗസ്റ്റ്)

## പുനർനിർമ്മിക്കുന്ന പരിശുദ്ധാരൂപി

**"നീ നിന്റെ അരൂപിയെ അയയ്ക്കുക; അപ്പോൾ സകലതും സൃഷ്ടിക്കപ്പെടും; ഭൂമുഖം നീ പുതുതാക്കുകയുംചെയ്യും."**

**(സങ്കീ 104:30)**

സൃഷ്ടികർമ്മത്തിൽ വ്യാപൃതനായ ദൈവത്തെയാണ് വിശുദ്ധ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ നാം കാണുന്നത് (ഉത് 1:3-29). തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ ആറാംദിനം സൃഷ്ടിക്കുന്നതോടെ ദൈവത്തിന്റെ സൃഷ്ടികർമ്മം പൂർണ്ണമാകുന്നു. സർവ്വപ്രപഞ്ചത്തെയും ക്രമപ്പെടുത്തിയ ആ സൃഷ്ടിവൈഭവം ദൈവം വീണ്ടും പ്രകടമാക്കുന്നത് നിർമ്മലമായഹൃദയം പാപിയായ മനുഷ്യനു വീണ്ടെടുത്തു നല്കുമ്പോഴാണ്. "ദൈവമേ, നിർമ്മലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ! അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ!" (സങ്കീ 51:10) എന്നാണ് സങ്കീർത്തകന്റെ പ്രാർത്ഥന.

പ്രപഞ്ചസൃഷ്ടിയെക്കുറിച്ച് പരാമർശിച്ചപ്പോൾ ഉപയോഗിച്ച *ബെറാ (Bera)* എന്ന പദംതന്നെയാണ് സങ്കീർത്തനം 51:10 ലും ഉപയോഗിച്ചിരിക്കുന്നത്. വിശുദ്ധ ഗ്രന്ഥവ്യാകരണമനുസരിച്ച് ദൈവം മാത്രമാണ് ഈ ക്രിയാപദത്തിന്റെ കർത്താവ്. നൂതനവും സുന്ദരവുമായ സൃഷ്ടിയെയാണ് അത് സൂചിപ്പിക്കുന്നത്. പാപിയുടെ നീതീകരണമാണ് ദൈവത്തിന്റെ ഏറ്റവും സുന്ദരമായ പ്രവൃത്തി. അത് പ്രപഞ്ചസൃഷ്ടിക്കു സമാനമാണ്. അതിനാൽ,

ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകർമ്മം, സൃഷ്ടികർമ്മംകൂടിയാണ്. പാപിയെ നീതീകരിച്ചു ദൈവം അവനെ പുതിയതായി സൃഷ്ടിക്കുന്നു. പൗലോസ്ശ്ലീഹാ ഇക്കാര്യം ഉറപ്പിക്കുന്നു, “മിശിഹായിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ, പുതിയതു വന്നുകഴിഞ്ഞു.” (2 കോറി 5:17)

പൗലോസിന്റെ ആത്മാർത്ഥമായ ഏറ്റുപറച്ചിലാണ് അവനെ സ്വീകാര്യനാക്കുന്നത്: “പാപികളിൽ ഒന്നാമനാണു ഞാൻ'' (1 തിമോ 1:15). എങ്കിലും എനിക്കു കരുണ ലഭിച്ചുവെന്ന് പൗലോസ്ശ്ലീഹാ തുടർന്നു പറയുമ്പോൾ ദൈവം തന്നെ പുനഃസൃഷ്ടിച്ചുവെന്നുതന്നെയാണ് അദ്ദേഹം പ്രസ്താവിക്കുന്നത്. “മാർഗ്ഗമധ്യേ നിനക്കു പ്രത്യക്ഷപ്പെട്ട കർത്താവായ ഈശോ നിനക്കു വീണ്ടും കാഴ്ച ലഭിക്കുന്നതിനും നീ പരിശുദ്ധാത്മാവിനാൽ നിറയുന്നതിനുംവേണ്ടി എന്നെ അയച്ചിരിക്കുന്നു” (അപ്പ 9:17) എന്നു പറഞ്ഞ് സ്വയം പരിചയപ്പെടുത്തുന്ന അനനിയാസ്, പൗലോസിന്റെ പുനഃസൃഷ്ടിയാണ് തന്റെ നിയോഗമെന്ന് വ്യക്തമാക്കുന്നു.

ജറുസലേം മതിലുകൾ തകർന്നു കിടക്കുകയാണെന്നും അഗ്നിക്കിരയായ കവാടം അതേപടി കിടക്കുന്നുവെന്നും കേട്ടപ്പോൾ നെഹെമിയ നിലത്തിരുന്നു കരയുകയും ദിവസങ്ങളോളം ഉപവസിക്കുകയുംചെയ്തു (നെഹെ 1:4). ഈശോ പറഞ്ഞ വാക്കുകൾ ഓർമ്മിച്ചപ്പോൾ പത്രോസ് ഉള്ളുരുകിക്കരഞ്ഞു (മർക്കോ 14:72). തന്റെ കണ്ണീരുകൊണ്ട് തലയണ കുതിർന്നുവെന്ന് സങ്കീർത്തകനും വെളിവാക്കുന്നു (സങ്കീ 6:6). മൂന്നുദിവസത്തേക്ക് കാഴ്ചയില്ലായിരുന്ന പൗലോസ് ആ ദിവസങ്ങളിൽ ഉപവസിച്ചു. അവൻ ഒന്നും ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ല (അപ്പ 9:9). പാപിയെ പുനഃസൃഷ്ടിക്കു വിധേയനാക്കുന്ന ദൈവത്തോട് അവൻ പ്രാർത്ഥനയും ഉപവാസവും ജാഗരണവും കണ്ണീരുംവഴി

സഹകരിക്കുന്നു; ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ഉരിഞ്ഞുകളയുന്നു (എഫേ 4:22).

സിംഹാസനമധ്യത്തിലിരിക്കുന്ന കുഞ്ഞാട് അനുതപിക്കുന്നവരെ മേയിക്കുകയും ജീവജലത്തിന്റെ ഉറവകളിലേക്കു നയിക്കുകയുംചെയ്യും. ദൈവം അവരുടെ കണ്ണുകളിൽനിന്നു കണ്ണീർ തുടച്ചുനീക്കും (വെളി 7:17). പുനഃസൃഷ്ടികർമ്മം നിർവഹിക്കുന്നത് പരിശുദ്ധ റൂഹായാണ്. ജീവജലത്തിന്റെ അരുവി നമ്മിലേക്ക് ഒഴുകിയിറങ്ങും; അഗ്നിയാൽ ഉറകൂട്ടപ്പെടും (മർക്കോ 9:50). പരിശുദ്ധ മറിയത്തിന്റെ സാന്നിദ്ധ്യത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശ്ലീഹന്മാരുടെമേൽ പരിശുദ്ധ റൂഹാ അഗ്നിനാവുകളുടെ രൂപത്തിൽ എഴുന്നള്ളി വന്നുനിന്നു (അപ്പ 2: 3). അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു; ദൈവാത്മാവിനാൽ പുനഃസൃഷ്ടിക്കപ്പെട്ടു. ജറുസലെമിൽനിന്നു യൂദയായിലേക്കും സമരിയായിലേക്കും അവിടെനിന്നു ലോകാതിർത്തികൾവരെയും സഭ വ്യാപിച്ചു.

വാർഷികധ്യാനം പുനഃസൃഷ്ടിയുടെ അവസരമാണ്. ദൈവമാണ് ആ കർമ്മം നിർവ്വഹിക്കുന്നത്. വചനശ്രവണവും പ്രാർത്ഥനയും അനുതാപവുംവഴി നാം ആ പ്രക്രിയയോടു സഹകരിക്കുന്നു. സഭയുടെ നവീകരണം കേവലം ഒരു ആശയം മാത്രമല്ല, അത് വ്യക്തികളുടെ നവീകരണത്തിലൂടെ ആവിഷ്കൃതമാകുന്നതാണ്. പുരോഹിതർ തങ്ങളെത്തന്നെ ശുദ്ധീകരിച്ചതിനുശേഷമാണ് ജനങ്ങളെ ശുദ്ധീകരിക്കുന്നത് (നെഹ 12:30). ഈ ധ്യാനവേളയിൽ ഈശോമിശിഹായുടെ തിരുരക്തംവഴിയായി നമ്മുടെ അന്തഃകരണത്തെ നിർജ്ജീവ പ്രവൃത്തികളിൽനിന്നു വിശുദ്ധീകരിക്കണം (ഹെബ്രാ 9:14). ജീവിക്കുന്ന ദൈവത്തെയും അവിടുത്തെ തിരുസ്സഭയെയും കൂടുതൽ തീക്ഷ്ണതയോടെ ശുശ്രൂഷിക്കാൻ അത് നമ്മെ പ്രാപ്തരാക്കും. ശ്രേഷ്ഠമായ ഉപയോഗത്തിനുപറ്റിയതും ഗൃഹനായകനു പ്രയോജനകരവും ഏതൊരു നല്ല കാര്യത്തിനും

ഉപയോഗയോഗ്യവുമായ വിശുദ്ധപാത്രങ്ങളായി നമുക്കു പരിണമിക്കാം (2 തിമോ 2:21).

**ഈ വർഷം ധ്യാനചിന്തകൾ പങ്കുവയ്ക്കുന്നത് പാലാ രൂപതാംഗവും പാലാക്കാട് രൂപതാധ്യക്ഷനുമായ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവാണ്.** പരിശുദ്ധ റൂഹാ യാൽ പുനർനിർമ്മിക്കപ്പെട്ട് കൂടുതൽ ശ്രേഷ്ഠവും സജീവവും തീക്ഷ്ണവുമായി ശുശ്രൂഷ ചെയ്യാൻ 2022 ജൂലൈ – ആഗസ്റ്റ് മാസങ്ങളിലായി ഒരുക്കിയിരിക്കുന്ന വാർഷികധ്യാനത്തിൽ എല്ലാ വൈദികരും സംബന്ധിക്കണം.

കോവിഡ് നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നതി നാൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നമുക്കൊരുമിച്ചുകൂടി ധ്യാനിക്കുവാൻ അവസരമുണ്ടായിരുന്നില്ല. എന്നാൽ, ദൈവാ നുഗ്രഹത്താൽ ഈ വർഷം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരുമിച്ചുകൂടി ധ്യാനിക്കുവാൻ നമുക്കു സാധി ക്കും. രണ്ടു ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്ന വാർഷിക ധ്യാനത്തിൽനിന്ന് ഒരു വൈദികൻപോലും ഒഴിവ് എടുക്കരുത്. ആരോഗ്യകരമായ കാരണങ്ങളാൽ ആർക്കെങ്കിലും നിർദേശി ച്ചിരിക്കുന്ന ദിനങ്ങളിൽ ധ്യാനത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ പിന്നീട് നാല് പൂർണ്ണദിവസങ്ങളുള്ള ഒരു ധ്യാനത്തിൽ പങ്കെടുക്കേണ്ടതാണ്. ധ്യാനത്തിനു പോകുന്ന സ്ഥലവും സമയവും എന്നെ നേരിട്ട് അറിയിക്കണം. പരിശു ദ്ധാത്മാവിന്റെ നിറവിനായി സെഹിയോൻ മാളികയിൽ ശ്ലീഹ ന്മാർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചതുപോലെ പരിശുദ്ധ റൂഹായാൽ പുനർനിർമ്മിക്കപ്പെടാൻ ഒരുക്കിയിരിക്കുന്ന വാർഷികധ്യാന ത്തിനായി നമുക്ക് പ്രാർത്ഥിച്ചൊരുങ്ങാം.

**വാർഷികധ്യാനത്തിൽ പങ്കെടുക്കാൻ വരുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. വിശുദ്ധ ഗ്രന്ഥം, യാമപ്രാർത്ഥനാപുസ്തകം, കുർബാ നക്കണക്ക്, കൊത്തീന, സൂനാറ, ഊറാറ, എന്നിവ കൊണ്ടുവരേണ്ടതാണ്.

2. ധ്യാനദിവസങ്ങളിലെ സമൂഹബലിയിൽ എല്ലാ വൈദി കരും പങ്കെടുക്കണം. ആ ദിവസങ്ങളിൽ ഇടവകകളിലോ സ്ഥാപനങ്ങളിലോ വിശുദ്ധ കുർബാന അർപ്പിക്കുവാനായി പോകേണ്ടതില്ല.

3. 100 ൽ കൂടുതൽ വിശുദ്ധ കുർബാന നിയോഗങ്ങൾ കൈവശമുള്ള വൈദികർ അവ ധ്യാനാവസരത്തിൽ രൂപത ക്കച്ചേരിയിൽ ഏൽപ്പിക്കേണ്ടതാണ്.

4. കഴിഞ്ഞ വാർഷികധ്യാനത്തിനുശേഷം വൈദികർ രൂപതാദ്ധ്യക്ഷന്റെ നിയോഗത്തിൽ അർപ്പിച്ചിട്ടുള്ള വിശുദ്ധ കുർബാനകളുടെ എണ്ണം (binated and trinated) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ധ്യാനദിവസങ്ങളിൽ ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് വിശ്വാസികളെ ഉദ്ബോധിപ്പി ക്കേണ്ടതാണ്.

6. ധ്യാനത്തിന്റെ പ്രാരംഭദിവസമായ ഞായറാഴ്ച വൈകുന്നേരം ആറുമണിക്കുമുമ്പായി എല്ലാ വൈദികരും അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻ സ്റ്റിറ്റ്യൂട്ടിൽ എത്തിച്ചേരേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 01.07.2022

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: രണ്ടു ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്ന വാർഷികധ്യാനത്തിൽ **(ബാച്ച് 1: ജൂലൈ 17 ഞായർ – 21 വ്യാഴം; ബാച്ച് 2: ആഗസ്റ്റ് 07 ഞായർ – ആഗസ്റ്റ് 11 വ്യാഴം)** പങ്കെടുക്കേണ്ട ബഹുമാനപ്പെട്ട വൈദികരുടെ ലിസ്റ്റ് 2022 ജൂൺ മാസത്തെ സാന്ത്വനപ്രകാശം ബുള്ളറ്റിനിൽ (Vol. LXXII June 2022 No. 6, Page No. 433-438) പ്രസിദ്ധീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

Ref: 3719/K-5/KCBC/OL/DS 24.06.2022

# യുവജനദിനം

## 2022, ജൂലൈ 10, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ ജൂലൈ 10 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽനിന്നു യുവജനദിനത്തിന്റെ പ്രാർത്ഥനാശംസകൾ.

കോവിഡ്-19 മഹാമാരിയുടെ പിടിയിൽനിന്ന് ലോകം മെല്ലെ മുക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന വേളയാണിത്. സഭയും സമൂഹവും ദൈവാലയങ്ങളിലേക്കും പൊതുവിടങ്ങളിലേക്കും തിരികെയെത്തുവാൻ പരിശ്രമിക്കുന്നനേരം. യേശു നായിനിലെ വിധവയുടെ മകനോടും ജായ്റോസിന്റെ മകളോടും പറഞ്ഞത് ഇപ്പോൾ കേരളസഭയിലെ യുവജനങ്ങളോടും ആവർത്തിക്കുന്നു: ''യുവാവേ, എഴുന്നേൽക്കുക'' (ലൂക്കാ 17:14) "ബാലികേ, എഴുന്നേൽക്കുക" (മർക്കോ 5:41). ഈ വ്യാധിയുടെ നാളുകളിൽ സഭയുടെ ജീവനാഡിയായി നിലകൊണ്ട യുവജനങ്ങളെയും അവരെ നയിച്ച വൈദികരെയും സന്ന്യസ്തരെയും അല്മായസഹോദരങ്ങളെയും നന്ദിയോടെ ഓർക്കുന്നു. അഭിവാദനങ്ങൾ അർപ്പിക്കുന്നു.

**യുവജനങ്ങൾ ഐക്യത്തിന്റെ പ്രേഷിതർ**

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ

ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'സഹയാനം ചെയ്യുന്ന സഭ' എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു. ഈ വർഷം ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത് 'ക്രൈസ്തവ യുവത്വം ഐക്യത്തിന്റെ പ്രേഷിതത്വം' എന്നതാണ്. കേരളസഭ 2022-25 വർഷങ്ങളെ സഭാനവീകരണ കാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. കേരളസഭാ നവീകരണത്തിന്റെ ആദ്യവർഷമായ 2022 ശ്രവണകാലഘട്ടമാണ്. കേരളത്തിലെ വിവിധകത്തോലിക്കാസംഘടനകളുമായി ഒരുമിച്ചിരുന്നുകൊണ്ട് അവരെ ശ്രവിക്കുവാനായി സഭ പരിശ്രമിക്കുന്നു. അത്തരം ശ്രവണം രൂപത, ഇടവക, കുടുംബ യൂണിറ്റ് തലങ്ങളിൽ ഉണ്ടാകാൻ സഭ ആഗ്രഹിക്കുന്നു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ 'വിശ്വാസപരമായ സന്ദേഹങ്ങൾ' ആത്മീയവും ഭൗതികവുമായ സംഘർഷങ്ങൾ തുടങ്ങിയവ പൊതുവിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടിയുറപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യുവജനങ്ങൾ. ആഗോള കത്തോലിക്കാസഭയിലെ 24 സഭകളുടെ കൂട്ടായ്മ പ്രതിഫലിക്കുന്ന ഇടമാണ് ഭാരതസഭ; പ്രത്യേകിച്ച് മൂന്നു വ്യക്തിസഭകൾ ഒരേ സ്ഥലത്തായിരിക്കുന്ന കേരളസഭ. മൂന്നു റീത്തുകളിലുമുള്ള യുവാക്കൾക്ക് ഒത്തുചേരാനും സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളിൽ ഇടപെടാനുമുള്ള അന്തരീക്ഷമാണ് നമുക്കുള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. മൂന്നു റീത്തുകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന് നവീകരണത്തിന്റെ കാറ്റലിസ്റ്റുകളാകാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേതായ സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ചരിത്രവുമൊക്കെയുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

**ഹെനോസിസ് എന്ന മന്ത്രം**

Henosis എന്ന ഗ്രീക്കു പദം അർത്ഥമാക്കുന്നത് ആന്തരികമായ ഐക്യം അഥവാ രഹസ്യാത്മകമായ ഐക്യം എന്നാണ്. ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടെങ്കിലും ശരീരം ഒന്നായിരിക്കുന്നപോലെ (എഫേ 4:1-13) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകളുടെ സാരാംശമാണ് ഹെനോസിസ്. ഈ പദം ഒരു മന്ത്രംപോലെ ഉരുവിടേണ്ട പ്രേഷിതരാണ് യുവജനങ്ങൾ. ഈ കാലഘട്ടം അത് അവരിൽ നിന്ന് ആവശ്യപ്പെടുന്നു. കേരളസഭയും സമൂഹവും അത് അവരിൽനിന്നു പ്രതീക്ഷിക്കുന്നു.

**യൗവ്വനം എന്ന ലഹരി**

യുവാവായ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ ജീവനാണ്. സമൂഹത്തിന്റെയും രാഷ്ട്ര ത്തിന്റെയും സമ്പത്താണ് യുവജനങ്ങൾ. ഭാവാത്മകമായി പറ ഞ്ഞാൽ യൗവ്വനം ഒരു ലഹരിയാണ്. വിശുദ്ധ പ്രണയത്തിന്റെ കാലം. ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്ന കാലം. ഉത്തമപൗര ന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളുകളുമാകാൻ പരിശ്ര മിക്കുന്ന കാലം. എന്നാൽ, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യൗവ്വനത്തിന്റെ ലഹരിയെ നശിപ്പിക്കുന്നു. അത്തരം ലഹരിക്കടിമപ്പെടുന്ന യൗവ്വനം ഒരു ബാധ്യതയാണ്. തീവ്രവാ ദത്തിന്റെ ഫണ്ടിംഗിനായി മാരകമായ ലഹരിവസ്തുക്കൾ കേര ളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നുവെന്ന സത്യം വാർത്ത കളിൽ നിറയുന്നു. യൗവ്വനത്തിന്റെ തീക്ഷ്ണതയെ കയറൂരി വിടുന്ന ലൈംഗികഅരാജകത്വം, സ്വവർഗവിവാഹംപോലുള്ള തിന്മകൾ, വിവാഹപൂർവലൈംഗികത, വിവാഹേതരലൈംഗി കത, ഒത്തുവസിക്കലുകൾ, അതേത്തുടർന്നുണ്ടാകുന്ന ഗർഭ ച്ഛിദ്രങ്ങൾ, പ്രണയത്തിന്റെ മറവിലെ തീവ്രവാദങ്ങൾ, 'കല്യാ ണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേ തികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ,

സ്ക്രീൻ അഡിക്ഷൻ തുടങ്ങിയവ കോവിഡനന്തരകാലത്ത് വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കുവാൻ വേണ്ട പരിശീലനം നേടുകയും വേണം.

**കുടുംബം, തൊഴിൽ, പ്രവാസം**

സമൂഹത്തിന്റെ അടിസ്ഥാനയൂണിറ്റായ കുടുംബരൂപീകരണം ഏറെ പ്രാധാന്യമർഹിക്കുന്നു. വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത അവസ്ഥകൾ ആശങ്കയുണർത്തുന്നു. വിവാഹത്തിന്റെ സമ്പൂർണമായ സമർപ്പണത്തിന് വിമുഖത കാട്ടുന്ന യുവജനങ്ങളുടെ എണ്ണം വർധിക്കുന്നു. പൗരോഹിത്യ സന്ന്യസ്ത ദൈവവിളികൾ കുറയുന്നു. കുട്ടികളുടെ ജനനനിരക്ക് അപകടകരമാംവിധം താഴുന്നു. തൊഴിൽ തേടിയുള്ള പ്രവാസം കുടുംബങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അതേസമയം പ്രവാസികളിൽനിന്നുള്ള വരുമാനം കേരളത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് വലിയ താങ്ങാണ് എന്നതാണ് സത്യം. തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്ന സർക്കാർ-രാഷ്ട്രീയ സംവിധാനങ്ങൾ തുടങ്ങിയവ നിമിത്തം വിദേശരാജ്യങ്ങളിലേക്ക് നമ്മുടെ യൗവ്വനം ഒഴുകുന്നു. ഇതുമൂലം ഉണ്ടാകുന്ന വിശ്വാസസംബന്ധവും സാംസ്കാരികവുമായ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽ നിന്നു പ്രവാസികളായി വന്നുചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങളാണ്. ഇവയ്ക്ക് പരിഹാരം കണ്ടെത്തുവാൻ സാധിക്കുംവിധമുള്ള യുവജനശുശ്രൂഷാ മോഡലുകൾ രൂപംകൊള്ളാൻ സഭ ആഗ്രഹിക്കുന്നു. ഈ നാടിന്റെ സംരംഭകരായി മാറാനും സർക്കാർ തൊഴിൽ നേടാനും യുവജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് അതിനുള്ള മാർഗം.

**മാധ്യമങ്ങൾ, മതേതരത്വം, മതതീവ്രവാദം**

മാധ്യമങ്ങളുടെ അതിപ്രസരമുള്ള ഈ കാലത്ത് മാധ്യമ വിചാരണയിൽ സഭയും സഭാസ്ഥാപനങ്ങളും സംഘടനകളും നേതാക്കളും തേജോവധം ചെയ്യപ്പെടുന്ന ഈ നേരത്ത് മാധ്യമങ്ങളെ കൈകാര്യം ചെയ്യാൻ പറ്റുന്ന ഒരു ടീം സജ്ജമാകേണ്ടതുണ്ട്. അന്തിച്ചർച്ചകളിലും സീരിയലുകളിലും സിനിമകളിലുമൊക്കെ ക്രൈസ്തവദർശനങ്ങളെ വികലമാക്കി ചിത്രീകരിക്കുന്ന പ്രവണത ശക്തമാണ്. സാഹിത്യരംഗത്തും പുസ്തകപ്രസിദ്ധീകരണരംഗത്തും അജണ്ടകൾ വച്ച് വ്യാപാരം ചെയ്യുന്നത് ജാഗരൂകതയോടെ കണ്ട് ഈ വിഷയങ്ങൾ സഭയുടെ യുവജനപ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതരത്വത്തെ കാക്കാൻ പ്രതിജ്ഞാബദ്ധരാണ് ക്രൈസ്തവയുവത്വം. സ്വന്തം മതത്തെ പ്രഘോഷിക്കുമ്പോഴും മറ്റു മതങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജനങ്ങൾക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ അത് വർഗ്ഗീയതതീവ്രവാദത്തിന്റെ കനലുകളെ ഊതിക്കത്തി യ്ക്കുമെന്ന് ചരിത്രം സാക്ഷി. വിഭജനത്തിന്റെ നാൾ മുതൽ ഭാരതം കണ്ടുകൊണ്ടിരിക്കുന്ന ഭീകരസംഭവങ്ങൾ നമ്മുടെ ഓർമ്മയിലുണ്ട്. ആഗോളഭീകരതയുടെ വേരുകൾ കേരളത്തിലും എത്തിനിൽക്കുന്നു. കേരളം തീവ്രവാദത്തിന്റെ ഹബായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരു നിലപാടുമായി മതേതരത്വത്തിന്റെ കാവലായി ക്രൈസ്തവ യുവത്വം മാറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിംഗിനായി സ്വർണ്ണക്കടത്ത്, മയക്കുമരുന്ന് വ്യാപാരം, ഹവാല പണത്തിന്റെ സമാന്തര സമ്പദ്ക്രമം എന്നിവ പരസ്യമായ രഹസ്യങ്ങളായി വാഴുന്ന കാലത്ത് സുതാര്യമായ ജീവിതക്രമവും രാഷ്ട്രീയവും മുന്നോട്ടുവയ്ക്കാൻ യുവാക്കൾക്കു കഴിയണം. തീവ്രവാദ വർഗീയ ആക്രമണങ്ങളെ അപലപിക്കാനും അതിനെതിരേ പ്രതിഷേധിക്കാനും അതേസമയം വിശുദ്ധ ഫ്രാൻസിസ്

അസീസിയുടെ പ്രാർത്ഥനപോലെ 'സമാധാനത്തിന്റെ ഉപകരണങ്ങൾ' ആകാനും യുവജനങ്ങൾക്ക് സാധിക്കണം.

കേരള കത്തോലിക്കാ സഭയിലെ യുവജനം സഭയുടെ ചങ്കാണ്; ചങ്കിടിപ്പാണ്. ലൈവാണ്; ലൈഫാണ്. ക്രിസ്തുവെന്ന യൗവനയുക്തൻ പകരുന്ന ആദർശമാണ് അതിന്റെ അടിത്തറ. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, ഐക്കഫ്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

**N.B.** 2022 ജൂലൈ 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം

## Transfer & Appointments (June 2022)

| Name | Office |
|---|---|
| 1. Fr. Mathew Thennattil | Director, Christhu Jyothy English Medium School, Kayyoor (Additional) with effect from 13 June 2022 |
| 2. Fr. Jose Kizhakkethil ISCH | Relieved from Assistant Vicar, Aruvithura with effect from 20 June 2022 |
| 3. Fr. Joseph Thottathil | Relieved from Assistant Vicar, Koottickal with effect from 22 June 2022 and Study German Language Course (Residence at Alphonsian Pastoral Institute, Arunapuram) |
| 4. Fr. Thomas Thayyil | Appointed Assistant Vicar, Koottickal (Additional) with effect from 22 June 2022 |
| 5. Fr. Joseph Pulavelil (Jr.) | Residence at the Presbytery of Sacred Heart Church, Karoor with effect from 02.07.2022. |

## പത്രോസിന്റെ കാശ്

മാർപാപ്പായുടെ അജപാലനപ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ച് (ജൂൺ 29) ആഗോളസഭയിൽ നടത്തപ്പെടുന്ന സംഭാവനാശേഖരണത്തിൽ നമുക്കു പങ്കുചേരാം. 2022 ജൂലൈ 17-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ ഈ നിയോഗാർത്ഥം സംഭാവന ശേഖരിക്കുകയും ലഭിക്കുന്ന തുക 2022 ആഗസ്റ്റ് 15-ാം തീയതി മുമ്പ് രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.

# FAMILY APOSTOLATE

## DIOCESE OF PALAI

Ph: 04822 -210049, Mob: 8547150049

## MARRIAGE PREPARATION COURSE – 2022

| | | | |
|---|---|---|---|
| January | *** | *** | *** |
| February | *** | *** | *** |
| March | *** | *** | **** |
| April | *** | 11,12,13 | 18,19,20 |
| May | 2,3,4 | *** | 23,24,25 |
| June | 6,7,8 | *** | 20,21,22 |
| July | 4,5,6 | *** | *** |
| August | 1,2,3 | 15,16,17 | *** |
| September | Aug.31-2 | *** | 19,20,21 |
| October | 3,4,5 | *** | 24,25,26 |
| November | 7,8,9 | *** | 21,22,23 |
| December | 5,6,7 | *** | 19,20,21 |

### സഭാദിനപിരിവ്

സീറോ മലബാർ സഭാദിനത്തോടനുബന്ധിച്ച് പിരിഞ്ഞുകിട്ടുന്ന തുക 2022 ജൂലൈ 31 ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

### യുവജനപിരിവ്

2022 ജൂലൈ 10-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ യുവജനപിരിവ് നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക 2022 ആഗസ്റ്റ് 15 നുമുമ്പ് രൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

# Good Shepherd Minor Seminary, Karoor

## FIRST YEARS 2022

| S.N | HOUSE NAME | NAME | PARISH | CL |
|---|---|---|---|---|
| 1 | Choorekuzhiyil | Kurian (Christy) | Marangoly | 10 |
| 2 | Chovelikudiyil | Mathew (Lino ) | Maryland | 10 |
| 3 | Chumappumkal | Alex (Alex) | Bharananganam | 12 |
| 4 | Ettackakunnel | Philip (Alan) | Edamarku | 12 |
| 5 | Kannamkulathu | Joseph (Edwin) | Neeranthanam | 12 |
| 6 | Karottukambadathil | George (Albin) | Kanjirathanam | 10 |
| 7 | Kidangathazhe | Chacko (Alwin) | Maniyamkunnu | 10 |
| 8 | Kuppayilputhenpurayil | Dominic (Alvin) | Marangoly | 12 |
| 9 | Mecherithakidiyil | Martin (Martin) | Mallikassery | 10 |
| 10 | Panachickavayalil | Devasia (Deric) | Bharananganam | 10 |
| 11 | Pazheparambil | Antony (Antjit) | Poovarany | 10 |
| 12 | Pulickaparambil | Paul (Ajin) | Sleevapuram | 10 |
| 13 | Pulikkithadathil | James (Jomson ) | Elanji | 10 |
| 14 | Thengumpallil | Luka (Alvin) | Peringulam | 10 |
| 15 | Vattakunnel | George (Nevis ) | Peringulam | 12 |

# CORPORATE EDUCATIONAL AGENCY, DIOCESE OF PALAI

## PLUS TWO RESULTS 2022

| | Groups | | Science | | | | Humanities | | | | Commerce | | | | Full A+ | Total | | | | Previous Year |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Rank No. | School | Name | Pass | Fail | Total | Pass % | Pass | Fail | Total | Pass % | Pass | Fail | Total | Pass % | | Total | Fail | Pass | Pass % | |
| 1 | Vilakkumadam | St. Joseph's HSS | 55 | 0 | 55 | 100.0 | | | | | 52 | 1 | 53 | 98 | 24 | 108 | 1 | 107 | **99.07** | **100** |
| 2 | Cherpunkal | Holy Cross HSS | 162 | 2 | 164 | 98.8 | | | | | 51 | 1 | 52 | 98 | 31 | 216 | 3 | 213 | **98.61** | **100** |
| 3 | Kuravilangad | St.Mary's HSS | 107 | 1 | 108 | 99.1 | 45 | 3 | 48 | 94 | | | | | 19 | 156 | 4 | 152 | **97.44** | **98.85057** |
| 4 | Elanji | St.Peter's HSS | 107 | 1 | 108 | 99.1 | | | | | 44 | 3 | 47 | 94 | 22 | 155 | 4 | 151 | **97.42** | **98.22485** |
| 5 | Pala | St.Mary's GHSS | 104 | 1 | 105 | 99.0 | 46 | 3 | 49 | 94 | | | | | 41 | 154 | 4 | 150 | **97.40** | **99.36709** |
| 6 | Valiyakumaramagalam | St. Paul's HSS | 53 | 0 | 54 | 98.1 | | | | | 51 | 3 | 54 | 94 | 10 | 108 | 3 | 104 | **96.30** | **99.09091** |
| 7 | Pala | St.Thomas HSS | 105 | 1 | 106 | 99.1 | 44 | 6 | 50 | 88 | | | | | 9 | 156 | 7 | 149 | **95.51** | **97.35099** |
| 8 | Arakulam | St.Mary's HSS | 110 | 0 | 110 | 100.0 | 38 | 7 | 45 | 84 | 50 | 3 | 53 | 94 | 24 | 208 | 10 | 198 | **95.19** | **99.05213** |
| 9 | Kothanalloor | Emmanuel's HSS | 105 | 4 | 109 | 96.3 | | | | | 47 | 6 | 53 | 89 | 30 | 162 | 10 | 152 | **93.83** | **99.44751** |
| 10 | Bharananganam | St.Mary's HSS | 101 | 9 | 110 | 91.8 | 47 | 5 | 52 | 90 | 54 | 0 | 54 | 100 | 44 | 216 | 14 | 202 | **93.52** | **99.16318** |
| 11 | Ramapuram | St.Augustine's HSS | 107 | 1 | 108 | 99.1 | 45 | 8 | 53 | 85 | 50 | 5 | 55 | 91 | 26 | 216 | 14 | 202 | **93.52** | **94.61883** |
| 12 | Pravithanam | St. Michaels HSS | 52 | 2 | 54 | 96.3 | | | | | 47 | 5 | 52 | 90 | 9 | 106 | 7 | 99 | **93.40** | **97.2973** |
| 13 | Teekoy | St.Mary's HSS | 96 | 10 | 106 | 90.6 | | | | | 50 | 3 | 53 | 94 | 10 | 159 | 13 | 146 | **91.82** | **97.1223** |
| 14 | Kadanad | St.Sebastian's HSS | 109 | 0 | 109 | 100.0 | 36 | 17 | 53 | 68 | 53 | 2 | 55 | 96 | 21 | 217 | 19 | 198 | **91.24** | **96.61836** |
| 15 | Plassanal | St.Antony's HSS | 106 | 2 | 108 | 98.1 | 35 | 15 | 50 | 70 | | | | | 12 | 158 | 17 | 141 | **89.24** | **93.33333** |
| 16 | Aruvithura | St.George HSS | 94 | 14 | 108 | 87.0 | | | | | 49 | 7 | 56 | 88 | 11 | 164 | 21 | 143 | **87.20** | **95.97315** |
| 17 | Kozhuvanal | St.John's NHSS | 104 | 4 | 108 | 96.3 | 32 | 20 | 52 | 62 | | | | | 19 | 160 | 24 | 136 | **85.00** | **95.15152** |
| | | | **Computer Application** | | | | **M.L.T** | | | | | | | | | | | | | |
| 18 | Kuruppanthara | St. Xavier's VHSS | 20 | 8 | 28 | 71 | 20 | 10 | 30 | 66.7 | | | | | 0 | 58 | 18 | 40 | **68.966** | **91.83673** |

# Corporate Educational Agency, Diocese of Palai

| SSLC RESULTS | | March. 2021 | | | | March. 2022 | | | | Remarks |
|---|---|---|---|---|---|---|---|---|---|---|
| Sl. No. | Name of School | Roll | Pass | % | Full A+ | Roll | Pass | % | Full A+ | |
| 1 | Arakulam St.Mary's HSS | 206 | 205 | 99.51 | 53 | 180 | 179 | 99.44 | 12 | |
| 2 | Aruvithura St.George HSS | 52 | 52 | 100.00 | 2 | 23 | 23 | 100.00 | 0 | 4th Time 100% |
| 3 | Bharananganam St.Mary's HSS | 101 | 101 | 100.00 | 2 | 105 | 105 | 100.00 | 13 | 4 th Time 100% |
| 4 | Chemmalamattom Little Flower HS | 122 | 121 | 99.18 | 31 | 107 | 107 | 100.00 | 12 | |
| 5 | Chennad St.Maria Gorettis HS | 52 | 51 | 98.08 | 12 | 49 | 49 | 100.00 | 4 | |
| 6 | Cherpunkal Holy Cross HSS | 190 | 189 | 99.47 | 78 | 186 | 185 | 99.46 | 28 | |
| 7 | Elanji St.Peter's HSS | 104 | 104 | 100.00 | 51 | 85 | 85 | 100.00 | 7 | 5th Time 100% |
| 8 | Kadanad St.Sebastians HSS | 120 | 120 | 100.00 | 54 | 117 | 117 | 100.00 | 21 | 10th Time 100% |
| 9 | Kadaplamattom St.Antony's HS | 18 | 18 | 100.00 | 5 | 17 | 17 | 100.00 | 0 | 9th Time 100% |
| 10 | Kanjiramattom Little Flower HS | 52 | 52 | 100.00 | 11 | 49 | 49 | 100.00 | 8 | 12th Time 100% |
| 11 | Kanjirathanam St.Johns HS | 21 | 21 | 100.00 | 5 | 21 | 21 | 100.00 | 0 | 12h Time 100% |
| 12 | Koottickal St.George HS | 86 | 86 | 100.00 | 13 | 110 | 110 | 100.00 | 18 | 2nd Time 100% |
| 13 | Kothanalloor Emmanuels HSS | 157 | 157 | 100.00 | 41 | 155 | 154 | 99.35 | 21 | |
| 14 | Kozhuvanal St.Johns NHSS | 70 | 70 | 100.00 | 21 | 81 | 81 | 100.00 | 7 | 2nd Time 100% |
| 15 | Kudakkachira St.Josephs HS | 34 | 34 | 100.00 | 14 | 39 | 39 | 100.00 | 8 | 6th Time 100% |
| 16 | Kuravilangad St.Mary's GHS | 156 | 155 | 99.36 | 70 | 162 | 162 | 100.00 | 39 | 12th Time 100% |
| 17 | Kuravilangad St.Mary's HSS | 83 | 82 | 98.80 | 17 | 110 | 109 | 99.09 | 5 | |
| 18 | Kurumannu St.John's HS | 70 | 70 | 100.00 | 25 | 95 | 95 | 100.00 | 14 | 4th Time 100% |
| 19 | Kuruppanthara St.Xaviers VHSS | 52 | 52 | 100.00 | 13 | 71 | 71 | 100.00 | 6 | 9th Time 100% |
| 20 | Manalumkal St.Aloysious HS | 56 | 56 | 100.00 | 15 | 51 | 51 | 100.00 | 3 | 3rd Time 100% |
| 21 | Manathoor St.Joseph's HS | 53 | 53 | 100.00 | 22 | 56 | 56 | 100.00 | 2 | 14th Time 100% |
| 22 | Marangattupally St.Thomas HS | 56 | 56 | 100.00 | 20 | 59 | 59 | 100.00 | 10 | 4th Time 100% |
| 23 | Mattakara St.Joseph's HS | 57 | 57 | 100.00 | 15 | 58 | 57 | 98.28 | 4 | |
| 24 | Mutholapuram St.Paul's HS | 55 | 55 | 100.00 | 25 | 75 | 75 | 100.00 | 5 | 10th Time 100% |
| 25 | Mutholy St.Joseph's GHS | 55 | 55 | 100.00 | 9 | 53 | 53 | 100.00 | 13 | 8th Time 100% |
| 26 | Muttuchira Holy Ghost BHS | 70 | 70 | 100.00 | 25 | 74 | 74 | 100.00 | 7 | 15th Time 100% |
| 27 | Muttuchira St.Agnes HS | 150 | 150 | 100.00 | 50 | 149 | 149 | 100.00 | 26 | 5th Time 100% |
| 28 | Pala St.Mary's GHSS | 265 | 265 | 100.00 | 139 | 252 | 252 | 100.00 | 59 | 6th Time 100% |
| 29 | Pala St.Thomas BHSS | 125 | 125 | 100.00 | 41 | 114 | 114 | 100.00 | 14 | 2nd Time 100% |
| 30 | Peringulam St.Augustines HS | 51 | 51 | 100.00 | 20 | 53 | 53 | 100.00 | 15 | 15th Time 100% |
| 31 | Plassanal St.Antony's HSS | 98 | 98 | 100.00 | 30 | 132 | 132 | 100.00 | 22 | 8th Time 100% |
| 32 | Pravithanam St.Michael's HS | 65 | 65 | 100.00 | 24 | 61 | 61 | 100.00 | 19 | 11th Time 100% |
| 33 | Ramapuram SH GHS | 99 | 99 | 100.00 | 44 | 142 | 142 | 100.00 | 30 | 4th Time 100% |
| 34 | Ramapuram St.Augustine's HSS | 108 | 108 | 100.00 | 30 | 98 | 98 | 100.00 | 8 | 2nd Time 100% |
| 35 | Teekoy St.Mary's HSS | 112 | 112 | 100.00 | 37 | 147 | 147 | 100.00 | 21 | 4rd Time 100% |
| 36 | Thudanganad St.Thomas HS | 108 | 108 | 100.00 | 29 | 103 | 103 | 100.00 | 10 | 8th Time 100% |
| 37 | Vadakara Little Flower HS | 101 | 101 | 100.00 | 48 | 77 | 77 | 100.00 | 11 | 6th Time 100% |
| 38 | Vakakkad Alphonsa GHS | 62 | 62 | 100.00 | 32 | 68 | 68 | 100.00 | 18 | 8th Time 100% |
| 39 | Valiyakumaramangalam St. Paul's HS | 96 | 96 | 100.00 | 18 | 79 | 79 | 100.00 | 5 | 4th Time 100% |
| 40 | Vellikulam St.Antony's HS | 63 | 63 | 100.00 | 21 | 51 | 49 | 96.08 | 0 | |
| 41 | Vilakkumadom St.Joseph's HS | 112 | 112 | 100.00 | 43 | 124 | 124 | 100.00 | 12 | 2nd Time 100% |
| | | 3763 | 3757 | **99.84** | 1255 | 3838 | 3831 | **99.82** | 537 | |

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | സേവ്യർ കെ.കെ., മരങ്ങോലി | 50,000 | |
| 2 | ബെന്നി, മരങ്ങോലി | 50,000 | |
| 3 | റജീന, മുത്തോലപുരം | 50,000 | 40,000 |
| 4 | ജോഷി, മോനിപ്പള്ളി | 50,000 | |
| 5 | ജെയ്സൺ ജോർജ്, ചൂണ്ടച്ചേരി | 50,000 | |
| 6 | സാബു, മോനിപ്പള്ളി | 10,000 | 5,000 |
| 7 | സിബി, മോനിപ്പള്ളി | | 12,000 |
| 8 | ഗോകുൽ കൃഷ്ണ, ഏഴാച്ചേരി | 20,000 | |
| 9 | ലീലാമ്മ മത്തായി, മൂന്നിലവ് | 40,000 | 3,00,000 |
| 10 | സണ്ണി ജോർജ്, മൂന്നിലവ് | 40,000 | 2,00,000 |
| 11 | ടോമി, മൂന്നിലവ് | 50,000 | 96,000 |
| 12 | ജോമോൻ, മൂന്നിലവ് | 40,000 | 1,28,000 |
| 13 | മറിയാമ്മ, മൂന്നിലവ് | 40,000 | 50,000 |
| 14 | ഗിരിജ ഷാജി, മല്ലികശ്ശേരി (CMC) | | 20,000 |
| 15 | വിജി ബിജു (CMC) | | 20,000 |
| 16 | കോമളം ബാലകൃഷ്ണൻ (CMC) | | 20,000 |
| 17 | ജോളി മാത്യു, മല്ലികശ്ശേരി (CMC) | | 20,000 |
| 18 | ലാലി ജോസ്, മല്ലികശ്ശേരി (CMC) | | 20,000 |
| 19 | കുട്ടപ്പൻ, മോനിപ്പള്ളി | | 42,000 |
| 20 | ജോണി, മോനിപ്പള്ളി | | 63,420 |
| 21 | ജോമോൻ, മോനിപ്പള്ളി | | 1,20,454 |
| 22 | നിമിഷ, മോനിപ്പള്ളി | | 1,13,232 |
| 23 | ലൗജ ബിന്നി, മൂലമറ്റം | 50,000 | |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**ലോക പുകയിലവിരുദ്ധദിനത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റി പാലായും ചുണ്ടച്ചേരി സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയും സംയുക്തമായി ഫ്ളാഷ്മോബ് ഉൾപ്പെടെ വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റി പാലാ, സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, ചൂണ്ടച്ചേരി, കൊട്ടാരമറ്റം ബസ്സ്റ്റാന്റ് എന്നിവിടങ്ങളിൽ സംഘടിപ്പിച്ച ഫ്ളാഷ്മോബ് ജനശ്രദ്ധ ആകർഷിച്ചു. ഫ്ളാഷ്മോബിനുശേഷം മാർ സ്ലീവാ മെഡിസിറ്റി പാലായിലെ ശ്വാസകോശവിദഗ്ധർ പൊതുജനങ്ങൾക്കായി പ്രത്യേകം ബോധവത്കരണസന്ദേശവും നൽകി.

പുകയിലയുടെ മാരകമായ ദൂഷ്യഫലങ്ങളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുക, പുകയില ഉത്പന്നങ്ങൾ നിയന്ത്രിക്കാൻ സർക്കാരുകളെ പ്രേരിപ്പിക്കുക എന്നതാണ് ഈ പരിപാടികളിലൂടെ ലക്ഷ്യമെന്ന് മാർ സ്ലീവാ മെഡിസിറ്റി പാലായുടെ മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അഭിപ്രായപ്പെട്ടു.

ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. ജേക്കബ് ജോർജ്, ശ്വാസകോശരോഗവിഭാഗം ഡോക്ടർമാരായ ഡോ ജെയ്സി തോമസ്, ഡോ. മെറിൻ യോഹന്നാൻ, ഡോ. രാജ്കൃഷ്ണൻ, കോളേജ് പ്രതിനിധികൾ എന്നിവർ പരിപാടിയിൽ സംബന്ധിച്ചു.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സൗജന്യ പി.സി.ഒ.ഡി. പരിശോധനക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ പോളിസിസ്റ്റിക് ഓവറിസിൻഡ്രോം സംബന്ധമായ രോഗനിർണയത്തിനുള്ള സൗജന്യ ക്യാമ്പ് ജൂൺ 9, 10 തീയതികളിൽ ഉച്ചകഴിഞ്ഞു 2.30 മുതൽ 4.30 വരെ നടന്നു. ക്രമം തെറ്റിയ ആർത്തവം, അമിതരക്തസ്രാവം, അമിതവണ്ണം, മുഖക്കുരു, മുഖത്തെ രോമവളർച്ച, ശബ്ദം പരുക്കാനാവുക തുടങ്ങിയ നിരവധി ലക്ഷണങ്ങൾ പി.സി.ഒ.ഡി.

യുടെ രോഗലക്ഷണങ്ങളായി കണക്കാക്കുന്നു. പി.സി.ഒ.ഡി. വന്ധ്യത, അബോർഷൻ, മെറ്റബോളിക് സിൻഡ്രോം തുടങ്ങിയ നിരവധി പ്രശ്നങ്ങൾക്കു കാരണമായിതീരുന്നു. ഗൈനക്കോളജി വിഭാഗം ഡോക്ടർമാരായ ഡോ. അജിതകുമാരി, ഡോ. സബിത അഗസ്റ്റിൻ, ഡോ. ടി. ഗീത, ഡോ. പാർവതിദാസ് എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി. ഡോക്ടറുമാരുടെ സൗജന്യപരിശോധനയും ഇളവുകളോടുകൂടിയ തുടർചികിത്സയും ക്യാമ്പിന്റെ ഭാഗമായി ലഭ്യമാക്കി.

**മാർ സ്ലീവാ മെഡിസിറ്റി പാലായും കട്ടപ്പന പിതൃവേദിയും സഹകരിച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റി പാലായും കട്ടപ്പന സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിലെ പിതൃവേദിയും സംയുക്തമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. 14 ചികിത്സാവിഭാഗങ്ങളുടെ സേവനം ലഭ്യമാക്കിയ ക്യാമ്പിൽ 500 ആളുകൾ പങ്കെടുത്തു. കേരള ജലവിഭവവകുപ്പു മന്ത്രി ശ്രീ റോഷി അഗസ്റ്റിൻ, മാർ സ്ലീവാ മെഡിസിറ്റി പാലാ മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ എന്നിവർ ചേർന്ന് ക്യാമ്പിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റി പാലായും ബിവിഎം കോളജും ചേർന്ന് ക്യാൻസർ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റി പാലായും ചേർപ്പുങ്കൽ ബിവിഎം കോളേജും ചേർന്ന് ക്യാൻസർ ബോധവത്കരണപരിപാടി സംഘടിപ്പിച്ചു. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ക്യാമ്പിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ക്യാൻസർ പ്രതിരോധത്തെക്കുറിച്ചും രോഗം മുൻകൂട്ടി കണ്ടെത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും സംസാരിക്കുന്നതിനും അർബുദരോഗത്തെക്കുറിച്ചുള്ള അവബോധം നൽകാനുമായി മാർ സ്ലീവാ മെഡിസിറ്റി പാലായിലെ ജനറൽ ആൻഡ് ലാപ്രോസ്കോപ്പിക് സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സി. സെലിൻ ജോർജ്, ഓങ്കോളജിവിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി എന്നിവർ ക്ലാസുകൾ നയിച്ചു.

**ഫ്രണ്ട്സ് ഓഫ് മാർ സ്ലീവാ പ്രിവിലേജ് കാർഡുകളുടെ വിതരണം**

ഫ്രണ്ട്സ് ഓഫ് മാർ സ്ലീവാ പ്രിവിലേജ് കാർഡ് വിതരണം പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ആശുപത്രിയിൽ നടന്ന പരിപാടിയിൽ, ഓരോ ഇടവകകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് പ്രസ്തുത കാർഡുകൾ വിതരണം ചെയ്തു. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ഡയറക്ടേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു.

## New Doctors (June)

1. ഡോ. പൗളിൻ ബാബു - സീനിയർ കൺസൾട്ടന്റ്, പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്റ്റീവ് സർജറി
2. ഡോ. രാജു ജോർജ് - സീനിയർ കൺസൾട്ടന്റ്, കാർഡിയോളജി
3. ഡോ. ജിത്തു കുര്യൻ - കൺസൾട്ടന്റ്, നെഫ്രോളജി
4. ഡോ. സജിത്ത് കുര്യൻ - അസ്സോസിയേറ്റ് കൺസൾട്ടന്റ്, ഓർത്തോപീഡിക്സ്

**മോൺ. ജോസഫ് കണിയോടിക്കൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. ആദ്യാക്ഷരം കുറിക്കൽ**

ജൂൺ 5 ന് പന്തക്കുസ്താത്തിരുനാളിൽ വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ 500 ലധികം കുട്ടികളെ എഴുത്തിനിരുത്തി. അഭിവന്ദ്യ പിതാക്കന്മാരായ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, തീർത്ഥാടനകേന്ദ്രം റെക്ടർ ഫാ. ജോസ് വള്ളോംപുരയിടത്തിൽ, തീർത്ഥാടനകേന്ദ്രത്തിലെ മറ്റുവൈദികർ, വിവിധ സന്ന്യാസസമൂഹങ്ങളിലെ വൈദികർ എന്നിവർ കുട്ടികളെ ആദ്യാക്ഷരം കുറിപ്പിച്ചു.

**2. സ്വാഗതം**

നോർബട്ടൈൻ സഭാംഗമായ ഡീക്കൻ അമൽ കരിന്തോളിൽ ജൂൺ 2 ന് തീർത്ഥാടനകേന്ദ്രത്തിൽ ഡീക്കൻ മിനിസ്ട്രിക്കായി എത്തി. ഡീക്കന് ഹൃദ്യമായ സ്വാഗതം.

**3. അൽഫോൻസാമ്മയുടെ തിരുനാൾ ഒരുക്കങ്ങൾ**

**മാനേജിംഗ് ബോർഡ് യോഗം**

തിരുനാളിനൊരുക്കമായി ജൂലൈ 27-ാം തീയതി മാനേജിംഗ് ബോർഡ് മീറ്റിഗ് നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ ഈ വർഷത്തെ മാനേജിംഗ് ബോർഡ് യോഗം കൂടി. തിരുനാളിനൊരുക്കമായിട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്തു.

**തിരുനാളിനൊരുക്കമായ ആരാധന**

വി. അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായി ജൂൺ 17 മുതൽ ജൂലൈ 17 വരെ ഉച്ചകഴിഞ്ഞ് 2 മണിമുതൽ ഫാ. മാർട്ടിൻ കല്ലറയ്ക്കലിന്റെ നേതൃത്വത്തിൽ ആരാധന ആരംഭിച്ചു.

**4. രാത്രി ആരാധന**

പാലാ രൂപതാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ വി.അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ രാത്രി ആരാധന നടത്തുകയും വചനസന്ദേശം നൽകുകയും ചെയ്തു.

**5. രോഗീദിനപ്രാർത്ഥന**

രണ്ടാം വെള്ളിയാഴ്ച രോഗികൾക്കായി പ്രത്യേക ആരാധന നടത്തി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. പുതിയ വിശ്വാസപരിശീലനവർഷാരംഭം 2022-2023**

പുതിയ വിശ്വാസപരിശീലനവർഷം (2022-2023) പന്തക്കുസ്താത്തിരുനാൾ ദിനത്തിൽ (2022 ജൂൺ 5 ഞായർ) ആരംഭിച്ചു. ഒന്നാം ക്ലാസ്സിലേക്കുള്ള കുട്ടികളുടെ പ്രവേശനവും മറ്റു കുട്ടികളുടെ ക്ലാസ് പ്രമോഷനും ഇതരവർഷാരംഭപ്രവർത്തനങ്ങളും എല്ലാ ഇടവകകളിലും നടത്തപ്പെട്ടു.

**2. പ്രഥമാധ്യാപകസമ്മേളനം**

2022-2023 വിശ്വാസപരിശീലനവർഷാരംഭത്തിനൊരുക്കമായുള്ള പ്രഥമാധ്യാപകസമ്മേളനം 2022 ജൂൺ 4 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് പ്രഥമാധ്യാപകസമ്മേളനത്തിന് അധ്യക്ഷത വഹിച്ചു സംസാരിക്കുകയും യോഗത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. തുടർന്ന് പാലാ B.Ed. കോളേജ് പ്രിൻസിപ്പൽ ഡോ. ടി.സി. തങ്കച്ചൻ, സമ്മേളനത്തിൽ പങ്കെടുത്ത പ്രഥമാധ്യാപകർക്കുവേണ്ടി വിശ്വാസപരിശീലനത്തെക്കുറിച്ചുള്ള ഓറിയന്റേഷൻ ക്ലാസ്സ് നയിച്ചു. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ 2022 - 2023 വിശ്വാസപരിശീലനകലണ്ടർ പരിചയപ്പെടുത്തിക്കൊണ്ട് പ്രഥമാധ്യാപകർക്ക് മാർഗ്ഗനിർദേശങ്ങൾ നല്കി. മരണമടഞ്ഞ ആദരണീയരായ വിശ്വാസപരിശീലകരെ ദൈവസന്നിധിയിൽ അനുസ്മരിച്ചുകൊണ്ട് സമ്മേളനാനന്തരം മരിച്ചവർക്കുവേണ്ടിയുള്ള ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**3. സൺഡേ സ്കൂൾ സന്ദർശനം**

രൂപതയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനുമായി ജൂൺ മാസത്തിലെ ഞായറാഴ്ചകളിൽ മൂന്നാനി, ളാലം പഴയപള്ളി, വാലാച്ചിറ എന്നീ ഇടവകകളിലെ സൺഡേ സ്കൂളുകൾ വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദർശിച്ചു.

**4. വിശ്വാസപരിശീലനദിനം**

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാന ത്തിരുനാൾ ദിനം നമ്മുടെ രൂപതയിൽ വിശ്വാസപരിശീലനദിനമായി നാം ആചരിക്കുന്നു. മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാമത് വാർഷികമാഘോഷിക്കുന്ന ഈ വേളയിൽ എല്ലാ സൺഡേ സ്കൂളുകളിലും സൺഡേ സ്കൂൾ വാർഷികത്തോടനുബന്ധിച്ച് മാർത്തോമ്മാശ്ലീഹാ അനു സ്മരണം സമുചിതമായി നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. മിഷൻലീഗിന്റെ അംഗത്വസ്വീകരണവും തിരുബാലസഖ്യത്തിന്റെ അംഗത്വസ്വീകരണവും അംഗത്വ നവീകരണവും അന്നേദിവസംതന്നെയാണു നടത്തേണ്ടതെന്നും ഓർമ്മിക്കുമല്ലോ.

**5. CTP കോഴ്സ് 2022 – 2023**

2022- 2023 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ ലിസ്റ്റ് വിശ്വാസപരിശീലനകേന്ദ്രത്തിൽ ഏല്പിക്കുന്നതിനുള്ള കാലാവധി ജൂൺ 30 വ്യാഴാഴ്ച അവസാനിച്ചു. ഈ വർഷത്തെ CTP കോഴ്സ് ജൂലൈ 9 ശനിയാഴ്ച ആരംഭിക്കും. 2021–2022 വിശ്വാസപരിശീലനവർഷത്തിൽ CTP കോഴ്സ് പൂർത്തിയാക്കിയ 325 പേർക്ക് സർട്ടിഫിക്കറ്റ് നല്കി.

**6. രൂപത വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം മീറ്റിംഗ്**

രൂപതയിലെ വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം അംഗങ്ങളുടെ മീറ്റിംഗ് 2022 ജൂലൈ 9 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**7. തിരുബാലസഖ്യം ആനിമേറ്റർമാരുടെ സമ്മേളനം**

ഒന്നുമുതൽ നാലുവരെ വിശ്വാസപരിശീലനക്ലാസ്സുകളിലെ കുട്ടി കൾക്കായുള്ള തിരുബാലസഖ്യം സംഘടനയുടെ ആനിമേറ്റർമാരുടെ സമ്മേളനം ഭരണങ്ങാനത്തുള്ള മാതൃഭവനിൽ വച്ച് 2022 ജൂൺ 18 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ വൈകിട്ട് 4 വരെയുള്ള സമയത്ത് നടത്തി. വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സ്വാഗതവും ആമുഖപ്രഭാഷണവും നിർവഹിച്ചു. തിരുബാലസഖ്യം സംഘടനയുടെ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും 2022–2023 പ്രവർത്തനവർഷത്തെ മാർഗ്ഗരേഖയെക്കുറിച്ചും റീജന്റ് ബ്രദർ ജോർജ്ജ് കണംകൊമ്പിൽ ആനിമേറ്റർമാരോട് സംസാരിച്ചു. സമ്മേളനത്തിന്റെ സമാപനത്തിൽ ഡയറക്ടറച്ചൻ സംഘടനാപ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ടുള്ള ആനിമേറ്റർമാർമാരുടെ സംശയങ്ങൾക്കു മറുപടി നൽകുകയും സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്തു.

**8. സ്കൂൾ മതബോധന-സന്മാർഗ്ഗപരിശീലനരംഗം**

പുതിയ അദ്ധ്യയനവർഷത്തിൽ (2022-2023) ഇതര പാഠ്യവിഷയങ്ങളോടൊപ്പം നല്കേണ്ട മതബോധന-സന്മാർഗ്ഗപരിശീലന ക്ലാസ്സുകൾക്കാവശ്യമായ

പാഠപുസ്തകങ്ങളുടെ വിതരണം നടന്നുവരുന്നു. 2022 ജൂൺ 20-ാം തീയതി മുതൽ എല്ലാ സ്കൂളുകളിലും മതബോധന-സന്മാർഗ്ഗപരിശീലന ക്ലാസ്സുകൾ ആരംഭിച്ചു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. തിരുനാളുകൾ**

ജൂൺ 5 നു മന്നഗുഡം പള്ളിയിൽ പരിശുദ്ധ ദൈവമാതാവിന്റെ തിരുനാൾ ആഘോഷിച്ചു. ഫാ. പ്രിൻസ് ഇലവത്തുങ്കൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. വില്ലേജിലൂടെ പ്രദക്ഷിണവും തുടർന്ന് സ്നേഹവിരുന്നും നടത്തി.

ജൂൺ 6 ന് വെങ്കിട്ടപുരം തിരുഹൃദയദൈവാലയത്തിൽ തിരുനാൾ ആച രിച്ചു. രൂപത വികാരി ജനറൾ വെരി റവ. ഫാ. ജോസഫ് മാണിക്യത്താൻ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് സ്നേഹവിരുന്ന് നൽകി. വൈകുന്നേരം വില്ലേജിലൂടെ പ്രദക്ഷിണം നടത്തി.

**2. നന്ദിയും ആശംസകളും**

ജൂൺ 1 ന് പാലാമിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും നെന്നലിൽ ഒന്നുചേർന്ന്, പാലാ മിഷനിലെ വിവിധ മഠങ്ങളിൽനിന്ന് സ്ഥലം മാറിപ്പോകുന്ന സിസ്റ്റേഴ്സിന് നന്ദിയും പ്രാർത്ഥനാശംസകളും നേർന്നു. റവ. സി. കരുണ സി. എം.സി, സി. ശാന്തി സി.എം.സി., സി. ഗ്രേസിൽ സി.എം.സി., സി. സോഫി എൽ.എ.ആർ., സി. ബ്ലസി എൽ.എ.ആർ, സി. പദ്മ എൽ.എ.ആർ, സി. ഗ്രേസ് എൽ.എ.ആർ. എന്നിവർ സ്ഥലം മാറി.

**3. സുസ്വാഗതം**

പാലാ മിഷനിലെ വിവിധ മഠങ്ങളിലേക്ക് പുതുതായി എത്തിയ സിസ്റ്റേഴ്സിന് സ്വാഗതം. വെങ്കിട്ടപുരം – സി. സോണിറ്റ് സി.എം.സി., സി. ആനീസ് വള്ളിപ്പാലം സി.എം.സി., സി. ഗ്രേസിൽ സി.എം.സി., സി. സ്റ്റെല്ല സി.എം.സി., മൈലാരം – സി. ജൂബിറ്റ് എൽ.എ.ആർ., സി. കവിത എൽ.എ.ആർ., സി. മീര എൽ.എ.ആർ., മന്നഗുഡം – സി. ജെസ്‌ലിൻ എൽ.എ.ആർ.

**4. അനുസ്മരണം**

വെങ്കിട്ടപുരം മഠത്തിൽ അംഗമായിരിക്കേ മരണമടഞ്ഞ സി. ലിസമ്മ മാനുവലിന്റെ സ്മരണാർത്ഥം ജൂൺ 1 ന് പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും നെന്നലിൽ ഒന്നുചേർന്ന് വിശുദ്ധ കുർബാന അർപ്പിക്കുകയും ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

**5. നന്ദി**

ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും പാലാ മിഷനെ സഹായിച്ച എല്ലാവർക്കും നന്ദി.

**ഫാ. മാത്യു പുതിയിടത്ത്** (കോർഡിനേറ്റർ)

# മിഷൻലീഗ് വാർത്തകൾ

**രൂപത വാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ എക്സിക്യൂട്ടിവ് യോഗം ജൂൺ 5 ഞായറാഴ്ച വൈകുന്നേരം മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽ നടന്നു. രൂപത പ്രസിഡന്റ് ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ജൂൺ മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**2. പ്രവർത്തനവർഷ ഉദ്ഘാടനം**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ 2022-2023 പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 19 ഞായറാഴ്ച പാലാ സെന്റ് മേരീസ് പള്ളിയിൽ (ളാലം പഴയ പള്ളി) വച്ചു നടന്നു. രാവിലെ 9 മണിക്ക് രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ പതാക ഉയർത്തി. തുടർന്നുനടന്ന വി. കുർബ്ബാനയ്ക്ക് രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ മുഖ്യകാർമികത്വം വഹിച്ചു. രൂപത പ്രസിഡന്റ് ജോബിൻ തട്ടാംപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ളാലം പഴയപള്ളി വികാരി ഫാ. ജോസഫ് തടത്തിൽ, മേഖല ഡയറക്ടർ ഫാ. മാത്യു വാഴചാരിക്കൽ, രൂപത വൈസ് ഡയറക്ടർ സി. മോനിക്ക എസ്.എച്ച്., ദേശീയ പ്രസിഡന്റ് ബിനോയി പള്ളിപ്പറമ്പിൽ, രൂപത സെക്രട്ടറി അഗസ്റ്റിൻ കടൂക്കുന്നേൽ, വൈസ് പ്രസിഡന്റ് ലിന്റു ടോമി, ജനറൽ ഓർഗനൈസർ അമൽ സെബാസ്റ്റ്യൻ, ശാഖാ പ്രസിഡന്റ് ജിബി ജോർജ് തുടങ്ങിയവർ സംസാരിച്ചു. ചെറുപുഷ്പമിഷൻലീഗ് പ്ലാറ്റിനം ജൂബിലി ആഘോഷപരിപാടികളുടെ ഭാഗമായി ളാലം പഴയപള്ളി ശാഖ ശേഖരിച്ച പഠനോപകരണങ്ങൾ സമ്മേളനത്തിൽ വിതരണം ചെയ്തു. സമ്മേളനത്തെ തുടർന്ന് വിവിധ ക്രിസ്തീയ കലാരൂപങ്ങളുടെ അകമ്പടിയോടെ പ്രേഷിതറാലി നടത്തി. സമ്മേളനത്തിലും പ്രേഷിതറാലിയിലും രൂപതയിലെ എല്ലാ ശാഖകളിലെയും ഭാരവാഹികൾ സംബന്ധിച്ചു.

**3. വൈസ് ഡയറക്ടേഴ്സ് മീറ്റ്**

രൂപതയിലെ ചെറുപുഷ്പ മിഷൻലീഗ് ശാഖാ-മേഖല വൈസ് ഡയറക്ടർമാരുടെ ഒരു മീറ്റിംഗ് ജൂൺ 11 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ നടന്നു. രാവിലെ 9.30 ന് ആരംഭിച്ച സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും 2022-23 വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ ദേശീയ പ്രസിഡന്റ് ശ്രീ ബിനോയി പള്ളിപ്പറമ്പിലിനു നൽകി പ്രകാശനം

ചെയ്യുകയും ചെയ്തു. തുടർന്ന് സംഘടനയുടെ സംസ്ഥാന റീജിയണൽ ഓർഗനൈസർ ശ്രീ തോമസ് അടുപ്പുകല്ലുങ്കൽ സെമിനാർ നയിച്ചു. രണ്ടാം സെഷനിൽ നടന്ന ചർച്ചയ്ക്ക് രൂപത വൈസ് ഡയറക്ടർ സി. മോനിക്ക എസ്. എച്ച്. മോഡറേറ്ററായിരുന്നു. രൂപത റീജിയണൽ ഓർഗനൈസർമാരായ റിജോ വള്ളടത്ത്, മനു മാളികപ്പുറത്ത്, ജോർജിൻ പുത്തൻപുരയിൽ, ജോമിൻ വലിയകാപ്പിൽ, റോയി മലയിൽ, സിബി കാടാശേരിയിൽ എന്നിവർ സംസാരിച്ചു. രൂപതാഭാരവാഹികൾ സമ്മേളനത്തിനു നേതൃത്വം നൽകി. രൂപതയിലെ എല്ലാ ശാഖ-മേഖല വൈസ് ഡയറക്ടർമാരും യോഗത്തിൽ സംബന്ധിച്ചു.

**4. പുരസ്കാരസമർപ്പണം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതി ഏർപ്പെടുത്തിയ ജോസഫ് മാലിപ്പറമ്പിൽ അവാർഡിന് ഈ വർഷം അർഹനായ മിഷൻലീഗ് സംഘടനയുടെ മുൻ ദേശീയ ഡയറക്ടറും പാലാ രൂപതാംഗവുമായ ഫാ. കുര്യൻ മാതോത്തിന് പുരസ്കാരം സമർപ്പിച്ചു. ജൂൺ 18 ശനിയാഴ്ച പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശേരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാന, രൂപത ഭാരവാഹികൾ സംബന്ധിച്ചു.

**5. സെക്രട്ടേറിയറ്റ് യോഗങ്ങൾ**

സംഘടനയുടെ ജൂൺ മാസത്തിലെ സെക്രട്ടേറിയറ്റ് യോഗങ്ങൾ നടത്തി.

**6. കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക ജൂൺ മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിക്കുകയും വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിക്കുകയും ചെയ്തു.

**മേഖല വാർത്തകൾ**

**1. പ്രവിത്താനം മേഖല - എക്സിക്യൂട്ടിവ്**

ചെറുപുഷ്പ മിഷൻലീഗ് പ്രവിത്താനം മേഖലയുടെ ജൂൺ മാസത്തെ എക്സിക്യൂട്ടീവ് യോഗം 12 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 02. 30 ന് മേഖല കേന്ദ്രമായ പ്രവിത്താനം സെന്റ് അഗസ്റ്റിൻ ഇടവകയിൽ നടന്നു.

**2. മൂലമറ്റം മേഖല - വിശുദ്ധരെ പരിചയപ്പെടുത്തൽ**

മേഖലയുടെ ആഭിമുഖ്യത്തിൽ എല്ലാ ദിവസവും വിശുദ്ധരെ പരിചയപ്പെടുത്തിക്കൊണ്ട് ലേഖനങ്ങൾ വാട്സ്ആപ് ഗ്രൂപ്പുകൾ വഴി നൽകി.

**3. അരുവിത്തുറ മേഖല - എക്സിക്യൂട്ടീവ്**

അരുവിത്തുറ മേഖല എക്സിക്യൂട്ടിവ് ജൂൺ 12 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അരുവിത്തുറ സെന്റ് ജോർജ് ദൈവാലയത്തിൽ വച്ചു നടന്നു.

**വിശ്വാസപരിശീലകസംഗമം**

അരുവിത്തുറ മേഖലയുടെ ആഭിമുഖ്യത്തിൽ ഫൊറോനയിലെ എല്ലാ ഇടവകകളിലെയും വിശ്വാസപരിശീലകരുടെ സംഗമം അരുവിത്തുറയിൽ വച്ചു

നടത്തി. അരുവിത്തുറ ഫൊറോന പള്ളി വികാരി വെരി. റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് റവ. ഫാ. ജിസൺ വേങ്ങാശ്ശേരി ക്ലാസ്സ് നയിച്ചു. സി.എം.എൽ. അരുവിത്തുറ മേഖല ഡയറക്ടർ റവ. ഫാ. ആന്റണി തോണക്കര, സി.എം.എൽ. അരുവിത്തുറ മേഖല പ്രസിഡന്റ് ഷാജു കുന്നക്കാട്ട് എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ജോബിൻ തട്ടാംപറമ്പിൽ, സി.എം.എൽ. അരുവിത്തുറ മേഖല വൈസ് ഡയറക്ടർ സി. നൈസി ഡി.എസ്.റ്റി., സെക്രട്ടറി ശ്രീ ബെനിസൺ മണ്ണാറാത്ത്, വൈസ് പ്രസിഡന്റ് ശ്രീമതി ദിവ്യ തട്ടാംപറമ്പിൽ, ജോയിന്റ് സെക്രട്ടറി കുമാരി മിന്നാ ഈറ്റത്തോട്ട്, ഓർഗനൈസർ ശ്രീ ജിജോമോൻ കല്ലമ്മാക്കൽ, റീജണൽ ഓർഗനൈസർമാരായ ശ്രീ ഫ്രാൻസിസ് ജോർജ്ജ് പറയൻകുഴിയിൽ, കുമാരി ആൻ മരിയ നരിതൂക്കിൽ എന്നിവർ നേതൃത്വം നൽകി. 160 വിശ്വാസപരിശീലകർ സമ്മേളനത്തിൽ പങ്കെടുത്തു.

**4. കുറവിലങ്ങാട് മേഖല – എയ്ഞ്ചൽസ് മീറ്റ്**

കുറവിലങ്ങാട് ഫൊറോനയിലെ ഇടവകളിൽ ഈ വർഷം ആഘോഷമായ വിശുദ്ധ കുർബാനസ്വീകരണം നടത്തിയ കുട്ടികളുടെ സമ്മേളനം മേയ് 29 നു കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽ നടന്നു.

**യാത്രാമംഗളങ്ങൾ, സ്വാഗതം**

കഴിഞ്ഞ വർഷങ്ങളിൽ മേഖലാ വൈസ് ഡയറക്ടറായി സേവനമനുഷ്ഠിച്ച ശേഷം സ്ഥലംമാറിപ്പോയ സി. അനു മരിയ സി.എം.സിക്കു യാത്രാമംഗളങ്ങൾ. മേഖല പുതിയ വൈസ് ഡയറക്ടറായി നിയമിതയായ സി. ബ്ലെസി ഡി.എസ്.റ്റി. യ്ക്കു സ്വാഗതം

**5. കടുത്തുരുത്തി മേഖല – എയ്ഞ്ചൽസ് മീറ്റ്**

മേഖലയിൽ ഈ വർഷം ആഘോഷമായ വിശുദ്ധ കുർബാനസ്വീകരണം നടത്തിയ  കുട്ടികളുടെ സമ്മേളനം ജൂൺ 26 ഞായറാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്ക് കടുത്തുരുത്തി ഫൊറോന ദൈവാലയത്തിൽ നടന്നു.

**ശാഖാസന്ദർശനങ്ങൾ**

മേഖല പ്രസിഡന്റ്, സെക്രട്ടറി, ഓർഗനൈസർ ഇവരുടെ നേതൃത്വത്തിൽ എല്ലാ ശാഖകളും സന്ദർശിക്കുകയും ഡയറക്ടർ, വൈസ് ഡയറക്ടർ എന്നിവരുമായി സംസാരിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**6. പൂഞ്ഞാർ മേഖല – എക്സിക്യൂട്ടീവ്**

മേഖലയുടെ ജൂൺ മാസത്തെ എക്സിക്യൂട്ടിവ് യോഗം ജൂൺ 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പൂഞ്ഞാർ സെന്റ് മേരിസ് ദൈവാലയത്തിൽ നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**1. സെൻട്രൽ കൗൺസിലും ആനിമേറ്റേഴ്സ് കോൺഫറൻസും**

ജൂൺ 11 ന് എറണാകുളം പി.ഒ.സി.യിൽ നടന്ന സി.സി. മീറ്റിംഗിലും ആനിമേറ്റേഴ്സ് കോൺഫറൻസിലും പാലാരൂപതയിൽനിന്ന് 5 എക്സിക്യൂട്ടീവംഗങ്ങൾ പങ്കെടുത്തു. ജനറൽ ഓർഗനൈസർ എബി ജോസ്, ഓർഗനൈസർ സോജൻ കെ. ജെ, വൈസ്പ്രസിഡന്റ് സി. മരീന, എക്സിക്യൂട്ടീവംഗങ്ങളായ അന്നമ്മ ജോസഫ്, സി. ജീന എന്നിവരാണ് പങ്കെടുത്തത്. ഈ വർഷത്തേക്കുള്ള പഠനപുസ്തകങ്ങളായ *അമ്മയായ ഭൂമി* (റവ. ഡോ. സ്റ്റാൻലി മാതിരപ്പള്ളി), ഉപപാഠപുസ്തകമായ *കർദ്ദിനാൾ ന്യൂമാൻ: നിത്യശാന്തിയുടെ പ്രവാചകൻ* (സിപ്പി പള്ളിപ്പുറം) എന്നിവയുടെ പ്രകാശനകർമ്മവും നടന്നു.

**2. സത്യപ്രതിജ്ഞ**

ജൂൺ 17 ന് എറണാകുളം പി.ഒ.സി.യിൽ നടന്ന സെൻട്രൽ കൗൺസിൽ മീറ്റിംഗിൽ വച്ച് പാലാ രൂപതയിൽനിന്നും സ്റ്റേറ്റ് സ്റ്റുഡന്റ്സ് ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കുമാരി അലിറ്റ മനോജ് (രാമപുരം എസ്.എച്ച്. ജി.എച്ച്.എസ്) സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേറ്റു.

**3. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജൂൺ 16 ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ ടീച്ചേഴ്സ് എക്സിക്യൂട്ടീവ് കൂടി. ഈ അധ്യയനവർഷം സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തു. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും സന്നിഹിതരായിരുന്നു.

**4. ആനിമേറ്റേഴ്സ് മീറ്റും പ്രവർത്തനോദ്ഘാടനവും**

ഈ വർഷത്തെ ആനിമേറ്റേഴ്സ് മീറ്റും കെ.സി.എസ്.എൽ. പ്രവർത്തനോദ്ഘാടനവും ജൂലൈ 5 ചൊവ്വാഴ്ച ളാലം പഴയ പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. Church Listens - Online Survey**

2023 ൽ റോമിൽ വച്ചു നടക്കുന്ന മെത്രാന്മാരുടെ സിനഡിന് മുന്നോടിയായി Church Listens എന്ന പേരിൽ നടത്തപ്പെടുന്ന സർവ്വേയിൽ ഭാഗമാകുവാൻ എസ്.എം.വൈ.എം. പാലാ രൂപതയ്ക്കു സാധിച്ചു. ഫാ. ജോബി സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ നടത്തുന്ന ഈ സർവ്വേയിൽ google meet പ്ലാറ്റ്ഫോം വഴി 21 തവണയായി പാലാ രൂപതയിലെ എല്ലാ ഫൊറോനകളിൽനിന്നുമായി

1000 യുവജനങ്ങളുടെ പ്രതികരണം ജൂൺ 1ന് ആരംഭിച്ച് 20 ന് മുൻപായി ശേഖരിച്ചു. എസ്.എം.വൈ.എം. പാലാ രൂപതാസമിതി നേതൃത്വം നൽകി.

**2. ഉപവാസസമരവും പ്രതിഷേധധർണയും**

കേന്ദ്ര-കേരള സർക്കാരുകളുടെ ജനവിരുദ്ധനയങ്ങൾക്കെതിരേ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ജൂൺ 4 ശനിയാഴ്ച തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ ഉപവാസസമരവും പ്രതിഷേധധർണയും നടത്തി.

അനിയന്ത്രിതമായ വിലക്കയറ്റം സാധാരണക്കാരുടെ ജീവിതത്തെ വരിഞ്ഞുമുറുക്കിയിരിക്കുമ്പോൾ നിശ്ശബ്ദമായി നിൽക്കുന്ന കേന്ദ്ര സർക്കാരിന്റെ നയത്തിനെതിരേ, രാജ്യത്തെ രൂക്ഷമായ തൊഴിലില്ലായ്മക്കെതിരേ, മദ്യവില്പന പ്രോത്സാഹിപ്പിക്കില്ല എന്ന ഭീകര കപടവാഗ്ദാനം നൽകിയ കേരള സർക്കാരിന്റെ പുതുക്കിയ മദ്യനയത്തിനെതിരേ, അതിരൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുകയും യുവാക്കളുടെ ജീവിതത്തിൽ കരിനിഴൽ വീഴുകയും ചെയ്യുന്ന സാഹചര്യത്തിലും പിൻവാതിൽ നിയമനങ്ങൾ ആവശ്യാനുസരണം നടത്തുന്ന നെറികെട്ട നയത്തിനെതിരേ. അനുദിനം കടക്കെണിയിലേക്കു വീണുകൊണ്ടിരിക്കുന്ന കർഷകരുടെ ആശങ്ക പരിഹരിക്കാനാവാത്ത സാഹചര്യത്തിനെതിരേ, സാധാരണക്കാരന്റെ ആശങ്കകൾ അകറ്റാത്ത കെ-റെയിൽ നീക്കത്തിനെതിരെ, വർഗ്ഗീയവാദികൾ മതേതരമണ്ണിൽ തഴച്ചുവളരുമ്പോഴും വോട്ടുബാങ്ക് മാത്രം ലക്ഷ്യമിട്ട് നിസംഗത നടിക്കുന്ന സർക്കാരിന്റെ നയത്തിനെതിരേയായിരുന്നു ഈ സമരം.

അവകാശങ്ങൾക്കുവേണ്ടി ധാർമിക യുവജനപ്രസ്ഥാനത്തിന്റെ പോരാളികളായ കെ.സി.വൈ.എം. ന്റെ ചെറുപ്പക്കാർ സംസ്ഥാനസമിതിയുടെയും 32 രൂപതകളുടെയും സഹകരണത്തോടെ ഭരണസിരാകേന്ദ്രമായ സെക്രട്ടറിയേറ്റ് പടിക്കൽ ഉപവാസസമരവും പ്രതിഷേധധർണയും സംഘടിപ്പിച്ചു. പാലാ രൂപത പൂർണപിന്തുണ അറിയിക്കുകയും ധർണയിൽ പങ്കെടുക്കുകയും ചെയ്തു.

**3. തൈ വിതരണം**

എസ്.എം.വൈ.എം. പാലാ രൂപതയുടെയും പി.എസ്.ഡബ്ലിയു.എസിന്റെയും സംയുക്താഭിമുഖ്യത്തിൽ പാലാ രൂപതയിലെ വിവിധ ഇടവകകളിലേക്ക് പരിസ്ഥിതിദിനത്തോടനുബന്ധിച്ച് പ്ലാവിൻ തൈവിതരണം നടത്തി. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് തൈവിതരണം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.

**4. നൈജീരിയായിലെ ഭീകരാക്രമണത്തെ അപലപിച്ച് കെ.സി.വൈ.എം**

ലോകമെങ്ങും പടർന്നുപിടിക്കുന്ന ഭീകരവാദത്തിലും ക്രൈസ്തവവിരുദ്ധ കൂട്ടക്കുരുതികളിലും അപലപിച്ചും, പന്തക്കുസ്താത്തിരുനാളിൽ നൈജീരിയയിലെ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട മനുഷ്യരുടെ വിയോഗത്തിൽ അനുശോചിച്ചും കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആതിഥേയത്വത്തിൽ പാലാ നഗരത്തിൽ സമാധാനസന്ദേശറാലിയും സമാധാനസദസ്സും നടത്തപ്പെട്ടു. സമാധാനസദസ്സിൽ കടുത്തുരുത്തി എം.എൽ.എ. ശ്രീ മോൻസ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാടിയിലിന്റെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ സംസ്ഥാന ഡയറക്ടർ റവ.ഫാ. സ്റ്റീഫൻ ചാലക്കര റാലി ഫ്ളാഗ് ഓഫ് ചെയ്തു. സമാധാനസദസ്സിന്റെ ഉദ്ഘാടനം പാലാ രൂപത വികാരി ജനറൽ വെരി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവ്വഹിച്ചു. നൂറുകണക്കിനു യുവജനങ്ങളുടെ സാന്നിധ്യത്തിൽ കൊട്ടാരമറ്റം ബസ്സ്റ്റാൻഡിൽ നിന്ന് ആരംഭിച്ച സമാധാനറാലി മുദ്രാവാക്യംവിളികളോടെയും പ്രാർത്ഥനാ മഞ്ജരികളോടെയുമാണ് പുരോഗമിച്ചത്. സമാധാനസദസ്സിൽ കത്തിച്ചു പിടിച്ച തിരികൾക്കു മധ്യേ യുവജനങ്ങൾ സമാധാനപ്രാർത്ഥന ചൊല്ലി ലോകസമാ ധാനത്തിന് സമർപ്പിച്ചു. ലോകമെങ്ങും ഇന്ത്യയിലും ക്രൈസ്തവവിരുദ്ധ ഭീകരാക്രമണങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയെ അമർച്ച ചെയ്യാൻ ലോകരാജ്യങ്ങൾ ഒറ്റക്കെട്ടായി രംഗത്തു വരണമെന്നു ചടങ്ങിൽ സംസാരിച്ചവർ അഭിപ്രായപ്പെട്ടു. പാലാ രൂപത ഡയറക്ടർ, സംസ്ഥാന ട്രഷറർ, രൂപത പ്രസിഡന്റ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### 5. Evening with Youth - 3@ മൂലമറ്റം

എസ്.എം.വൈ.എം. പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ മൂലമറ്റം ഫൊറോനയിൽ സന്ദർശനം നടത്തി. പരിപാടിയിൽ ഫൊറോന അംഗങ്ങളുമായി നിലവിലെ പ്രോഗ്രാമുകളെക്കുറിച്ച് ചർച്ച ചെയ്യുക, ഇനിയുള്ള പ്രോഗ്രാമുകളെ ക്കുറിച്ച് യുവജനങ്ങളുടെ അഭിപ്രായങ്ങൾ അറിയുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടത്തിയ പ്രോഗ്രാമിൽ യുവജനങ്ങൾ സജീവമായി പങ്കെടുത്തു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പേണ്ടാനം, രൂപത പ്രസിഡന്റ്, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടിക്കു നേതൃത്വം കൊടുത്തു.

### 6. പരിസ്ഥിതിദിനാചരണം

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതിദിനാ ചരണം പാലാ കത്തീഡ്രലിൽ നടത്തി. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് ജോസഫ് എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.

### 7. കരിയർ ഗൈഡൻസ്

എസ്.എം.വൈ.എം. പാലാ രൂപതയുടെയും ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളജിന്റെയും സംയുക്താഭിമുഖ്യത്തിൽ കോതനല്ലൂർ, കുറവിലങ്ങാട് ഫൊറോനകളിലെ കുട്ടികൾക്കായി കരിയർ ഗൈഡൻസ് സെമിനാർ നടത്തപ്പെട്ടു. ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിലെ അധ്യാപകർ ക്ലാസ് നയിച്ചു.

**8. പ്രതിഷേധം**

ബിഷപ്പിനെ വർഗീയവാദിയാക്കാൻ ശ്രമിച്ചുകൊണ്ടുള്ള തൃത്താല മുൻ എം.എൽ.എ. വി.ടി. ബൽറാമിന്റെ ഫേസ്ബുക്ക് പോസ്റ്റിലെ പരാമർശങ്ങൾ ക്രൈസ്തവർക്ക് വേദന ഉളവാക്കുന്നതാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് എസ്.എം.വൈ.എം പാലാ രൂപത പ്രസ്തുത പരാമർശത്തിൽ പ്രതിഷേധിച്ചു പോസ്റ്റർ തയ്യാറാക്കി.

**9. മാർ ജേക്കബ് മുരിക്കൻ പിതാവിന് പിറന്നാൾ ആശംസകൾ**

പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവിന് എസ്.എം.വൈ.എം. പാലാ രൂപത സമിതി പിറന്നാളാശംസകൾ നേർന്നു.

**10. എക്സിക്യൂട്ടീവ് മീറ്റിംഗ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ജൂൺ മാസത്തെ എക്സിക്യൂട്ടീവ് മീറ്റിംഗ് എസ്.എം.വൈ.എം. ഓഫീസിൽ നടത്തി.

**11. എസ്.എം.വൈ.എം. സംസ്ഥാനസമിതി സത്യപ്രതിജ്ഞ**

എസ്.എം.വൈ.എം. സംസ്ഥാനസമിതി ഭാരവാഹികളുടെ സത്യപ്രതിജ്ഞ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് ജൂൺ 18-ാം തീയതി നടത്തി. പാലാ രൂപതയിൽനിന്ന് അഡ്വക്കേറ്റ് സാം സണ്ണി, ഗ്രീഷ്മ ജോയൽ എന്നിവർ പങ്കെടുത്തു.

**12. പ്രീ സിനഡൽ സമ്മേളനം**

പാലാ രൂപതയിലെ പ്രീ സിനഡൽ മീറ്റിംഗിൽ എസ്.എം.വൈ.എം. പാലാ രൂപതാ സമിതിയെ പ്രതിനിധീകരിച്ച് രൂപതാഭാരവാഹികൾ പങ്കെടുത്തു. യുവജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മീറ്റിംഗിൽ അവതരിപ്പിച്ചു.

**13. പ്രതിഷേധം**

ആർ.എസ്.എസ്. സംഘപരിവാർ ഔദ്യോഗിക പ്രസിദ്ധീകരണമായ കേസരിയിൽ മുരളി പാറപ്പുറം എഴുതിയ ലേഖനം കത്തോലിക്കരെ അവഹേളിച്ചതിന് തുല്യം എന്നു ചൂണ്ടിക്കാട്ടി എസ്.എം.വൈ.എം പാലാ രൂപതാസമിതി പ്രതിഷേധം അറിയിച്ചുകൊണ്ട് പോസ്റ്റർ തയ്യാറാക്കി.

**14. പ്രതിഷേധജ്വാല**

നൈജീരിയായിലെ ക്രൈസ്തവവിശ്വാസികൾക്കു നേരേയുള്ള ഇസ്ലാമിക ഭീകരതക്കെതിരേ കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതി നടത്തിയ പ്രതിഷേധജ്വാല സമ്മേളനത്തിൽ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് ജോസഫ് കിണറ്റുകര എന്നിവർ പങ്കെടുത്തു.

**15. കാർലോസ് കാരവൻ 2022**

കെ.സി.വൈ.എം. സംസ്ഥാന സമിതി 'ക്രൈസ്തവ യുവത്വം: ഐക്യത്തിന്റെ പ്രേഷിതർ' എന്ന വിഷയത്തിലൂന്നി കേരള പൊതുസമൂഹത്തിൽ ആയിരിക്കുമ്പോൾ ആത്മീയബലമുള്ള കൂടുതൽ കരുത്തരായ യുവജനങ്ങളെ വാർത്തെടുക്കുവാൻ സാമൂഹികമാധ്യമങ്ങളുടെ സഹായത്തോടെ ആവിഷ്കരിക്കുന്ന ആത്മീയയാത്രയാണ് കാർലോസ് കാരവൻ.

ഓരോ രൂപതയും വിശുദ്ധ കുർബാന, ജപമാല, ദിവ്യകാരുണ്യ ആരാധന, പ്രഭാതചിന്ത, എന്നിവ ഉൾപ്പെടുത്തി സംസ്ഥാന സമിതിക്ക് അയച്ചുകൊടുക്കുന്നു. പാലാ രൂപതയ്ക്കു നിശ്ചയിക്കപ്പെട്ട ദിവസമായ ജൂൺ 18 തീയതി വിശുദ്ധനെക്കുറിച്ചുള്ള സന്ദേശമടങ്ങിയ വീഡിയോ അയച്ചുനൽകി. പാലാ രൂപതയുടെ കീഴിലുള്ള പ്രവിത്താനം ഫൊറോനാ നേതൃത്വം നൽകി.

**16. അർദ്ധവാർഷിക സെനറ്റ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെ അർദ്ധവാർഷിക സെനറ്റ് കുറവിലങ്ങാട് ഫൊറോനയുടെയും യൂണിറ്റിന്റെയും ആതിഥേയത്വത്തിൽ മുത്തിയമ്മയുടെ സവിധത്തിൽ വച്ച് നടത്തപ്പെട്ടു. എസ്.എം.വൈ.എം. പാലാ രൂപതയുടെ പ്രസിഡന്റ് ശ്രീ ജോസഫ് കിണറ്റുകര അധ്യക്ഷത വഹിച്ച സമ്മേളനം, വ്യക്തിതാത്പര്യത്തെക്കാളുപരി സഭയുടെ പൊതുകാര്യങ്ങളിൽ യുവജനങ്ങളുടെ ശ്രദ്ധയുണ്ടാവണം എന്ന സന്ദേശം നൽകി പാലാ രൂപതയുടെ വികാരി ജനറാളും മാർ സ്ലീവാ മെഡിസിറ്റി എം.ഡിയുമായ മോൺ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ കുറവിലങ്ങാട് യൂണിറ്റിൽ നിന്നും രൂപതാഭാരവാഹികളായിരുന്ന അംഗങ്ങളെ ആദരിച്ചു. എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ഫൊറോന ഡയറക്ടർ ഫാ. ജോസ് കുഴിഞ്ഞാലിൽ, എ.കെ.സി.സി പാലാ രൂപത പ്രസിഡന്റ് ശ്രീ എമ്മാനുവേൽ നിധീരി, എസ്.എം. വൈ. എം. സംസ്ഥാന സമിതി വൈസ് പ്രസിഡന്റ് അമല റെയ്ച്ചൽ, രൂപത വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ഫൊറോന പ്രസിഡന്റ്, യൂണിറ്റ് പ്രസിഡന്റ് എന്നിവർ സംസാരിച്ചു. പാലാ രൂപതയിലെ 17 ഫൊറോനയുടെയും രൂപതയുടെയും ജനറൽ സെക്രട്ടറിമാർ അവരുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. രൂപതാഭാരവാഹികൾ പരിപാടിക്കു നേതൃത്വം നൽകി.

**17. തൈവിതരണം**

എസ്.എം.വൈ.എം. പാലാ രൂപതയുടെയും പി.എസ്.ഡബ്ലിയു.എസി ന്റെയും സംയുക്താഭിമുഖ്യത്തിൽ പാലാ രൂപതയിലെ വിവിധ ഇടവകയിലേക്ക് പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വിയറ്റ്നാം സൂപ്പർ ഏർലി തൈകൾ വിതരണം ചെയ്തു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവും സംയുക്തമായി തൈ വിതരണം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാദർ മാണി കൊഴുപ്പൻകുറ്റി, രൂപത പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി.

**18. ബ്ലഡ് ഡൊണേഷൻ**

ആവശ്യക്കാർ വിളിക്കുന്നതനുസരിച്ച് എസ്.എം.വൈ.എം. യുവാക്കൾ രക്തദാനം നടത്തിവരുന്നു. ബ്ലഡ് ഡൊണേഷൻ ആവശ്യമുള്ളവർക്ക് കോഡിനേറ്റർ ആയ ടോണി കവിയിൽ 9744998062 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. പന്തക്കുസ്താദിനാചരണം**

പന്തക്കുസ്താദിനമായ ജൂൺ 5 ന് പാലാ ളാലം പുത്തൻപള്ളിയിൽവച്ച് 2022 വർഷത്തെ ജീസസ് യൂത്ത് സമർപ്പണം/പുനസമർപ്പണം നടത്തപ്പെട്ടു.പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ അനുഗ്രഹപ്രഭാഷണം നടത്തി. പാലാ രൂപത ജീസസ് യൂത്ത് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സോണൽ കോർഡിനേറ്റർ അമല ട്രീസ ജെയിംസ്, അസിസ്റ്റന്റ് കോർഡിനേറ്റർ ജോമോൻ ജോൺ, ഫാമിലി കോർഡിനേറ്റർ മാത്യു എം. കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**2. Aviv - ടീൻസ് പ്രോഗ്രാം**

Aviv - Blooming Roses 2022 ന്റെ ഫോളോ അപ് ജൂൺ 18 തീയതി സെന്റ് തോമസ് ബി.എഡ്. കോളേജിൽ നടത്തി. 50 പേർ അവൈവിൽ പങ്കെടുത്തു. ഫാ. വിൻസന്റ് മൂങ്ങാമാക്കൽ, അമല ട്രീസ ജെയിംസ്, സുബിൻ ലൂക്കോസ്, ബെല്ല സണ്ണി, ആൻ സനിക മനോജ്, അഖിൽ സെബാസ്റ്റ്യൻ തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

**3. സോണൽ റിട്രീറ്റ്**

ജൂൺ 10 വെള്ളിയാഴ്ച രാവിലെ 6 മുതൽ ജൂൺ 12 ഞായറാഴ്ച ഉച്ചയ്ക്ക് 3.30 വരെ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ ജീസസ് യൂത്ത് ലീഡേഴ്സിനുവേണ്ടി സോണൽ റിട്രീറ്റ് നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. തോമസ് മണ്ണൂർ, സി. ലിസ് മരിയ സി.എം.സി., അമല ട്രീസ ജെയിംസ്, ജോഗേഷ് ജോബി എന്നിവർ നേതൃത്വം നല്കിയ പ്രോഗ്രാമിൽ സജി പന്നിയാർകുട്ടി, ജോബി തൃശൂർ എന്നിവർ ധ്യാനം നയിച്ചു.

**4. ടീൻസ് – ടീം മീറ്റിംഗ്**

ടീൻസ് ടീം മീറ്റിംഗ് ജൂൺ 4, 5 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തി.

**5. തേർഡ് സാറ്റർഡേ ഗാതറിംഗ്**

പാലാ സോൺ ജീസസ് യൂത്ത് ഒന്നിച്ചുകൂടി മൂന്നാം ശനിയാഴ്ചകളിൽ നടത്തിയിരുന്ന ഫെല്ലോഷിപ്പ് കൂട്ടായ്മ ഭരണങ്ങാനം മാതൃഭവനിൽ പുനരാരംഭിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. ലിസ് മരിയ സി.എം.സി,

അമല ട്രീസ ജെയിംസ്, ജസ്റ്റിൻ വി. ജോസഫ്, സിജോ ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

### 6. Parish Training Programme (PTP)

പാലാ ജീസസ് യൂത്ത് പാരീഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ Parish Training Programme (PTP) തകിടി ഇടവകയിൽ നടത്തി. ഫാ. വിൻസന്റ് മൂങ്ങാമാക്കൽ, സി. ലിസ് മരിയ, അമല ട്രീസ ജെയിംസ്, ജിബിൻ ജോസഫ്, ആൽബിൻ ജിജോ എന്നിവരും മറ്റു പാരിഷ് ടീം അംഗങ്ങളും നേതൃത്വം നൽകി.

### 7. ക്യാമ്പസ് ടീം മീറ്റിംഗ്

ജൂൺ 4-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽവച്ച് ക്യാമ്പസ് ടീം മീറ്റിംഗ് നടത്തി.

### 8. മാരാരിക്കുളം ഔട്ട് റീച്ച്

കേരള പാരീഷ് കോൺഫറൻസിന്റെ മുന്നോടിയായി നടത്തിയ മാരാരിക്കുളം ഔട്ട് റീച്ച് പ്രോഗ്രാമിൽ പാലായിൽനിന്ന് 15 ജീസസ് യൂത്ത് അംഗങ്ങൾ സോണൽ കോർഡിനേറ്റർ അമല ട്രീസ ജെയിംസിന്റെയും ആനിമേറ്റർ സി. ലിസ്മരിയയുടെയും നേതൃത്വത്തിൽ പങ്കെടുത്തു.

### 9. ബെയ്സ് ടീം മീറ്റിംഗ്

ജൂൺ 26-ാം തീയതി ഞായറാഴ്ച അതിരമ്പുഴ കാരിസ്ഭവനിൽ വച്ചുനടന്ന ജീസസ് യൂത്ത് ഫോർമേഷന്റെ കോട്ടയം ബെയ്സ് ടീം മീറ്റിംഗിൽ കാഞ്ഞിരപ്പള്ളി, പാലാ, ചങ്ങനാശേരി, കോട്ടയം സോണുകളിലെ പ്രതിനിധികൾ പങ്കെടുത്തു. പാലായിൽനിന്ന് കൗൺസിൽ അംഗങ്ങളും ഫോർമേഷൻ ടീം അംഗങ്ങളും സ്റ്റഡി ഗ്രൂപ്പ് അംഗങ്ങളും പങ്കെടുത്തു.

### 10. കൗൺസിൽ മീറ്റിംഗ്

ജൂൺ മാസത്തെ കൗൺസിൽ ടീം മീറ്റിംഗ് 24, 25 തീയതികളിലായി ചിറ്റാർ ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അമല ട്രീസ ജെയിംസ്, സി. ലിസ്മരിയ തുടങ്ങിയവർ മീറ്റിംഗിന് നേതൃത്വം നൽകി.

### 11. തീയേറ്റർ ടീം മീറ്റിംഗ്

തീയേറ്റർ ടീം മീറ്റിംഗ് ജൂൺ 24,25 തീയതികളിലായി ചിറ്റാർ ഇടവകയിൽ വച്ച് നടത്തപ്പെട്ടു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അമല ട്രീസ ജെയിംസ്, സി. ലിസ്മരിയ തുടങ്ങിയവർ മീറ്റിംഗിന് നേതൃത്വം നൽകി.

### 12. പാരീഷ് ഏകദിനധ്യാനം

പാരീഷ് ഏകദിനധ്യാനം മല്ലികശേരി ഇടവകയിൽ നടന്നു. ഫാ. ജോസഫ് പരവുമ്മേൽ, സി. കൊച്ചുത്രേസ്യ CMC, ജിബിൻ പൂവരണി എന്നിവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1. കുടുംബക്കൂട്ടായ്മ റിപ്പോർട്ട്**

കാക്കൂർ ഇടവകയുടെ ഇടവകദിനസമ്മേളനത്തിൽ രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സംബന്ധിച്ചു സന്ദേശം നൽകി.

**2. കുടുംബ കൂട്ടായ്മ ഭാരവാഹികൾക്കുള്ള ക്ലാസുകൾ**

5/06/2022 വാക്കാട് ഇടവകയിൽ കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കായി നേതൃത്വപരിശീലന ക്ലാസ് നടത്തി. വികാരി റവ.ഫാ. ജോസഫ് മേയിക്കൽ നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ ക്ലാസ്സുകൾ നയിച്ചു.

5/06/2022 കാക്കൂർ ഇടവകയിൽ കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കായി നേതൃത്വപരിശീലനക്ലാസ് നടത്തി. വികാരി റവ. ഫാ. തോമസ് മഠത്തിപ്പറമ്പിൽ നേതൃത്വം നൽകി. ഇലഞ്ഞി ഫൊറോന പ്രസിഡന്റ് ശ്രീ ഷൈജു വെള്ളപ്ലാക്കൽ ക്ലാസുകൾ എടുത്തു.

12/06/2022 ഇളംതോട്ടം ഇടവകയിൽ കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കായി പരിശീലന ക്ലാസ് നടത്തി. വികാരി റവ.ഫാ. മൈക്കിൾ കിഴക്കേപറമ്പിൽ പരിപാടികൾക്ക് നേതൃത്വം നൽകി. രൂപത സെക്രട്ടറി ശ്രീ ജോണി വേലംകുന്നേൽ ക്ലാസ്സുകൾ നയിച്ചു.

19/06/2022 മൂന്നിലവ് ഇടവകയിൽ കുടുംബകൂട്ടായ്മ ഭാരവാഹികളായി നേതൃത്വപരിശീലനക്ലാസ് സംഘടിപ്പിച്ചു. വികാരി റവ. ഫാ. മാത്യു കാവനാടിമലയിൽ പരിപാടികൾക്കു നേതൃത്വം നൽകി. രൂപതാ സെക്രട്ടറി ശ്രീ ജോണി വേലംകുന്നേൽ ക്ലാസ്സുകൾ നയിച്ചു.

**3. ജെ.ബി. കോശി കമ്മീഷൻ സമ്മേളനം**

സംസ്ഥാനത്തെ ക്രൈസ്തവന്യൂനപക്ഷവിഭാഗങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തികപിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കുവാൻ സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 6/06/2022 ന് പാലാ ബിഷപ്സ് ഹൗസിലും 9/06/2022 ന് കാക്കനാട്ട് മൗണ്ട് സെന്റ് തോമസിലും നടന്ന യോഗങ്ങളിൽ രൂപതാ ഡയക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ പങ്കെടുത്തു.

**4. രൂപതാനേതൃയോഗം**

12/06/2022 ഞായറാഴ്ച 3.30 ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ കുടുംബക്കൂട്ടായ്മ രൂപതാസമിതിയുടെയും റിസോഴ്സ് ടീമിന്റെയും സംയുക്തയോഗം നടത്തി. രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ യോഗത്തിന് അധ്യക്ഷം വഹിച്ചു.

കുടുംബക്കൂട്ടായ്മയുടെ രജത ജൂബിലി ആഘോഷങ്ങൾ രൂപതാതലത്തിൽ നടത്തുന്നതിനെപ്പറ്റി യോഗം ചർച്ച ചെയ്തു. ജൂബിലി ആഘോഷങ്ങൾക്ക്

മുന്നോടിയായി എല്ലാ ഇടവകകളിലും നേതൃത്വപരിശീലനപരിപാടികൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ നടത്തുവാൻ യോഗം തീരുമാനിച്ചു.

2023 ഒക്ടോബർ മാസം റോമിൽ നടക്കുന്ന പതിനാറാമത് ബിഷപ്സ് സിനഡിനെക്കുറിച്ചുള്ള പഠനരേഖ ബഹു. ഡയറക്ടറച്ചൻ യോഗത്തിൽ വിശദീകരിച്ചു. തുടർന്ന് പഠനരേഖ സംബന്ധിച്ചുള്ള വിശദമായ ചർച്ചകൾ നടത്തി. എല്ലാ അംഗങ്ങളെയും ശ്രവിക്കുകയും അവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി റിപ്പോർട്ടു തയ്യാറാക്കുകയും ചെയ്തു.

**5. പ്രീ സിനഡൽ സമ്മേളനം**

20/06/2022 ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എൻജിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന രൂപതാതല പ്രീ സിനഡൽ യോഗത്തിൽ രൂപതാ ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ പങ്കെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ജൂൺ 6–8, 20–22** തീയതികളിലായി നടന്ന വിവാഹ ഒരുക്ക സെമിനാറിൽ 180 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ജൂലൈ 4–6, ആഗസ്റ്റ് 1–3, 15–17, 31–സെപ്റ്റംബർ 2** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂൺ മാസത്തിലെ പേരന്റ്സ് മീറ്റിംഗുകളിൽ റവ. ഫാ. തോമസ് മണ്ണൂർ, റവ. ഡോ. ജോസഫ് കടുപ്പിൽ എന്നിവർ ക്ലാസ്സെടുത്തു. മീറ്റിംഗിൽ 315 മാതാപിതാക്കന്മാർ സംബന്ധിച്ചു.

## B. സന്തുഷ്ടകുടുംബപദ്ധതി

2000–ാമാണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 52 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം (ജൂൺ മാസത്തിലേത്) 5–ാം തീയതി Bank Transfer വഴി നല്കി.

## C. പിതൃവേദി

**1. രൂപത എക്സിക്യൂട്ടീവ്**

ജൂൺ 4–ാം തീയതി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2 വരെ പറത്താനം സീവ്യൂ എസ്റ്റേറ്റിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃ

ത്വത്തിൽ രൂപതാസമിതി കൂടുകയും പുതിയ കർമ്മപദ്ധതികളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

**2. പുതിയ യൂണിറ്റ്**

ഏന്തയാർ, പൂവത്തോട് ഇടവകകളിൽ പിതൃവേദിയുടെ പുതിയ യൂണിറ്റുകൾ ആരംഭിച്ചു.

**3. മത്സരങ്ങൾ**

ജൂൺ 25-ാം തീയതി പിതൃവേദി അംഗങ്ങൾക്കായി രൂപതാതലത്തിൽ പ്രസംഗം, ഗാനമത്സരങ്ങൾ പാലാ സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റിൽ മത്സരിച്ച് ഒന്നാം സ്ഥാനം നേടിയവർ ഫൊറോനയിൽ മത്സരിക്കുകയും അവിടെ ഒന്നാം സ്ഥാനം നേടിയവർ രൂപതാതലത്തിൽ മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു.

**4. പിതൃദിനാഘോഷം**

ജൂൺ 19-ാം തീയതി അരുണാപുരം ഇടവകയിൽ പിതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ പിതൃദിനാഘോഷം നടത്തി. രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലും രൂപതാസമിതി അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

**D. മാതൃവേദി**

**1. പുതിയ യൂണിറ്റ്**

ഏന്തയാർ, പൂവത്തോട് ഇടവകകളിൽ മാതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു.

**2. രൂപത എക്സിക്യൂട്ടീവ്**

ജൂൺ 4-ാം തീയതി രാവിലെ 10 മുതൽ 2 വരെ പറത്താനം സിവ്യൂ എസ്റ്റേറ്റിൽ വച്ചും ജൂൺ 24-ാം തീയതി ഭരണങ്ങാനത്തു വച്ചും ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതാസമിതി കൂടുകയും പുതിയ കർമ്മപദ്ധതികളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

**3. സെമിനാർ**

മേയ് 29-ാം തീയതി വെള്ളിയാമറ്റം യൂണിറ്റിൽ സെമിനാർ നടത്തി. രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ സെമിനാറിൽ സംബന്ധിച്ചു.

ജൂൺ 11-ാം തീയതി ഭരണങ്ങാനം യൂണിറ്റിൽ മാതൃവേദിയുടെ നേതൃത്വത്തിൽ കുടുംബദിനാഘോഷം, പൊതുസമ്മേളനം, സൗജന്യ മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തി. യൂണിറ്റ് ഡയറക്ടർ വെരി റവ. ഫാ. അഗസ്റ്റിൻ തെരുവത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ ഉദ്ഘാടനം ചെയ്തു. പ്രൊഫ. റ്റി. സി തങ്കച്ചൻ ക്ലാസ്സ് നയിച്ചു.

**4. യൂണിറ്റ് സന്ദർശനം**

ജൂൺ 19-ാം തീയതി മാതൃവേദി അരുണാപുരം യൂണിറ്റ് രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ സന്ദർശിച്ചു.

**5. അൽഫോൻസാ തീർത്ഥാടനം**

വിശുദ്ധ അൽഫോൻസായുടെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 15-ാം തീയതി വെള്ളിയാഴ്ച രൂപതാമാതൃവേദിയുടെ ആഭിമുഖ്യത്തിൽ അൽഫോൻസാ തീർത്ഥാടനം നടത്തുന്നതാണ്.

**E. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിത പങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിംഗ്**

സീറോ മലബാർ മാട്രിമണിയുടെ വിവിധ രൂപതകളിലെ മാട്രിമണി ഡയറക്ടർമാരുടെ മീറ്റിംഗ് ജൂൺ 15-ാം തീയതി നടത്തി. സൈറ്റിന്റെ നവീകരണത്തെക്കുറിച്ച് ചർച്ചകൾ നടത്തി.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ ആരംഭിച്ചു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – 9496571321.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**1. നേതൃസമ്മേളനം**

രൂപത നേതൃസമ്മേളനം പാലാ ഓഫീസിൽ നടന്നു. വൈസ് പ്രസിഡന്റ് സി.എം. ജോർജ് അധ്യക്ഷത വഹിച്ചു. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ, എം.എം. ജേക്കബ്, ജോൺസൺ ചെറുവള്ളി എന്നിവർ പ്രസംഗിച്ചു.

**2. തീരുമാനങ്ങൾ**

ജൂലൈ 3 ന് സീറോ മലബാർ സഭാദിനാചരണം അരുവിത്തുറ ഫൊറോന പള്ളിയിൽ വച്ചു നടത്തുന്നതിനു തീരുമാനിച്ചു. അതിനോടനുബന്ധിച്ച് ഗ്ലോബൽ സമിതിയുടെ സന്ദർശനം ഉണ്ടാകും. യൂത്ത് കൗൺസിലിന്റെ ഉദ്ഘാടനം നടത്തുക. അതിന്റെ പ്രചാരണത്തിനായി ഉടൻതന്നെ എല്ലാ ഫൊറോന മീറ്റിംഗുകൾ സംഘടിപ്പിക്കുക. കഴിയുന്നത്ര യൂണിറ്റ് സിറ്റിംഗുകളും സംഘടിപ്പിക്കുക.

**3. ഫൊറോന മീറ്റിംഗുകൾ**

പാലാ കത്തീഡ്രൽ ഫൊറോന കമ്മറ്റി പ്രസിഡന്റ് ജോസ് അമ്പാട്ടിന്റെ അധ്യക്ഷതയിൽ ചേർന്നു. ഡയറക്ടർ വെരി റവ.ഫാ. സെബസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. രൂപത വൈസ് പ്രസിഡന്റ് ജോയി കെ. മാത്യു മുഖ്യ പ്രഭാഷണം നടത്തി. സെക്രട്ടറി രാജേഷ് പാറയിൽ തുടങ്ങിയവർ സംസാരിച്ചു.

പ്രവിത്താനം പ്രസിഡന്റ് ജോയി കളപ്പുരയ്ക്കൽ അധ്യക്ഷത വഹിച്ച യോഗം ഡയറക്ടർ വെരി റവ.ഫാ. ജോർജ് വഞ്ചിപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. രൂപത സെക്രട്ടറി പയസ് വെള്ളമാക്കൽ, ജോയി ചന്ദ്രൻകുന്നേൽ എന്നിവർ സംസാരിച്ചു.

പൂഞ്ഞാർ ഫൊറോന പ്രസിഡന്റ് ജോർജ് തൊടുവനാൽ അധ്യക്ഷത വഹിച്ച യോഗം പെരിങ്ങുളം പള്ളി വികാരി റവ. ഫാ. മാത്യു പാറത്തൊട്ടി ഉദ്ഘാടനം ചെയ്തു. രൂപത സെക്രട്ടറി ജോൺസൺ ചെറുവള്ളി, ജോഷി പള്ളിപ്പറമ്പിൽ എന്നിവർ സംസാരിച്ചു.

ഭരണങ്ങാനം ഫൊറോന പ്രസിഡന്റ് സെബാസ്റ്റ്യൻ കുന്നപ്പള്ളിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം പൈക പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ പുത്തൂർ ഉദ്ഘാടനം ചെയ്തു. രൂപത ട്രഷറർ അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ജാൻസ് വരകുകളത്തിൽ, അരുൺ പോൾ എന്നിവർ സംസാരിച്ചു.

രാമപുരം ഫൊറോന പ്രസിഡന്റ് ജോബിൻ പുതിയടത്തുചാലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ വെരി റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, അജോ തോമസ്, സണ്ണി വിറ്റഞ്ഞാനി, സാജു അലക്സ് തുടങ്ങിയവർ സംസാരിച്ചു.

തീക്കോയി ഫൊറോന പ്രസിഡന്റ് സാന്റോ പുല്ലാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഡയറക്ടർ വെരി റവ.ഫാ. തോമസ് മേനാച്ചേരി ഉദ്ഘാടനം

ചെയ്തു. രൂപത സെക്രട്ടറി പയസ് വെള്ളമാക്കൽ, റോബി ഡൊമിനിക് തുടങ്ങിയവർ സംസാരിച്ചു.

കടനാട് ഫൊറോന പ്രസിഡന്റ് ബിനു ജോസഫ് വള്ളംപുരയൽ അധ്യക്ഷത വഹിച്ച് വെരി റവ.ഫാ. അഗസ്റ്റ്യൻ അരഞ്ഞാണിപുത്തൻപുരയിൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് എമ്മാനുവേൽ നിധീരി, ജേക്കബ് അൽഫോൻസാദാസ്, ജോസ് ജോസഫ് മലയിൽ എന്നിവർ സംസാരിച്ചു.

ഇലഞ്ഞി ഫൊറോന കമ്മിറ്റി പ്രസിഡന്റ് ജയിംസ് കുറ്റിക്കോട്ടയിലിന്റെ അധ്യക്ഷതയിൽ കൂടി. ഡയറക്ടർ വെരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്ത് രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, ജോസഫ് നരിതൂക്കിൽ, സോളി വടശ്ശേരിൽ, ഫാ. പോൾ കുന്നുംപുറം എന്നിവർ സസാരിച്ചു.

കുറവിലങ്ങാട് ഫൊറോന പ്രസിഡന്റ് നിധീഷ് നിധിരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം ഡയറക്ടർ റവ. ഫാ. ജോസഫ് ആലാനിക്കൽ ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം, സെബാസ്റ്റ്യൻ മുതുകാട്ടിൽ, ആൻസമ്മ സാബു, വിൽസൺ തുടങ്ങിയവർ സംസാരിച്ചു.

മുട്ടുചിറ ഫൊറോന പ്രസിഡന്റ് തോമസ് അരുക്കുഴിപ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഡയറക്ടർ വെരി റവ.ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനം ചെയ്തു. ജോസ് വട്ടുകുളം, ആൻസമ്മ സാബു, എ.എം. മാത്യു, തോമസ് പനക്കുന്ന് തുടങ്ങിയവർ സംസാരിച്ചു.

അരുവിത്തുറ ഫൊറോന പ്രസിഡന്റ് ജയ്സൺ കൊട്ടുകാപ്പള്ളിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം വെരി റവ.ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. എമ്മാനുൽ നിധീരി, ജോസ് വട്ടുകുളം, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ജോൺസൺ ചെറുവള്ളി എന്നിവർ സംസാരിച്ചു.

**4. ആദരാഞ്ജലികൾ**

മരങ്ങാട്ടുപിള്ളി യൂണിറ്റ് പ്രസിഡന്റും കുറവിലങ്ങാട് ഫൊറോന ട്രഷററും രൂപത കമ്മിറ്റി അംഗവുമായിരുന്ന മെജോ നിക്കോളസിന്റെ അകാലനിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. വൈസ് പ്രസിഡന്റ് സി.എം. ജോർജിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജോസ് വട്ടുകുളം അനുസ്മരണം നടത്തി.

**5. പ്രതിഷേധജ്വാല**

നൈജീരിയായിൽ വിശുദ്ധ കുർബാനമദ്ധ്യേ വിശ്വാസികളെ മർദിച്ചതിനെതിരേ പാലാ രൂപത കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധജ്വാല ധർണ നടത്തി. 21 ന് വൈകുന്നേരം 5.30 ന് പാലാ കുരിശുപള്ളിക്കവലയിൽ ഇമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. കെ.കെ. ജോസ് ഉദ്ഘാടനം ചെയ്തു. റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, സാജു അലക്സ് തുടങ്ങിയവർ സംസാരിച്ചു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. ഹൈ ഡെൻസിറ്റി കാർഷികസെമിനാർ**

ഭൂമിയുടെ ഫലപ്രദമായ വിനിയോഗവും 40% അധിക വരുമാനവും ഉറപ്പുവരുത്തുന്ന ഹൈ ഡെൻസിറ്റി കൃഷിക്ക് പ്രാധാന്യമേറുന്നതായി പ്രമുഖ ലാന്റ് സ്കേപ്പിങ് വിദഗ്ധനും സംസ്ഥാന കർഷക അവാർഡു ജേതാവുമായി ഒ.എ. ജോസഫ് ചാലക്കുടി അഭിപ്രായപ്പെട്ടു. പാലാ ബിഷപ്സ് ഹൗസിൽ നടന്ന കൃഷി വിജ്ഞാനസദസ്സിൽ മുഖ്യപ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. റബർപോലുള്ള ഏകകൃഷി രീതിയിൽനിന്നു സമ്മിശ്ര കൃഷിരീതിയിലേക്ക് മാറേണ്ടതും വിദേശരാജ്യങ്ങളിലെപ്പോലെ പുത്തൻ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി കൃഷി കൂടുതൽ ആദായകരമാംവിധം ചെയ്യാൻ കർഷകർക്ക് കൂട്ടായ്മകളിലൂടെ സാധിക്കുന്നതായും അദ്ദേഹം പറഞ്ഞു. ബിഷപ് മാർ ജേക്കബ് മുരിക്കൻ അധ്യക്ഷനായിരുന്നു. മോൺ. ജോസഫ് തടത്തിൽ, പ്രൊക്യുറേറ്റർ ഫാ. ജോസഫ് മുത്തനാട്ട്, രൂപതാ ഫാർമേഴ്സ് മൂവ്മെന്റ് കോ. ഓർഡിനേറ്റർ ഫാ. തോമസ് കിഴക്കേൽ, ഡി.സി.എം.എസ്. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, PSWS അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഡാന്റീസ് കൂനാനിക്കൽ, പി.വി. ജോർജ് പുരയിടം, സിബി കണിയാംപടി തുടങ്ങിയവർ സംസാരിച്ചു.

**2. കടൽമത്സ്യങ്ങൾ പാലാ അഗ്രിമയിൽ**

ആലപ്പുഴ ഹാർബറിൽനിന്നു നേരിട്ട് എത്തിക്കുന്ന ശുദ്ധമായ കടൽമത്സ്യങ്ങൾ എല്ലാ ആഴ്ചയും ഒരു ദിവസം വീതം പാലാ അഗ്രിമ കർഷകമാർക്കറ്റിൽ എത്തിച്ചേരുന്നു. താത്പര്യമുള്ളവർക്ക് മുൻകൂട്ടി ഓർഡർ ചെയ്യാവുന്നതാണ്.

**3. മൂല്യവർദ്ധിത ഉത്പന്നനിർമ്മാണം – ഏകദിന ശില്പശാല**

സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി രൂപീകരിച്ച സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് കാർഷികവിളകളെ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്ന വിവിധ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന ഏകദിന ശില്പശാല നടത്തി. PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ച യോഗം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി നിർമ്മലാ ജിമ്മി ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ, പി.വി. ജോർജ്, ഡാന്റീസ് കൂനാനിക്കൽ തുടങ്ങിവർ പ്രസംഗിച്ചു. കേരളാ കാർഷികസർവകലാശാലയുടെ അഗ്രിബിസിനസ് ഇൻകുബേറ്റർ മേധാവി ഡോ. കെ.പി. സുധീർ ക്ലാസ് നയിച്ചു.

**4. മുട്ടക്കോഴിവിതരണം**

ജൂൺ 6, 7, 17 തീയതികളിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽവച്ച് BY

38, ഗ്രാമലക്ഷ്മി, ഗ്രാമപ്രിയ എന്നീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

**5. സൗജന്യ കശുമാവിൻതൈ വിതരണം**

കേരളസംസ്ഥാന കശുമാവുകൃഷി വികസന ഏജൻസിയുമായി സഹകരിച്ച് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി അത്യുത്പാദനശേഷിയുള്ള ഗ്രാഫ്റ്റു തൈകൾ സൗജന്യമായി ഈ വർഷവും വിതരണം ചെയ്യുന്നു. താത്പര്യമുള്ള കർഷകർ കരം അടച്ച രസീതിന്റെ കോപ്പി, ആധാർകാർഡ് കോപ്പി, IFSC കോഡുള്ള ബാങ്ക് അക്കൗണ്ട്, പാസ്സ് ബുക്കിന്റെ കോപ്പി എന്നിവയുൾപ്പെടെ നിശ്ചിത അപേക്ഷാഫോം പൂരിപ്പിച്ച് PSWS അഗ്രിമ മാർക്കറ്റിൽ ഏല്പിക്കണം. അപേക്ഷാഫോം മാർക്കറ്റിൽ ലഭിക്കും. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ 5 സെന്റിനു മുകളിൽ സ്ഥലമുള്ളവർക്ക് 1 ഏക്കറിന് 180 തൈകൾ പ്രകാരം ലഭിക്കും.

**6. മാമ്പഴമേള**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽവച്ച് വിവിധയിനം മാമ്പഴങ്ങളുടെ വിപണനമേള സംഘടിപ്പിച്ചു.

**7. കെ.എസ്.ബി.സി.ഡി.സി. – വായ്പ വിതരണം**

PSWSന്റെ നേതൃത്വത്തിലുള്ള സ്വയംസഹായസംഘങ്ങളിലെ അംഗങ്ങൾക്കു വരുമാനദായക സ്വയം തൊഴിൽ ആംഭിക്കുന്നതിനായി അരക്കോടിയോളം രൂപ കേരള പിന്നാക്കസമുദായവികസന കോർപ്പറേഷൻ വഴിയായി വിതരണം ചെയ്തു. ആദ്യഘട്ടത്തിൽ 26 സംഘങ്ങൾക്ക് വായ്പകൾ വിതരണം ചെയ്തു.

**8. ക്യാൻസർ ബോധവത്കരണ സെമിനാർ**

ചേർപ്പുങ്കൽ ഫൊറോനയുടെ കീഴിലുള്ള ഇടവകകളിലെ സ്വയം സഹായസംഘങ്ങളിലെ സ്ത്രീകൾക്കായി മാർസ്ലീവാ മെഡിസിറ്റിയും ചേർപ്പുങ്കൽ BVM കോളേജുമായി സഹകരിച്ച് 'ജീവിതശൈലി മാറ്റത്തിലൂടെ ക്യാൻസർ രോഗം എങ്ങനെ തടയാം' എന്ന വിഷയത്തിൽ സെമിനാർ നടത്തി. മാർസ്ലീവ മെഡിസിറ്റിയിലെ സീനിയർ കൺസൾട്ടന്റ് ഡോ. സിസ്റ്റർ സെലിൻ ജോർജ് DST, ഡോ. ജോഫിൻ കെ. ജോണി (കൺസൾട്ടന്റ് – സർജിക്കൽ ഓങ്കോളജി) എന്നിവർ ക്ലാസ്സുകൾ നയിച്ചു. ചേർപ്പുങ്കൽ ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് പാനാമ്പുഴ അധ്യക്ഷത വഹിച്ച സമ്മേളനം പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. PSWS ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ സ്വാഗതം ആശംസിക്കുകയും ചേർപ്പുങ്കൽ ബി.വി.എം. കോളജ് പ്രിൻസിപ്പൽ റവ.ഫാ. സെബാസ്റ്റ്യൻ തോണിക്കുഴിയിൽ ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**9. ആശാകിരണം പദ്ധതി – വസ്ത്രകൂപ്പൺ വിതരണം**

ആശാകിരണം പദ്ധതിയുടെ ഭാഗമായി ക്യാൻസർ ബാധിതരുടെ 18 വയസിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് രണ്ടായിരം രൂപയുടെ വസ്ത്രകൂപ്പൺ വിതരണം ചെയ്തു. 30 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു.

**10. ലോകപരിസ്ഥിതിദിനാചരണം 2022**

ലോകപരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി എസ്.എം.വൈ.എം. പാലയുമായി സഹകരിച്ച് പാലാ ബിഷപ്സ് ഹൗസ് കോമ്പൗണ്ടിലും ഇടവകപ്പള്ളിയങ്കണങ്ങളിലുമായി ഫലവൃക്ഷത്തൈകൾ നടുകയുണ്ടായി. കൂടാതെ വിവിധ ഇവവകകളിലെ സ്വയം സഹായസംഘങ്ങൾക്ക് 25000 ഫലവൃക്ഷത്തൈകൾ പാലാ അഗ്രിമ കർഷക മാർക്കറ്റിൽനിന്നു വിതരണം ചെയ്തു.

**11. ഗ്രീൻ പ്രോട്ടോകോൾ പദ്ധതി**

കേരളാ സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് രൂപതയുടെ 8 സ്ഥാപനങ്ങളിൽ ഹരിത പെരുമാറ്റചട്ടങ്ങൾ പ്രദർശിപ്പിക്കുന്ന നോട്ടീസ് ബോർഡും മാലിന്യനിക്ഷേപത്തിനായി മൂന്നുതരം ബിറ്റുകളും നല്കി.

**12. സ്വാശ്രയസംഘം വാർഷികങ്ങൾ**

വെള്ളികുളം, അമ്പാറനിരപ്പേൽ, മംഗളഗിരി, കുളമാവ്, ഇലപ്പള്ളി, എടാട്, വിളക്കുമാടം തുടങ്ങിയ സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങൾ നടന്നു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**1. കുറവിലങ്ങാട് മേഖല ജീവിതദർശനക്യാമ്പ്**

2022 മെയ് 28 ശനിയാഴ്ച ഡി.സി.എം.എസ് പാലാ രൂപതയുടെയും ഡി.സി.എം.എസ് കുറവിലങ്ങാട് മേഖലയുടെയും ആഭിമുഖ്യത്തിൽ കുട്ടികൾക്കായുള്ള ജീവിതദർശന സെമിനാർ കുറവിലങ്ങാട് സെന്റ് മേരീസ് ബോയ്സ് എൽ.പി. സ്കൂളിൽ വച്ച് നടത്തുകയുണ്ടായി. ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. കുറവിലങ്ങാട് മേഖല ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, മേഖല പ്രസിഡന്റ് ശ്രീമതി മേരി എം.പി, എൽ.പി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ബിജു ജെ. തോമസ്, കുറവിലങ്ങാട് യൂണിറ്റ് പ്രസിഡന്റ് ശ്രീ സി.ഒ വർക്കി എന്നിവർ സംസാരിച്ചു. ശ്രീ സിജു സെബാസ്റ്റ്യൻ, ശ്രീ സദീപ് കെ.പി, ശ്രീ സുജിത്ത് തോമസ്, ശ്രീമതി റ്റിൻജിമോൾ തോമസ് എന്നിവർ ക്ലാസ്സ് നയിച്ചു. മേഖല കമ്മിറ്റിയംഗങ്ങളായ സോന ഷാജി, ആലീസ് കസ്പർ, റോസമ്മ ആന്റണി, ആന്റണി റ്റി.ഡി, തോമസ് മാത്യു, മാത്യു കെ.എം, സി.ഒ. ജോസഫ് എന്നിവർ സെമിനാറിന് നേതൃത്വം കൊടുത്തു.

**2. രൂപത കമ്മിറ്റി**

2022 ജൂൺ 5-ാം തീയതി രാവിലെ 10.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ

രൂപത കമ്മിറ്റി നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ട് അവതരിപ്പിച്ചു. രൂപത ഖജാൻജി ശ്രീമതി മേരി എം.പി. കണക്കും അവതരിപ്പിച്ചു.

**3. ചേർപ്പുങ്കൽ-പാലാ കത്തീഡ്രൽ ജീവിതദർശന ഏകദിന സെമിനാർ**

2022 ജൂൺ 14-ാം തീയതി പാലാ രൂപത ഡി.സി.എം.എസ് സംഘടനയുടെ നേതൃത്വത്തിൽ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കായി പാല-ചേർപ്പുങ്കൽ മേഖലയും സംയുക്തമായി ജീവിതദർശനഏകദിനസെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ബിനോയ് ജോൺ, രൂപത സെക്രട്ടറി ബിന്ദു ആന്റണി, മേഖല പ്രസിഡന്റ് മോളി ജോസഫ്, മേഖല സെക്രട്ടറി സണ്ണി ജോസഫ് എന്നിവർ പങ്കെടുത്തു.

**4. യൂണിറ്റ് സന്ദർശനങ്ങൾ**

**കാളികാവ്**

കുറവിലങ്ങാട് മേഖലയുടെ യൂണിറ്റ് സന്ദർശനത്തിന്റെ ഭാഗമായി ജൂൺ 19-ാം തീയതി ഞായറാഴ്ച 3.15 ന് ഡി.സി.എം.സ് രൂപത പ്രതിനിധികൾ കാളികാവ് യൂണിറ്റിലെത്തി. ഇടവക വികാരി ഫാ. ജെയിംസ് വെട്ടുകല്ലേല്ലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ ബാബു ജോസഫ് സ്വാഗതം ആശംസിച്ചു. ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, കുറവിലങ്ങാട് മേഖല പ്രസിഡന്റ് ശ്രീമതി മേരി എം.പി എന്നിവർ യോഗത്തെ സംബോധന ചെയ്തു സംസാരിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സംഘടനയുടെ പ്രാധാന്യം, പ്രയോജനങ്ങൾ, വിവിധ സ്കോളർഷിപ്പുകൾ, രൂപതാതല പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റിയെല്ലാം വിശദീകരിച്ചു. കാളികാവ് യൂണിറ്റിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. യൂണിറ്റ് സെക്രട്ടറി ശ്രീമതി സിനി യോഗത്തിൽ കൃതജ്ഞതയർപ്പിച്ചു.

**മോനിപ്പള്ളി**

2022 ജൂൺ 19-ാം തീയതി ഞായറാഴ്ച രാവിലെ 11.30 ന് മോനിപ്പള്ളി ഇടവക വികാരി ഫാ. ജോസഫ് വടക്കേമംഗലത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡിസിഎംഎസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സംഘടനയുടെ പ്രാധാന്യം, പ്രയോജനങ്ങൾ, വിവിധ സ്കോളർഷിപ്പുകൾ, രൂപത തല പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റിയെല്ലാം വിശദീകരിച്ചു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അമ്പലംകട്ടയിൽ, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, മേഖല പ്രസിഡന്റ് ശ്രീമതി മേരി എം.പി, സോന ഷാജി എന്നിവർ യോഗത്തിൽ സംസാരിച്ചു. തുടർന്ന്, യൂണിറ്റ് സെക്രട്ടറി കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. സഹവികാരി ഫാ. അരുൺ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. എസ്.എസ്.എൽ.സിക്ക് ഫുൾ എപ്ലസ് വാങ്ങിയ ആഗി അജിക്ക് ഉപഹാരവും ക്യാഷ് അവാർഡും നൽകി ആദരിച്ചു.

**വയല**

2022 ജൂൺ 19-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് വയല യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു അമ്പഴത്തുങ്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന് യൂണിറ്റ് പ്രസിഡന്റ് ശ്രീ പ്രവീൺ സ്വാഗതമാശംസിച്ചു. സെക്രട്ടറി ശ്രീ അനീഷ് റിപ്പോർട്ട് അവതരിപ്പിച്ചു. ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, മേഖല പ്രസിഡന്റ് ശ്രീമതി മേരി എം.പി, സെക്രട്ടറി കുമാരി സോന ഷാജി എന്നിവർ യോഗത്തെ സംബോധന ചെയ്തു സംസാരിച്ചു.

**ഉദയഗിരി**

2022 ജൂൺ 19-ാം തീയതി രാവിലെ 8.30 ന് ഉദയഗിരി യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് മലയിൽപുത്തൻപുരയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, മേഖല പ്രസിഡന്റ് ശ്രീമതി മേരി എം. പി, സെക്രട്ടറി കുമാരി സോന ഷാജി എന്നിവർ പങ്കെടുത്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീ ആന്റണി യോഗത്തിന് സ്വാഗതം ആശംസിച്ചു. യൂണിറ്റ് സെക്രട്ടറി റോസമ്മ ആന്റണി റിപ്പോർട്ടും അവതരിപ്പിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സംഘടനയുടെ പ്രാധാന്യം, പ്രയോജനങ്ങൾ, വിവിധ സ്കോളർഷിപ്പുകൾ, രൂപതാതല പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റിയെല്ലാം വിശദീകരിച്ചു. എസ്.എസ്.എൽ.സിയ്ക്ക് ഫുൾ എ പ്ലസ് വാങ്ങിയ അലൻ ജെസ്ഡിയെ ഉപഹാരം നൽകി ആദരിച്ചു. ശ്രീമതി ആലീസ് കസ്പർ കൃതജ്ഞതയർപ്പിച്ചു.

**കുറവിലങ്ങാട്**

2022 ജൂൺ 19-ാം തീയതി 10.30 ന് കുറവിലങ്ങാട് യൂണിറ്റ് പ്രസിഡന്റ് ശ്രീ സി.ഒ. വർക്കിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡയറക്ടർ ഫാ. മാത്യു കാടൻകാവിൽ സ്വാഗതം ആശംസിച്ചു. ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, മേഖല പ്രസിഡന്റ് ശ്രീമതി മേരി എം.പി, സെക്രട്ടറി കുമാരി സോന ഷാജി എന്നിവർ പങ്കെടുത്തു. ആർച്ച് പ്രീസ്റ്റ് വെരി റവ. ഡോ. അഗസ്റ്റ്യൻ കൂട്ടിയാനിക്കൽ ആമുഖസന്ദേശം നൽകി. യൂണിറ്റ് സെക്രട്ടറി ശ്രീമതി പെണ്ണമ്മ ജേക്കബ് റിപ്പോർട്ട് അവതരിപ്പിച്ചു. ഖജാൻജി സി.ഒ. ജോസഫ് കണക്ക് അവതരിപ്പിച്ചു. മരണമടഞ്ഞ വൈസ് പ്രസിഡന്റിനു പകരം ഷൈലജ ബെന്നിയെ തത്സ്ഥാനത്തേക്കു തിരഞ്ഞെടുത്തു.

**5. സിനഡാലിറ്റി സ്പെഷ്യൽ കൗൺസിൽ**

2022 മെയ് 22 നടന്ന പ്രഥമ കൗൺസിലിന്റെ നിർദേശപ്രകാരം സിനഡാത്മകതയെക്കുറിച്ച് ചർച്ച നടത്തുവാൻ 2022 ജൂൺ 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ക്ക് സ്പെഷ്യൽ കൗൺസിൽ നടത്തുകയുണ്ടായി. ഡി.സി.എം.എസ്. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അമ്പലംകട്ടയിൽ

അധ്യക്ഷനായ യോഗത്തിൽ ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ചോദ്യോത്തരവേള നിയന്ത്രിച്ചു.

**6. പ്രീ സിനഡൽ മീറ്റിഗ്**

2022 ജൂൺ 20-ാം തീയതി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജ് ചൂണ്ടച്ചേരിയിൽ നടന്ന പ്രീ സിനഡൽ മീറ്റിംഗിൽ ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി, ശ്രീ ജസ്റ്റിൻ മാത്യു, ശ്രീ ഫ്രാൻസിസ് ജോസഫ്, ശ്രീ മധു, ശ്രീ സിജു സെബാസ്റ്റ്യൻ, ശ്രീ സുജിത്ത് തോമസ് എന്നിവർ പങ്കെടുത്തു.

**7. രൂപത കൗൺസിൽ**

2022 ജൂൺ 22 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ ഡി.സി.എം.എസ് പാലാ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത സെക്രട്ടറി ശ്രീ ബേബി ആന്റണി പാറയ്ക്കൽ സ്വാഗതം ആശംസിച്ചു. ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ടും ഖജാൻജി ശ്രീമതി മേരി എം.പി കണക്കും അവതരിപ്പിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം**

മണ്ണയ്ക്കനാട് ഒ.എൽ.സി സ്പെഷ്യൽ സ്കൂളിലെ ടീച്ചേഴ്സിന് ഏകദിന ട്രെയിനിംഗ് പ്രോഗ്രാം നടത്തി.

**2. പ്രവേശനോത്സവം**

കൊച്ചിടപ്പാടി സ്നേഹാരാം സ്പെഷ്യൽ സ്കൂൾ, പുലിയന്നൂർ ഡി.സി.എം. ആർ സ്പെഷ്യൽ സ്കൂൾ എന്നീ സ്കൂളുകളുടെ പ്രവേശനോത്സവത്തിൽ സംബന്ധിച്ചു സന്ദേശം നൽകി.

**3. ഓൺലൈൻ മീറ്റിംഗ്**

ജൂൺ രണ്ടാം തീയതി സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സിനും അധികാരികൾക്കുമായി ഓൺലൈൻ മീറ്റിംഗ് നടത്തി.

**4. സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സ്ഥാപനങ്ങൾ നടത്തുന്നവരുടെ മീറ്റിംഗ്**

സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സ്ഥാപനങ്ങൾ നടത്തുന്നവരുടെ മീറ്റിംഗ് കൂടുകയും അവരുടെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

**5. ഡയറക്ടറി**

ഡയറക്ടറിക്കുവേണ്ടി എല്ലാ സ്ഥാപനങ്ങളുടെയും ഡേറ്റാ ശേഖരിക്കുകയും തിരുത്തലുകൾ നടത്തുകയും ചെയ്തു.

**6.** അസംഘടിത തൊഴിലാളികുടുംബങ്ങളിൽ ശാരീരികദൗർബല്യം നേരിടുന്ന കുട്ടികൾക്കും സ്ത്രീകൾക്കും കരുത്തുപകരുന്ന ഒരു പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ഓൺലൈൻ മീറ്റിംഗ്**

എസ്.എൻ.റ്റി.യു സ്റ്റേറ്റ് സൂം മീറ്റിംഗിൽ പങ്കെടുത്തു.

**2.** അസംഘടിത തൊഴിലാളികുടുംബങ്ങളിൽ ശാരീരികദൗർബല്യം നേരിടുന്ന കുട്ടികൾക്കും സ്ത്രീകൾക്കും കരുത്തുപകരുന്ന ഒരു പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

**3.** 2022 ജൂണിൽ വരിസംഖ്യ അടയ്ക്കേണ്ട എല്ലാം അംഗങ്ങളെയും അറിയിച്ചു.

**4. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ആൽക്കഹോൾ അനോനിമസ് (AA) മീറ്റിംഗ്**

ജൂൺമാസം 5,12,19,26 തീയതികളിൽ AA മീറ്റിംഗുകൾ നടന്നു. പ്രോജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യൻ, ഡിജോ ദാസ് എന്നിവർ നേതൃത്വം നല്കി. ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ ആമുഖസന്ദേശം നല്കി. ഓൺലൈനിലും അംഗങ്ങൾ പങ്കെടുത്തു.

**2. അന്തരാഷ്ട്ര ലഹരിവിരുദ്ധദിനാചരണം**

അന്തരാഷ്ട്ര ലഹരി വിരുദ്ധദിനാചരണത്തോടനുബന്ധിച്ച് അഡാർട്ടിൽ നടന്ന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി നിർമ്മല ജിമ്മി

ഉദ്ഘാടനം ചെയ്തു. മുനിസിപ്പാലിറ്റി കൗൺസിലർ ശ്രീ തോമസ് പീറ്റർ അദ്ധ്യക്ഷനായിരുന്ന മീറ്റിംഗിൽ പ്രോജക്ട് ഡയറക്ടർ എൻ.എം. സെബാസ്റ്റ്യൻ സ്വാഗതം ആശംസിക്കുകയും റവ.ഫാ. ജെയിംസ് പൊരുന്നേലിൽ, റവ.ഫാ. മാത്യു പുതിയിടത്ത്, ഡോ. അനീഷ് സിറിയക്, ശ്രീ മാധവക്കൈമൾ എന്നിവർ പ്രസംഗിക്കുകയും ചെയ്തു. ശ്രീ ഡിജോ ദാസ് നന്ദി പ്രകാശിപ്പിച്ചു.

**3. അഡാർട്ട് 39-ാമത് വാർഷികം**

ജൂലൈ 3-ാം തീയതി ഞായറാഴ്ച 11.30 ന് അഡാർട്ടിന്റെ 39-ാമത് വാർഷികം അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്യും.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ് 2022**

ലോഗോസ് ക്വിസ് മത്സരത്തിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. 2022 ജൂലൈ 31 ന് രജിസ്ട്രേഷൻ അവസാനിക്കുന്നതാണ്.

**പഠനവിഷയം: ജോഷ്വാ 1-12, പ്രഭാഷകൻ 23-26**

**മർക്കോസ് 9-16, 1 കോറിന്തോസ് 9-16**

**പരീക്ഷാത്തീയതി: 2022 സെപ്റ്റംബർ 25 ഞായർ**

**സമയം: 2.00 pm. മുതൽ 3.30 pm വരെ**

ഇടവകതല രജിസ്ട്രേഷൻ 2022 ജൂലൈ 31 ന് പൂർത്തിയാക്കിയതിനുശേഷം ആഗസ്റ്റ് 8 ന് മുമ്പായി രജിസ്ട്രേഷൻ തുകയും പൂർണമായി പൂരിപ്പിച്ച ഹെഡ്ഷീറ്റും വികാരിയച്ചന്റെ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ രൂപത ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**2. ലോഗോസ് ഫാമിലി**

ലോഗോസ് ഫാമിലി ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ രജിസ്ട്രേഷൻ സമയത്ത് സൂചിപ്പിക്കേണ്ടതാണ്. ടീമിൽ പിതാവ്, മാതാവ്, മക്കൾ എന്നിവർ ഉണ്ടായിരിക്കണം. സെപ്തംബർ 25 ന് നടക്കുന്ന മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

**3. ലോഗോസ് പഠനസഹായി**

ലോഗോസ് ക്വിസ് മത്സരത്തിനു സഹായകരമായ വിധത്തിൽ ഒരു പഠനസഹായി പ്രസിദ്ധീകരിച്ചു. മത്സരത്തിന് ഉപയോഗമായ രീതിയിൽ പഠിക്കുന്നതിനും പഠിച്ചത് ഓർക്കുന്നതിനും പഠിപ്പിക്കുന്നതിനും അനുയോജ്യമായ വിധത്തിലാണ് ഇത് തയ്യാറാക്കാക്കിയിരിക്കുന്നത്. കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. മദ്ധ്യസ്ഥപ്രാർത്ഥന**

എല്ലാ ആഴ്ചകളിലും തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ മദ്ധ്യസ്ഥപ്രാർത്ഥന നടന്നു.

**2. Street Ministry**

ജൂൺ 4, 11 തീയതികളിൽ പൊന്തൻപുഴ റൂട്ടിലും ജൂൺ 8 ന് ഇരട്ടയാർ റൂട്ടിലും 22, 25 തിയതികളിൽ വെൺമണി റൂട്ടിലും തെരുവുകളിലും പട്ടണങ്ങളിലും വചനപ്രഘോഷണം നടത്തി. ശുശ്രൂഷകൾക്ക് റിട്ട. എസ്.ഐ. റ്റി.എം. മാത്യു സാർ നേതൃത്വം നൽകി. ജോബി മാത്യു, ജോയി ജേക്കബ്, മനോജ് എന്നിവർ പങ്കുചേർന്നു.

**3. മിനിസ്ട്രി ഗാതറിംഗ്**

ജൂൺ 18 ന് എല്ലാ മിനിസ്ട്രികളും കൂടിച്ചേർന്ന് പുതിയ കർമ്മപദ്ധതികൾ ആവിഷ്കരിച്ചു.

**4. സുവിശേഷപ്രഘോഷണം**

ജൂൺ 11 ന് പൈക വാഴമറ്റം കോളനിയിലും 12 ന് ചെത്തിമറ്റം ധ്യാനകേന്ദ്രത്തിൽ ജീസസ് യൂത്തിനുവേണ്ടിയും 21 ന് മാറിക പള്ളിയിലും 25ന് രാമപുരം വളക്കാട്ടുകുന്ന് മഠത്തിലും സുവിശേഷപ്രഘോഷണം നടത്തി.

**5. മാസധ്യാനം**

15 ന് അരുവിത്തുറയിലും 22 ന് പ്രവിത്താനത്തും 28 ന് രാമപുരത്തും 29 ന് കടനാടും ബഹുമാനപ്പെട്ട വൈദികരുടെ ഫൊറോനതല മാസധ്യാനം നയിച്ചു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ വചനം പങ്കുവച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പന്തക്കുസ്താത്തിരുനാളും പാലാരൂപത മിഷൻദിനാചരണവും**

പന്തക്കുസ്താത്തിരുനാളും പാലാരൂപത മിഷൻദിനാചരണ ഉദ്ഘാടനവും 2022 ജൂൺ 5 ന് പാലാ കത്തീഡ്രലിൽ പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിച്ചു. പോട്ട ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. മാത്യു ഇലവുങ്കൽ വി.സി. മുഖ്യസന്ദേശം നൽകി ശുശ്രൂഷകൾ നയിച്ചു. റവ. ഫാ. തോമസ് ഓലായത്തിൽ, റവ.ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട് എന്നിവർ ദിവ്യകാരുണ്യ ആരാധന നയിച്ചു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, കത്തീഡ്രൽ വികാരി വെരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ്മാറ്റിക് സോണൽ സേവനസമിതി അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

മേയ് 27 മുതൽ ജൂൺ 1 വരെ പന്തക്കുസ്ത ഒരുക്കപ്രാർത്ഥന ശുശ്രൂഷകൾ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെട്ടു.

**2. കരിസ്മാറ്റിക് ശുശ്രൂഷകരുടെ പന്തക്കുസ്ത ഒരുക്കധ്യാനം.**

രൂപതയിലെ കരിസ്മാറ്റിക് ശുശ്രൂഷകരുടെ പന്തക്കുസ്ത ഒരുക്കധ്യാനം 2022 ജൂൺ 2,3,4 തീയതികളിൽ രാവിലെ 9.30 മുതൽ 3.30 വരെ പാലാ കത്തീഡ്രൽ, സെന്റ് ജോസഫ് കിഴതടിയൂർ എന്നീ പള്ളികളിൽ വച്ചു നടത്തപ്പെട്ടു. റവ.ഫാ. തോമസ് കടുത്താനം ധ്യാനം നയിച്ചു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3. L.S.S (Life in Sprit Seminar) ശുശ്രൂഷകൾ**

പാലാ കത്തീഡ്രൽ ഫൊറോന തലത്തിൽ എൽ.എസ്.എസ്. ഉദ്ഘാടനം ജൂൺ 10 ന് ഇവാഞ്ചലൈസേഷൻ രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ള മരുതുങ്കൽ നിർവ്വഹിച്ചു.

തുടങ്ങനാട് ഫൊറോനതല ഉദ്ഘാടനം ജൂൺ 13 തീയതി മുട്ടം സിബിഗിരി പള്ളിയിൽവച്ച് ഫൊറോന വികാരി വെരി റവ. ഫാ. തോമസ് പുല്ലാട്ട് നിർവഹിച്ചു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ജോൺ പാളിത്തോട്ടം എന്നിവർ ആശംസകൾ നേർന്നു. കരിസ്മാറ്റിക് രൂപത സെക്രട്ടറി ജോൺസൺ തടത്തിൽ ക്ലാസ്സ് നയിച്ചു. ഇലഞ്ഞിയിൽ ധ്യാനം തുടരുന്നു. രണ്ടു രീതിയിലാണ് അഞ്ചാമത്തെ ബാച്ച് ധ്യാനം നടത്തുന്നത്.

1. എല്ലാ ആഴ്ചയും 2 നിശ്ചിതദിവസങ്ങളിൽ രാത്രി എട്ടര മുതൽ 10.30 വരെ ഓൺലൈനിൽ ധ്യാനം നടത്തുന്നു.

2. ആഴ്ചയിൽ ഒരു നിശ്ചിത ദിവസം 2.30 മണിക്കൂർ ഫിസിക്കലായി ധ്യാനം നടത്തുന്നു.

**4. YU4C (യൂത്ത് യുണൈറ്റഡ് 4 ക്രൈസ്റ്റ്)**

പെരിങ്ങളം, ജിയോവാലി, തിടനാട്, വേദഗിരി, മുണ്ടാങ്കൽ, മീനിച്ചിൽ എന്നീ ഇടവകകളിൽ ശുശ്രൂഷകളും യുവജനങ്ങളുടെ കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട വിവിധ കാര്യങ്ങളെക്കുറിച്ച് പ്രത്യേക ക്ലാസും നൽകുന്നു. മാതാപിതാക്കളെയും ശുശ്രൂഷയിൽ പങ്കാളികളാകുന്നു. ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ലിൻസിമോൾ സജി കുരിശുംമൂട്ടിൽ എന്നിവർ നേതൃത്വം നൽകുന്നു.

**5. ക്രിസ്റ്റീൻ മിനിസ്ട്രി കൂട്ടായ്മ**

കുട്ടികളുടെയിടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ മിനിസ്ട്രിയുടെ എല്ലാ ശുശ്രൂഷകളും ഭംഗിയായി പുരോഗമിക്കുന്നു. ആനിമേറ്റർ റവ. ഫാ. ജോർജ് കൊട്ടാരത്തിൽ, മിനിസ്ട്രി കോർഡിനേറ്റർ ബിയ ജോജറ്റ് എന്നിവർ നേതൃത്വം നൽകുന്നു.

**6. പ്രാർത്ഥന കൂട്ടായ്മകൾ**

പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തികൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 4 മണി വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥനാശുശ്രൂഷകൾ നടത്തപ്പെടുന്നു. ജൂൺ 12 ന് റവ.ഫാ. ബെന്നി കിഴക്കേൽ CST, 19 ന് സുനിൽ അഗസ്റ്റിൻ, കോട്ടയം, 26 ന് റോബിൻ കാഞ്ഞിരപ്പള്ളി എന്നിവരാണ് വചനം പങ്കുവെക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തത്. രൂപത സോണൽ പാരിഷ് മിനിസ്ട്രി സേവനസമിതി ഇതിനു നേതൃത്വം നൽകുന്നു.

**7. പാലാ കത്തീഡ്രലിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 2 മണി വരെ വിശുദ്ധ കുർബാന, വചനപ്രഘോഷണം, സൗഖ്യശുശ്രൂഷകൾ, ജപമാല, സ്തുതിആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു. ജൂൺ 6 ന് ലാലു തൈത്തോട്ടം, 17 ന് സി. ജെയ്സ് തെരേസ സിഎംസി, 24 ന് സാബു കോഴിക്കോട്ട് എന്നിവർ വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ശ്രീ മാത്യുകുട്ടി താന്നിക്കൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്നു.

**8. മദ്ധ്യസ്ഥപ്രാർത്ഥന**

നമ്മുടെ രൂപതയിലെ എൽ.എസ്.എസ്. അംഗങ്ങളുടെ പങ്കാളിത്തത്തോടെ തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ എല്ലാദിവസവും ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ മധ്യസ്ഥപ്രാർത്ഥന ശുശ്രൂഷകൾ നടത്തിവരുന്നു. എൽ.എസ്.എസ്. ലീഡേഴ്സ് ടീം അംഗം സോളി മനോജ് ഇതിനു നേതൃത്വം കൊടുക്കുന്നു. ജപമാല, കരുണക്കൊന്ത, അനുദിനവചനം, വിചിന്തനം എന്നീ ശുശ്രൂഷകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**9. കുരിശിന്റെ വഴി**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 10 മണി വരെ എൽ.എസ്.എസ്. അംഗങ്ങൾ ഓൺലൈനിൽ ഒന്നുചേർന്നു ലോകം മുഴുവനെയും സമർപ്പിച്ചുകൊണ്ട് കരിസ്മാറ്റിക് രൂപതാ ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ കുരിശിന്റെ വഴി പ്രാർത്ഥനകൾ നടത്തി. കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങളിൽ സിസ്റ്റേഴ്സ് 14 പേർ സന്ദേശം നൽകി പ്രാർത്ഥിക്കുന്നു. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സമാപനപ്രാർത്ഥനയും സന്ദേശവും നൽകുന്നു. അനേകകുടുംബങ്ങൾ ഈ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**1. പുസ്തകങ്ങൾ സമ്മാനമായി നല്കി**

പാല രൂപതയിലെ ചേന്നാട് ഇടവക സെന്റ് മരിയ ഗൊരേത്തി സ്കൂളിൽ നിന്ന് ജയിൽ അന്തേവാസികൾക്കു വായിക്കാനും ജയിൽ ലൈബ്രറിയിൽ സൂക്ഷിക്കാനുമായി പുസ്തകങ്ങൾ നല്കി. വികാരി റവ.ഫാ. അബ്രാഹം കുളമാക്കൽ ജയിൽ സൂപ്രണ്ട് ശ്രീ ഷാജി സാറിന് പുസ്തകങ്ങൾ നല്കി. ജീസസ് ഫ്രട്ടേണിറ്റി രൂപത ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ, ബിജു ചെമ്മലമറ്റം തുടങ്ങിയവർ നേതൃത്വം നല്കി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
**ഫാ. ജെയിംസ് പൊരുന്നോലിൽ**
(ഡയറക്ടേഴ്സ്)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യാനുഭവധ്യാനം - രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ജൂൺ 11 ന് നടത്തുകയുണ്ടായി. ഫാ ആന്റണി വാഴയിൽ, ഫാ മെർവിൻ HGN, സി. റിൻസി FCC, ജോസ് ടോം കാടൻകാവിൽ, വിൽസൺ വലിയകാപ്പിൽ, സണ്ണി പള്ളിവാതുക്കൽ, എന്നിവർ വിവിധ ശുശ്രൂഷകളിൽ സഹകരിച്ചു. ധ്യാനം മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ ലഭ്യമാണ്.

**2.** പറത്താനം വ്യാകുലമാതാ ഇടവകയിൽ ജൂൺ 4 ന് വൈകുന്നേരം 4.30 മുതൽ 7.30 വരെ സായാഹ്നധ്യാനം നടത്തി.

**3.** ആൻസില്ലെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലെ സിസ്റ്റേഴ്സിനായി അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ വച്ച് ജൂൺ 5 മുതൽ 10 വരെ വാർഷിക ധ്യാനം നടത്തി.

**4.** വിൻസെൻഷ്യൻ കോൺഗ്രിഗേഷനിലെ വചനപ്രഘോഷണശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കായി കോട്ടയത്തുള്ള പ്രൊവിൻഷ്യൽ ഹൗസിൽ ജൂൺ 20 ന് 9 മണി മുതൽ 1 മണി വരെ, Deliverance and Sanctification എന്ന വിഷയത്തെപ്പറ്റി ക്ലാസ്സ് കൊടുത്തു.

**5.** *ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ* എന്ന ലഘുപുസ്തകപരമ്പരയുടെ പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പുസ്തകം 43: *പ്രാർത്ഥനയിലൂടെ ശക്തിധരിക്കാം*; പുസ്തകം 44: *ആത്മീയ അനാരോഗ്യത്തെ അകറ്റാം.* പുസ്തകങ്ങൾ വരിസംഖ്യയടച്ച് എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക.

**6.** കലർപ്പില്ലാത്ത കത്തോലിക്കാ ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ ആവിലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ചത്തിലും വ്യക്തതയിലും പ്രായോഗിക പരിജ്ഞാനത്തോടെ പങ്കുവച്ചുകൊണ്ട് 1577 ൽ എഴുതിയ *ആഭ്യന്തരഹർമ്മ്യം* എന്ന സാർവ്വത്രികവും സാർവ്വകാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണംചെയ്യപ്പെട്ടിരിക്കുന്ന അനശ്വരങ്ങളായ ആത്മീയപാഠങ്ങളെ ഏതവസ്ഥയിലുള്ള ആത്മീയാന്വേഷകർക്കുമായി ലളിതമായി അവതരിപ്പിക്കുന്ന ഒരു പ്രബോധനപരമ്പര, 15 മിനിറ്റ് വീതമുള്ള സെഷനുകളായി, നവംബർ 1 മുതൽ മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ *ആഭ്യന്തരഹർമ്മ്യ ആത്മീയത* എന്ന പേരിൽ നൽകിക്കൊണ്ടിരിക്കുന്നു.

**7.** കോവിഡ്-19 ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ നൽകിയിരുന്ന, *ദൈവശക്തി വ്യാപരിക്കുന്നു* എന്ന ഓൺലൈൻ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നു.

**8.** മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയുവാൻ ജൂലൈ 12 ന് കല്ലിട്ട മൗണ്ട് നെബോ ആബാഭവനത്തിന്റ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1 മീറ്റിംഗ്**

5-06-2022 - അടുക്കം ഇടവകയിൽ മീറ്റിംഗ് നടത്തി.

17-06-2022 - ഏരിയാ മാനേജർമാരുടെ മീറ്റിംഗ് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി.

19-06-2022 - ഓൺലൈൻ ഡയറക്ടേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു.

27-06-2022 - കാക്കനാട് കൂടിയ ദീപിക ഡയറക്ടേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു.

**2. ഭാഷാപദ്ധതി**

13-06-2022- പാലാ സെന്റ് മേരീസ് ജി.എച്ച്.എസിൽ 'ദീപിക നമ്മുടെ ഭാഷാ' പദ്ധതിക്കു തുടക്കം കുറിച്ചു.

**3. ദീപികപത്ര പ്രചരണം**

1. സ്കൂളുകളിൽ അധ്യാപക കോപ്പികൾക്കുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.
2. ഉരുളികുന്നം ഇടവകയിൽ ദീപിക പത്രപ്രചരണം നടന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. ഇൻഫാം എക്സിക്യൂട്ടീവ്**

ജൂൺ 10-ാം തീയതി ഷാലോം ഓഫീസിൽ കൂടിയ എക്സിക്യൂട്ടീവ് യോഗത്തിൽ കർഷകരുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ചു ചർച്ച നടത്തി. ബഫർസോൺ നിയമത്തിൽനിന്ന് കർഷകർ സംരക്ഷിക്കപ്പെടുവാൻ വേണ്ട കാര്യങ്ങളെക്കുറിച്ചു നടപടി സ്വീകരിക്കുവാൻ യോഗം തീരുമാനിച്ചു. അതിനായുള്ള നിവേദനം എഴുതി തയ്യാറാക്കി. അതോടൊപ്പം ആർ.പി.ഐ.എസ്. സ്കീമിൽ ഉൾപ്പെട്ട കർഷകരുടെ കർഷകക്ഷേമപെൻഷൻ തുകയായ 1600 രൂപ നിറുത്തലാക്കുന്ന നടപടി പിൻവലിക്കണം. വ്യവസായികളുടെ ഗൂഢസമ്മർദ്ദത്തിനു വഴങ്ങി റബ്ബർ പാലിന്റെ ഇറക്കുമതി ചുങ്കം ഒഴിവാക്കാനുള്ള നീക്കം ഉപേക്ഷിക്കണം. കേന്ദ്രസർക്കാർ കർഷകർക്കായി 2020-2026 കാലഘട്ടത്തിലേക്ക് അനുവദിച്ച 2250 കോടി രൂപയിൽ കേരള സർക്കാർ ഉപയോഗിച്ച 47 കോടി രൂപാ കിഴിച്ച് ബാക്കി തുക കർഷകരുടെ ക്ഷേമത്തിനായി കാലാവധിക്കുള്ളിൽ നഷ്ടപ്പെടുത്താതെ ഉപയോഗിക്കാൻ ശ്രദ്ധിക്കണം തുടങ്ങിയ ആവശ്യങ്ങൾകൂടി നിവേദനത്തിൽ ഉൾപ്പെടുത്തി.

**2. ബഫർസോണിന്റെ പേരിൽ കർഷകർ ദുരിതത്തിലാകരുത് - ഇൻഫാം**

ഷാലോം പാസ്റ്ററൽ സെന്ററിൽ കൂടിയ ഇൻഫാം സമ്മേളനത്തിൽ കർഷകരെ ദുരിതത്തിലാക്കുന്ന ബഫർസോൺ നിയമക്കുരുക്കിൽനിന്ന് കർഷകരെ സംരക്ഷിക്കാൻ സംസ്ഥാനസർക്കാർ, സുപ്രീകോടതി നിയോഗിച്ചിരിക്കുന്ന എംപവേർഡ് കമ്മറ്റിയെയും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തെയും സമീപിച്ച് ഊർജ്ജിത ശ്രമങ്ങൾ നടത്തി ബഫർ സോണിന്റെ കാര്യത്തിൽ എംപവേർഡ് കമ്മറ്റിവഴി മതിയായ ഇളവുകൾ സമ്പാദിക്കുവാൻ സത്വരനടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ഇൻഫാം. തയ്യാറാക്കിയ നിവേദനങ്ങൾ മുഖ്യമന്ത്രി, റവന്യൂ, വനം വകുപ്പുമന്ത്രി, എം.എൽ.എ മാർ, എം.പി.മാർ എന്നിവർക്ക് അയച്ചുകൊടുത്തു. കേരളത്തിന്റെ ഭൂവിസ്തൃതിയിൽ ആവശ്യമായ അളവിൽ കൂടുതൽ വനം സംരക്ഷിക്കപ്പെടുന്നുണ്ട്. വനസംരക്ഷണത്തിന്റെ പേരിൽ കർഷകരുടെ പട്ടയഭൂമിയിൽ കർഷകർക്കുള്ള അവകാശാധികാരങ്ങൾ നിഷേധിക്കാൻ ഇടയാകരുത്. കർഷകർ കൃഷി ചെയ്തുവരുന്ന ഇടങ്ങളെ ബഫർ സോണിൽനിന്ന് ഒഴിവാക്കുവാൻ സർക്കാർ നിയമനിർമാണം നടത്തണം. ജനവാസമേഖലയിലെ അടിസ്ഥാനസൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം, വിദ്യാഭ്യാസം, ആരാധനാലയങ്ങൾ തുടങ്ങിയവയ്ക്കു തടസ്സമുണ്ടാകാതിരിക്കുവാൻ മതിയായ ഇളവുകൾ നേടാൻ സംസ്ഥാന സർക്കാർ അടിയന്തമായി ശ്രദ്ധിക്കണമെന്ന് നിവേദനത്തിലൂടെ ആവശ്യപ്പെട്ടു. യോഗത്തിൽ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, മാത്യു മാമ്പറമ്പിൽ, ഫാ. ജോസഫ് ചെറുകരക്കുന്നേൽ, ബേബി പന്തപ്പള്ളി, ജോഡി വയലിൽ കളപ്പുര, സണ്ണി മുത്തോലപുരം തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## റവ. ഫാ. ജോസഫ് ഐക്കരമറ്റം

കുറവിലങ്ങാട് ഇടവകയിൽ ഐക്കരമറ്റം മത്തായിയുടെയും മറിയത്തിന്റെയും ഏഴു മക്കളിൽ അഞ്ചാമത്തെ മകനായി 1929 മാർച്ച് 2-ാം തീയതി ഫാ. ജോസഫ് ഐക്കരമറ്റം ഭൂജാതനായി. സ്കൂൾ ഫൈനൽ പരീക്ഷ പാസായതിനുശേഷം 1950 ജൂൺ മാസം കോഴിക്കോട് രൂപതയ്ക്കുവേണ്ടി മാലാപ്പറമ്പ് മൈനർ സെമിനാരിയിൽ ചേർന്നു. മൈനർ സെമിനാരിയിലെ പഠനത്തിനുശേഷം മേജർ സെമിനാരി പരിശീലനത്തിനായി 1951 ൽ മംഗലാപുരം സെന്റ് ജോസഫ്സ് സെമിനാരിയിൽ ചേർന്നു.

തലശ്ശേരി രൂപത സ്ഥാപിതമായതിനെത്തുടർന്ന് 1955 ൽ തലശ്ശേരി രൂപതാംഗമായി ദൈവശാസ്ത്രപഠനം പൂർത്തിയാക്കി. 1959 മാർച്ച് മാസം രണ്ടാം തീയതി ഭാഗ്യസ്മരണാർഹനായ ആർച്ചു ബിഷപ് ആൽഡ്രസ് മരിയ പത്രോനിയിൽനിന്നു വൈദികപട്ടം സ്വീകരിച്ചു. പുരോഹിതശുശ്രൂഷയ്ക്കായി എടൂർ പള്ളി സഹവികാരിയായി നിയമിതനായി. പിന്നീട് 1959 ൽ കീഴ്പള്ളി എന്നറിയപ്പെട്ടിരുന്ന ഇപ്പോഴത്തെ വെളിമാനം പള്ളിയുടെ പ്രഥമവികാരിയായി നിയമിതനായി. മണക്കടവ്, മണിപ്പാറ, പൈസക്കരി, ചന്ദനക്കാംപാറ, പെരുവണ്ണാമൂഴി എന്നീ പള്ളികളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. 1966-67 കാലഘട്ടത്തിൽ ഷിമോഗയിൽനിന്നുള്ള കുടിയിറക്കത്തിൽ എല്ലാ നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി അത്യാധ്വാനം നടത്തി. തലശ്ശേരി രൂപതയിലെ സേവനകാലത്ത് പള്ളിക്കൂടം, കുരിശുപള്ളി തുടങ്ങിയ നിർമാണപ്രവർത്തനങ്ങൾക്ക് അച്ചൻ സവിശേഷമായ നേതൃത്വം നൽകിയിരുന്നു. സ്വപിതാവിൽനിന്നു സ്വായത്തമാക്കിയ ആയുർവേദ ചികിത്സാരീതിയും ഒറ്റമൂലി ചികിത്സാരീതിയും സ്വയം

പഠിച്ചെടുത്ത ഹോമിയോ ചികിത്സാരീതിയും മറ്റുള്ളവർക്കു പറഞ്ഞു കൊടുക്കുകയും കുടിയേറ്റമേഖലയിലെ പാവപ്പെട്ടവരെ ചികിത്സിക്കുകയും ചെയ്തിരുന്നു.

പെരുവണ്ണാമൂഴിയിൽ സേവനം ചെയ്യുന്നതിനിടയിൽ രോഗിയായതിനെത്തുടർന്ന് 1971 ൽ അവധിയെടുത്ത് ചികിത്സാർത്ഥം മാതൃഇടവകയിലേക്ക് തിരിച്ചുവന്നു. 1972 ൽ പാലാ രൂപതാംഗമായി ചേർന്നു. 1972 മുതൽ 1980 വരെയുള്ള കാലയളവിൽ കോതമംഗലം രൂപതയിലെ ഇടവകകളിൽ ശുശ്രൂഷ ചെയ്തു.

വിശ്രമജീവിതത്തിനിടയിൽ പാലാ രൂപതയിലെ ചക്കാമ്പുഴ, വലിയകുമാരമംഗലം, അന്തീനാട് എന്നീ ഇടവകകളിൽ താത്കാലിക സേവനം ചെയ്തിട്ടുണ്ട്. കൂടാതെ, കുറവിലങ്ങാട് കർമ്മലീത്താമഠത്തിൽ ചാപ്ലയിനായും ഇടവകപ്പള്ളിയിലും മഠത്തിലും കുമ്പസാരക്കാരനായും സഹായിക്കുമായിരുന്നു. വിശേഷദിവസങ്ങളിൽ സമീപ ഇടവകകളിൽ തിരുകർമ്മങ്ങളിൽ സഹായിക്കുന്നതിനും അച്ചൻ ശ്രദ്ധിച്ചിരുന്നു.

വാർദ്ധക്യസഹജമായ ക്ഷീണം മൂലം 2017 മുതൽ കുറവിലങ്ങാട് വൈദികമന്ദിരത്തിൽനിന്നു മാറി സ്വഭവനത്തിൽ വിശ്രമത്തിലായിരുന്നു. 2022 ജൂൺ 20-ാം തീയതി ഇഹലോകവാസം പൂർത്തിയാക്കി നിത്യസമ്മാനത്തിനായി ഈ വന്ദ്യവൈദികൻ യാത്രയായി. ജൂൺ 22-ാം തീയതി അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ എന്നീ പിതാക്കന്മാരുടെ കാർമികത്വത്തിൽ ദൈവാലയത്തിലെ ശുശ്രൂഷകൾക്കുശേഷം ജോസഫച്ചന്റെ ഭൗതികദേഹം കുറവിലങ്ങാട് സിമിത്തേരി ചാപ്പലിൽ സംസ്കരിച്ചു. ജീവന്റെ നാഥനായ ദൈവം നിത്യജീവന്റെ മകുടം തന്റെ വിശ്വസ്ത ദാസനായ ബഹുമാനപ്പെട്ട ഐക്കരമറ്റം ജോസഫച്ചനെയും അണിയിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം.



## സി. ജലാസിയൂസ് സി.എം.സി.

ചെമ്മലമറ്റം ഇടവക വെള്ളൂക്കുന്നേൽ കല്ലങ്കാട്ട് ജോസഫ്-ത്രേസ്യാ ദമ്പതികളുടെ എട്ടു മക്കളിൽ രണ്ടാമത്തെ സന്താനമായി 1930 ഡിസംബർ 28-ാം തീയതി സി. ജലാസിയൂസ് ഭൂജാതയായി.

ചെമ്മലമറ്റം, കാളകെട്ടി, പാലാ സെന്റ് മേരീസ് എന്നീ സ്കൂളുകളിൽനിന്നു പഠനം പൂർത്തിയാക്കി. തമ്പുരാന്റെ വിളി

യോടു പ്രത്യുത്തരിച്ചു. കർമ്മലമഠത്തിൽ ചേർന്ന് ശിരോവസ്ത്രം സ്വീകരിച്ചു. സന്ന്യാസ പരിശീലനം പൂർത്തിയാക്കി 1952 ൽ തീയതി ആദ്യവ്രതം സ്വീകരിച്ചു. തിരുവനന്തപുരത്തുനിന്ന് ട്രെയിനിംഗ് പൂർത്തിയാക്കിയശേഷം മുണ്ടാങ്കൽ മഠത്തിൽ തിരിച്ചെത്തി. 1956 ൽ നിത്യവ്രതം അനുഷ്ഠിച്ചു. 2002 ൽ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും ലഭിച്ചു. പ്രവിത്താനം, കുറവിലങ്ങാട്, കരൂർ, മുണ്ടാങ്കൽ എന്നീ മഠങ്ങളിൽ താമസിച്ച് അധ്യാപികയായി സേവനം അനുഷ്ഠിച്ചു. സന്ന്യാസജീവിതത്തിന്റെ 70 വർഷത്തിൽ 49 വർഷവും അമ്മയുടെ സേവനരംഗം മുണ്ടാങ്കൽതന്നെയായിരുന്നു.

സേവനസന്നദ്ധത, ജീവിതലാളിത്യം, ദീനാനുകമ്പ, അധികാരവിധേയത്വം, നിഷ്ഠയോടുകൂടിയ ജീവിതം, ദിവ്യകാരുണ്യഭക്തി മുതലായവ അമ്മയിൽ വിളങ്ങിയിരുന്ന ഗുണങ്ങളാണ്. അതിഥിസത്കാരം അമ്മയുടെ വിശിഷ്ടനന്മയായിരുന്നു. സമൂഹാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുകയും കൂടുതൽ സമയം ദിവ്യനാഥനോടൊത്തു ചെലവഴിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്തിരുന്നുവെന്നത് അഭിമാനകരമായ കാര്യമാണ്.

വാർദ്ധക്യസഹജമായ രോഗത്തെത്തുടർന്നു ക്ഷീണിതയായ അമ്മ 04-05-2022 ബുധനാഴ്ച ബഹു. ഗർവ്വാസീസ് ആനിത്തോട്ടത്തിൽ അച്ചനിൽനിന്നു രോഗീലേപനം സ്വീകരിച്ചു. അന്നേദിവസം തന്നെ അമ്മയുടെ ആത്മാവ് നിത്യഗേഹം ലക്ഷ്യമാക്കി പറന്നുയർന്നു. മെയ് അഞ്ചാം തീയതി രാവിലെ പത്തു മണിക്ക് റവ. ഫാ. ഗർവ്വാസീസ് ആനിത്തോട്ടത്തിലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയോടെ മഠം ചാപ്പലിൽ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. പാലാരൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ അനുശോചനസന്ദേശം നല്കി. തുടർന്ന് മൃതദേഹം മുണ്ടാങ്കൽപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. ആലീസ് മരിയ സി.എം.സി.

മേവട നായ്പുരയിടം ദേവസ്യാ-മറിയം ദമ്പതികളുടെ ഇളയപുത്രിയായി 1941 ജൂലൈ 24 ന് സിസ്റ്റർ ആലീസ് മരിയ ഭൂജാതയായി.

മേവട, മുത്തോലി സ്കൂളുകളിലെ വിദ്യാഭ്യാസം പൂർത്തിയാക്കി, മുത്തോലിമഠത്തിലെ അമ്മമാരുടെ ഭക്തിതീക്ഷ്ണതയാൽ പ്രേരിതയായി കർമ്മലസഭയിൽ അർത്ഥിനിയായിച്ചേർന്നു. 1965 ൽ ആദ്യവ്രതവും 1969 ൽ നിത്യവ്രതവും അനുഷ്ഠിച്ചു. 2015 ൽ വ്രതാർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാനും ഭാഗ്യം ലഭിച്ചു. യേശുക്രിസ്തുവിന്റെ പ്രേഷിതചൈതന്യത്താൽ ഉത്തേജിതയായി എട്ടു

വർഷം മന്ദമാരി, ഗുണ്ടൂർ എന്നീ മിഷൻ പ്രദേശങ്ങളിൽ സേവനം അനുഷ്ഠിച്ചശേഷം വിളക്കുമാടം, രാമപുരം, ഇലഞ്ഞി എന്നീ മഠങ്ങളിൽ സുപ്പീരിയറായി സഭയ്ക്കും സഭാമക്കൾക്കുമായി ശുശ്രൂഷ അനുഷ്ഠിച്ചു. മുത്തോലി, പാലാ, മുട്ടുചിറ, ലിസ്യൂ കോൺവെന്റ് പാലാ, വിളയംകോട്, കുറവിലങ്ങാട് ബാലഭവൻ, ചേർപ്പുങ്കൽ നസ്രത്ത് ഭവൻ, പിറവം, കടപ്ലാമറ്റം മുണ്ടാങ്കൽ എന്നീ മഠങ്ങളിൽ അസി. സുപ്പീരിയർ, ട്രഷറർ, ബോർഡിംഗ് മിസ്ട്രസ്, മെസ് മാനേജർ, ഹോസ്പിറ്റൽ അക്കൗണ്ടന്റ് എന്നീ നിലകളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു.

പാർശ്വവത്കരിക്കപ്പെട്ടവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലാൻ അമ്മ കാണിച്ചിട്ടുള്ള സന്മനസ്സും നിഷ്ഠയും എടുത്തുപറയേണ്ടതാണ്. കഠിനാദ്ധ്വാനം, സേവനസന്നദ്ധത, നേതൃത്വപാടവം, പ്രസന്നഭാവം, കൃതജ്ഞതാഭാവം, പരാതിയോ പരിഭവമോ ഇല്ലാത്ത ജീവിതം ഈ ഗുണങ്ങളാൽ സമ്പന്നമായ അമ്മ സി.എം.സി. ജയമാതാ പ്രൊവിൻസിന് എന്നും അഭിമാനമാണ്.

വാർദ്ധക്യസഹജമായ രോഗത്തെത്തുടർന്നു ക്ഷീണിതയായ അമ്മയെ 28-04-2022 വ്യാഴാഴ്ച കാർമ്മൽ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. ബഹുമാനപ്പെട്ട അലക്സാണ്ടർ ഓലിക്കൽ അച്ചനിൽനിന്നു രോഗീലേപനം സ്വീകരിച്ചു. 30-ാം തീയതി അമ്മയുടെ ആത്മാവ് നിത്യഗേഹത്തിലേക്കു യാത്രയായി. 03-05-2022 രാവിലെ 11 മണിക്ക് അദിലാബാദ് രൂപതയുടെ എമിരറ്റസ് ബിഷപ് മാർ ജോസഫ് കുന്നത്ത്, സ്വസഹോദരൻ ഫാ. ജോർജ് നായ്പുരയിടം സി.എം.ഐ., ഫാ. മാത്യു മാടയാങ്കൽ സി.എം.ഐ. എന്നിവരുടെ കാർമ്മികത്വത്തിലുള്ള സമൂഹബലിക്കുശേഷം മൃതദേഹം പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. മാർ ജോസഫ് കുന്നത്ത് സി.എം.ഐ. അനുശോചനസന്ദേശം നല്കി. തുടർന്ന് മുണ്ടാങ്കൽ പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.



## സി. ജോൺ ഫ്രാൻസീസ് എഫ്.സി.സി.

അറുന്നൂറ്റിമംഗലം ഇടവക പാലയ്ക്കപ്പറമ്പിൽ ആഗസ്തി - ത്രേസ്യാ ദമ്പതികളുടെ 4 മക്കളിൽ ഏറ്റം ഇളയവളായി 1932 ഫെബ്രുവരി 4 ന് ബഹു. ജോൺ ഫ്രാൻസീസമ്മ ഭൂജാതയായി. മാമ്മോദീസായിൽ അന്ന എന്ന നാമം സ്വീകരിച്ചു. കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂളിൽനിന്ന് ഇ.എസ്.എൽ.സി. പാസ്സായി. 1951 ൽ ഭരണങ്ങാനം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1952 - ൽ സഭാവസ്ത്രം സ്വീകരിച്ച് സിസ്റ്റർ ജോൺ ഫ്രാൻസീസ് എന്ന പേരു സ്വീകരിച്ചു. തുടർന്ന്

ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽനിന്ന് ഇന്റർ മീഡിയറ്റും തൃശൂർ ഗവൺമെന്റ് സ്കൂളിൽനിന്നു റ്റി.റ്റി.സിയും പാസ്സായി.

1955–ൽ ആദ്യവ്രതവും 1958–ൽ നിത്യവ്രതവും അനുഷ്ഠിച്ചു. 1957 ൽ കോതനല്ലൂർ സ്കൂളിൽ അധ്യാപികയായി സേവനം ആരംഭിച്ചു. തുടർന്ന് മഞ്ഞാമറ്റം, പൂഞ്ഞാർ സ്കൂളുകളിലും അധ്യാപികയായിരുന്നു. 1987–ൽ സ്കൂളിൽനിന്നു വിരമിച്ചു. പിന്നീട് ഉജ്ജൈൻ മിഷനിലും ആലുവാ ജനറലേറ്റിലും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലും (ലൈബ്രേറിയൻ) സേവനം ചെയ്തു. തുടർന്ന് സെറാഫിക്, മംഗളാരാം എന്നീ മഠങ്ങളിലും ശുശ്രൂഷ ചെയ്തു. 2005–ൽ സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു.

വിവിധ മഠങ്ങളിൽ താമസിച്ചുകൊണ്ട് സെക്രട്ടറി, കൗൺസിലർ, ട്രഷറർ, സുപ്പീരിയർ, സോഷ്യൽവർക്ക്, മെസ് മാനേജർ, പാർലർ സിസ്റ്റർ, ലൈബ്രേറിയൻ എന്നീ നിലകളിൽ അമ്മ സേവനം ചെയ്തു. തന്റെ ശിഷ്യഗണത്തിൽ അനേകംപേർ വൈദികരും സിസ്റ്റേഴ്സും ആയി സേവനം ചെയ്യുന്നു.

സന്ന്യാസനിയമങ്ങൾ പാലിച്ചുകൊണ്ട് നിഷ്ഠയുള്ള ജീവിതം നയിക്കാൻ അമ്മ ശ്രദ്ധിച്ചിരുന്നു. ദിവസവും ചാപ്പലിൽ ദീർഘസമയം ചെലവഴിച്ച് ജപമാലകൾ ചൊല്ലുക ഏവർക്കും മാതൃകയായിരുന്നു. നല്ല പുസ്തകങ്ങളുടെ വായനയിലും ലൈബ്രറി പുസ്തകങ്ങളുടെ ക്രമീകരണത്തിലും അമ്മയ്ക്കുണ്ടായിരുന്ന കഴിവ് വിവിധ മഠങ്ങളിലായി അമ്മ വിനിയോഗിച്ചു.

2022 ജൂൺ 9–ാം തീയതി വെരി റവ. ഫാ. സെബാസ്റ്റ്യൻ പടിക്കക്കുഴുപ്പിൽനിന്നും രോഗീലേപനം സ്വീകരിച്ചു. അമ്മയുടെ പാവനാത്മാവ് ദിവ്യസന്നിധിയിലേക്കു യാത്രയായി.

പാലാ രൂപത മെത്രാൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഒപ്പീസു ചൊല്ലി പ്രാർത്ഥിക്കുകയും അമ്മയുടെ നന്മകളെപ്പറ്റി സംസാരിക്കുകയും ചെയ്തു. പിന്നീട് കോതമംഗലം മെത്രാൻ മാർ മാത്യു മഠത്തിക്കണ്ടത്തിലും ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

ജൂൺ 10 ന് ഉച്ചകഴിഞ്ഞ് 1.30 ന് അമ്മയുടെ സഹോദരപുത്രൻ ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിലിന്റെ മുഖ്യകാർമ്മികത്വത്തിൽ കുടുംബാംഗങ്ങളായ വൈദികരും മറ്റു വൈദികരുമടങ്ങിയ 9 പേർ ചേർന്ന് സമൂഹബലിയർപ്പിച്ചു. ബഹു. ഫാ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ ചരമപ്രസംഗം നടത്തി. തുടർന്ന് മൃതദേഹം കോതനല്ലൂർ പള്ളിയിലേക്ക് സംവഹിച്ചു. പള്ളിയിൽവച്ച് പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ അനുശോചനസന്ദേശം നൽകി. തുടർന്ന് മൃതദേഹം കോതനല്ലൂർ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. മേരി ക്ലേവർ എഫ്.സി.സി.

ചങ്ങനാശ്ശേരി അതിരൂപത ചേപ്പുംപാറ ഇടവക മണ്ണനാൽ വിൻസെന്റ് ചാക്കോയുടെയും മറിയമ്മയുടെയും 10 മക്കളിൽ അഞ്ചാമത്തെ സന്താനമായി 1928 ൽ സി. മേരി ക്ലേവർ ജനിച്ചു. മാമ്മോദീസായിൽ ക്ലാര എന്ന പേരു സ്വീകരിച്ചു. 1946-ൽ എസ്.എസ്.എൽ.സി. പാസ്സായ ശേഷം 1950-ൽ മറ്റക്കര ക്ലാരമഠത്തിൽ ചേർന്ന് നൊവിഷ്യേറ്റ് പൂർത്തിയാക്കി സി. മേരി ക്ലേവർ എന്ന പേരു സ്വീകരിച്ച് 1955 - ൽ ആദ്യവ്രതം ചെയ്തു. 1958-ൽ ദിവ്യനാഥന് നിത്യമായി സമർപ്പിച്ചു. ഡ്രോയിംഗും തയ്യലും പാസ്സായി അദ്ധ്യാപനവൃത്തിയിൽ ഏർപ്പെട്ടു.

മറ്റക്കര, പാദുവ, മഞ്ഞാമറ്റം, പ്രൊവിൻഷ്യൽ ഹൗസ്, മരിയൻ മെഡിക്കൽ സെന്റർ, സ്ലീവാപുരം എന്നീ മഠങ്ങളിൽ താമസിച്ച് സുപ്പീരിയർ, മെസ് മാനേജർ, ഫാം സൂപ്പർവൈസർ, പാർലർ സിസ്റ്റർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. അദ്ധ്വാനനിരതമായ ജീവിതത്തിന് ഉടമയായിരുന്നു ബഹു. ക്ലേവറമ്മ. ഏതാവശ്യത്തിലും ആർക്കും സഹായഹസ്തവുമായി എത്തുന്ന ജീവിതശൈലി ക്ലേവറമ്മയ്ക്ക് സ്വന്തമായിരുന്നു.

ഏല്പിക്കപ്പെടുന്ന ജോലികൾ ഏറ്റവും ഭംഗിയായി നിർവഹിക്കുന്നതിൽ അമ്മ ശ്രദ്ധാലുവായിരുന്നു. ഇടപെടുന്ന വ്യക്തികളോട് വളരെ സ്നേഹമായും സൗമ്യമായും സംസാരിക്കുന്നതിനും സ്വന്തംപോലെ അവരെ ഉൾക്കൊള്ളുന്നതിനുമുള്ള വൈഭവം അമ്മയ്ക്ക് സഹജമായിരുന്നു. 2005-ൽ സന്ന്യാസസമർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്ക് സിദ്ധിച്ചു.

രണ്ടുമൂന്നു വർഷമായി ഓർമ്മയില്ലായ്മ അമ്മയെ അലട്ടിക്കൊണ്ടിരുന്നു. 22-ാം തീയതി വ്യാഴാഴ്ച ഈ ധന്യാത്മാവ് സ്വർഗ്ഗസമ്മാനത്തിനായി യാത്രയായി.

23-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് ദിവ്യബലിയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. കുർബ്ബാനമദ്ധ്യേ പെരിയ ബഹുമാനപ്പെട്ട ജോസഫ് ഇടത്തുംപറമ്പിലച്ചൻ ചരമപ്രസംഗം നടത്തി. തുടർന്ന് മൃതദേഹം മറ്റക്കര പള്ളിയിലേയ്ക്ക് സംവഹിച്ചു. പാലാ രൂപതയുടെ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ ദൈവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു സന്ദേശം നൽകി. തുടർന്ന് മൃതദേഹം മറ്റക്കരപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. ബ്ലെയിസ് എഫ്.സി.സി.

കൊഴുവനാൽ ഇടവക സ്രാകത്ത് കുര്യൻ - അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായി 1929-ൽ ബ്ലെയിസമ്മ ഭൂജാതയായി. മാമ്മോദീസായിൽ സെലിൻ ത്രേസ്യാ എന്ന പേരു ലഭിച്ചു. അതിരമ്പുഴ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് ഇ.എസ്.എൽ. സിയും ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽനിന്ന് ഇന്റർമീഡിയറ്റും കഴിഞ്ഞ് 1955 ൽ ഭരണങ്ങാനം മഠത്തിൽ അർത്ഥിനിയായി ചേർന്നു. കണ്ണാടിയുറുമ്പു മഠത്തിൽനിന്ന് നൊവിഷ്യേറ്റ് പൂർത്തിയാക്കി 1956 ൽ സഭാവസ്ത്രം സ്വീകരിച്ചു. 1960-ൽ നിത്യവ്രതവാഗ്ദാനവും ചെയ്തു നാഥനു തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ചു.

1957 മുതൽ അധ്യാപികയായി സേവനം ആരംഭിച്ച ബ്ലെയിസമ്മ ചെമ്പേരി, കല്ലൂർക്കുളം, മണലുങ്കൽ എന്നീ മഠങ്ങളിൽ താമസിച്ച് അദ്ധ്യാപിക, ഫാം സൂപ്പർവൈസർ, മെസ്സ് മാനേജർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

കൊഴുവനാൽ പള്ളിയിൽ വേദപാഠം പഠിപ്പിക്കുന്നതിലും കുട്ടികളെ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിന് ഒരുക്കുന്നതിലും, അൾത്താര അലങ്കരിക്കുന്നതിലും 60 വർഷത്തോളം അതീവജാഗ്രതയും, തീക്ഷ്ണ തയും പുലർത്തിയിരുന്നു.

കഠിനാദ്ധ്വാനിയായിരുന്ന ബ്ലെയിസമ്മ വലിപ്പച്ചെറുപ്പ ഭേദമെന്യേ എല്ലാവരെയും ഉൾക്കൊള്ളുകയും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന സാർവ്വത്രികസ്നേഹത്തിന്റെ ഉടമയായിരുന്നു.

2020 ഫെബ്രുവരിമുതൽ അമ്മ ശയ്യാവലംബിയായിരുന്നു. 23.06.2022 വ്യാഴാഴ്ച മഠം ചാപ്ലെയിനായിരുന്ന ബഹു. ജോസഫ് പാമ്പാറ അച്ചനിൽ നിന്നു രോഗീലേപനം സ്വീകരിക്കുവാനുള്ള ഭാഗ്യവും തന്റെ അന്ത്യനിമി ഷങ്ങളിൽ അമ്മയ്ക്ക് ലഭിച്ചു. ഈശോയുടെ തിരുഹൃദയത്തിരുനാൾ സ്വർഗ്ഗത്തിൽ ആഘോഷിക്കുന്നതിനായി അമ്മ യാത്രയായി.

24.06.2022 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് ബഹു. കുര്യൻ മറ്റത്തിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. വിശുദ്ധ കുർബാനമദ്ധ്യേ ബഹു. മറ്റത്തിലച്ചൻ അനുസ്മരണസന്ദേശം നൽകി. തുടർന്ന് പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ അനുശോചനസന്ദേശം നൽകുകയും സംസ്കാരശുശ്രൂഷകൾക്കു മുഖ്യകാർമ്മികത്വം വഹിക്കു കയും ചെയ്തു.



## സി. ബേസിൽ മേരി എഫ്.സി.സി

തീക്കോയി മൈലാടൂർ ജോസഫ്–അന്നമ്മ ദമ്പതികളുടെ ആറുമക്കളിൽ നാലാമത്തെ സന്താനമായി 1938 ൽ ബഹു. ബേസിൽ മേരിയമ്മ ഭൂജാതയായി. 1938 ൽ മാമ്മോദീസായിൽ മറിയം എന്ന പേര് സ്വീകരിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1957 ൽ ചെമ്മലമറ്റം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1959 ൽ ആദ്യവ്രതവും 1962 ൽ നിത്യവ്രതവാഗ്ദാനവും അനുഷ്ഠിച്ചു.

1964 ൽ TTC പാസ്സായശേഷം മഞ്ഞാമറ്റം, പാദുവ, തീക്കോയി, പെരിങ്ങുളം, പൂഞ്ഞാർ, മണിയംകുന്ന് എന്നീ സ്കൂളുകളിൽ അദ്ധ്യാപികയായും വാകക്കാട് സ്കൂളിൽ പ്രഥമാദ്ധ്യാപികയായും സേവനം അനുഷ്ഠിച്ചു. നീണ്ട 34 വർഷത്തെ അദ്ധ്യാപനവൃത്തിയിൽ കുഞ്ഞുങ്ങൾക്കും സഹപ്രവർത്തകർക്കും പ്രിയപ്പെട്ട ഗുരുഭൂതയായിത്തീരുവാനും അനേകരെ വൈദിക–സന്ന്യാസദൈവവിളിയിലേക്ക് കൈപിടിച്ചുയർത്തുവാനും അമ്മയ്ക്കു സാധിച്ചു. 1994 ൽ സ്കൂൾ ജോലിയിൽനിന്നു വിരമിച്ച സിസ്റ്റർ ബേസിൽ സുപ്പീരിയർ, അസി. സുപ്പീരിയർ, മെസ്സ് മാനേജർ, ഫാം സൂപ്പർവൈസർ, പാർലർ സിസ്റ്റർ, കമ്മ്യൂണിറ്റി സിസ്റ്റർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ഭവനത്തിന്റെ വളർച്ചയിലും ഉയർച്ചയിലും അമ്മയുടെ ദീർഘവീക്ഷണവും ദൈവാശ്രയബോധത്തോടെയുള്ള പ്രവർത്തനങ്ങളും ത്യാഗം നിറഞ്ഞ ജീവിതവും എടുത്തു പറയേണ്ടതാണ്. ഇടവകയുടെ പ്രവർത്തനങ്ങളിലും അമ്മയുടെ സജീവപങ്കാളിത്തം അനുകരണീയമാണ്. 2009 ൽ അമ്മയുടെ വ്രതവാഗ്ദാന സുവർണ്ണ ജൂബിലിയും ആഘോഷിച്ചു.

അധികാരികളോടുള്ള വിധേയത്വം, നിഷ്കളങ്കസ്നേഹം സദാ പുഞ്ചിരിതൂകുന്ന വദനം ഇവ അമ്മയിൽ നിറഞ്ഞുനിന്നിരുന്ന സുകൃത പുഷ്പങ്ങളായിരുന്നു. അഞ്ചുവർഷത്തോളമായി അമ്മ ക്യാൻസർ രോഗത്തിന്റെ പിടിയിലായിരുന്നു.

24.05.2022 ചൊവ്വാഴ്ച രോഗിലേപനം സ്വീകരിക്കുകയും നിത്യസമ്മാനത്തിനായി ദൈവസന്നിധിയിലേക്കു യാത്രയാവുകയും ചെയ്തു. 25–ാം തീയതി രാവിലെ 9 മണിക്ക് ദിവ്യബലിയോടുകൂടി സംസ്കാരകർമ്മങ്ങൾ ആരംഭിച്ചു. പൂഞ്ഞാർ ഫൊറോനപ്പള്ളി വികാരി വെരി റവ.ഫാ. മാത്യു കടൂക്കുന്നേൽ ദിവ്യബലിയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും അനുസ്മരണപ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന്, മൃതദേഹം പൂഞ്ഞാർ ഫൊറോനപ്പള്ളിയിലേക്കു സംവഹിച്ചു.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ കാർമികത്വം വഹിക്കുകയും അനുസ്മരണ സന്ദേശം നൽകുകയും ചെയ്തു. മൃതദേഹം പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനപ്പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. റെസി ട്രീസാ എഫ്.സി.സി.

കാഞ്ഞിരമറ്റം ഇഞ്ചിക്കാലായിൽ പരേതരായ ജോർജ് – റോസ ദമ്പതികളുടെ ഒൻപതു മക്കളിൽ ഏറ്റവും ഇളയവളായി 1945 ൽ സി. റെസി ട്രീസ ഭൂജാതയായി. മാമ്മോദീസായിൽ റോസ എന്ന പേരു നൽകപ്പെട്ടു. സഹോദരിമാരായ സി. ഫേബിയന്റെയും സി. ആൻസ് മേരിയുടെയും പാത പിൻതുടർന്നു. 1962 ൽ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽനിന്ന് PUC പാസ്സായശേഷം 1963 ൽ വിമലഗിരി നൊവിഷ്യേറ്റുഹൗസിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലന ത്തിനുശേഷം 1965 ൽ പ്രഥമവ്രതവാഗ്ദാനവും 1970 ൽ നിത്യവ്രത സമർപ്പണവും നടത്തി നാഥന്റെ സ്വന്തമായിത്തീർന്നു.

തന്റെ അപ്പസ്തോലരംഗം അദ്ധ്യാപനമാണെന്നു തിരിച്ചറിഞ്ഞ സി. റെസി, 1968 ൽ പാലാ സെന്റ് തോമസ് കോളജിൽനിന്നു ബി.എസ്.സി. യും 1969 ൽ പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളജിൽനിന്നും ബി. എഡും പാസ്സായി. 1969 ൽ പൂഞ്ഞാർ സെന്റ് ആന്റണീസ് ഹൈസ്കൂൾ അദ്ധ്യാപികയായി ശുശ്രൂഷ ആരംഭിച്ചു. ആഴമേറിയ പ്രാർത്ഥനാ ജീവിതത്തിനും ലാളിത്യത്തിനും ഉടമയായ സി. റെസി സൗമ്യമായി, ശാന്ത മായി സുതാര്യതയോടെ എല്ലാവരെയും തന്റെ സഹജമായ രീതിയിൽ സ്നേഹിച്ചു ജീവിച്ചു. സിസ്റ്ററിന്റെ ശിഷ്യഗണങ്ങളിൽ പലരും എഫ്.സി. സിയിൽ തന്നെ സമർപ്പണജീവിതം നയിക്കുന്നവരാണ്.

പുലിയന്നൂർ, പാലാ അൽഫോൻസാ ഹോസ്റ്റൽ, വാകക്കാട്, പൂഞ്ഞാർ തെക്കേക്കര, ഷുജാൽപൂർ, അസ്സീസി കോൺവെന്റ് അരുവി ത്തുറ, അരുവിത്തുറ പ്രൊവിൻഷ്യൽ ഹൗസ്, സൗത്താഫ്രിക്കയിലെ മിഷൻ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ട്രഷറർ, ബോർഡിംഗ് മിസ്ട്രസ്, സെക്രട്ടറി, സങ്കീർത്തിക്കാരി, മെസ്മാനേജർ, സുപ്പീരിയർ, അസി. സുപ്പീരിയർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു.

1983 ൽ ഉജ്ജൈൻ മിഷനിലേക്കും അധ്യാപനജോലിയിൽനിന്നു സ്വയം വിരമിച്ച് സൗത്ത് ആഫ്രിക്കയിലേക്കും മിഷൻ പ്രവർത്തന ത്തിനായി യാത്രയായി. ആഫ്രിക്കയിലെ കഷ്ടപ്പാടുകളും ക്ലേശങ്ങളും

ആത്മീയ സംഘർഷങ്ങളുമെല്ലാം സധൈര്യം നേരിട്ട് അടിപതറാതെ മനസ്സുമടുക്കാതെ ആഫ്രിക്കൻ ജനതയെ നെഞ്ചോടു ചേർത്തു വച്ച് 28 വർഷം, തന്റെ അവസാനശ്വാസംവരെ അവരുടെ സർവ്വതോമുഖമായ ഉന്നമനത്തിനുവേണ്ടി സി. റെസി നിലകൊണ്ടു.

2009 ൽ ക്യാൻസർ രോഗബാധിതയായി നാട്ടിലേയ്ക്കുവന്നെങ്കിലും ട്രീറ്റ്മെന്റിനുശേഷം അതേ ആഗ്രഹത്തോടും താത്പര്യത്തോടുംകൂടെ തിരിച്ചുപോകുകയും പിന്നീടുള്ള സമയം മുഴുവൻ പ്രാർത്ഥനാ ശുശ്രൂഷകൾക്കായി നീക്കിവെയ്ക്കുകയും ചെയ്തിരുന്നു.

2022 ഫെബ്രുവരി 22 ന് അവധിക്കായി നാട്ടിലെത്തിയ സി. റെസി ഏപ്രിൽ 24 ന് സൗത്ത് ആഫ്രിക്കയിലേക്കു മടങ്ങി. ശ്വാസതടസ്സം കൂടുതലായതിനെത്തുടർന്ന് ഏപ്രിൽ 30-ാം തീയതി സി. റെസി ട്രീസായുടെ പാവനാത്മാവ് തന്റെ ദിവ്യമണവാളന്റെ പക്കലേക്ക് യാത്രയാവുകയും ചെയ്തു. ഇന്ത്യൻ Embassy യുടെ സഹായത്തോടെ സി. റോസ്ജോയിസും സി. ഗ്രെയ്സ്പോളും ചേർന്ന് മെയ് 13-ാം തീയതി മൃതദേഹം നാട്ടിൽ എത്തിച്ചു. ഉച്ചയ്ക്ക് രണ്ടിന് ദിവ്യബലിയോടുകൂടി സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. അരുവിത്തുറ ഫൊറോനാ വികാരി വെരി റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ ദിവ്യബലിക്കു മുഖ്യകാർമ്മികത്വംവഹിച്ചു. റവ. ഫാ. ജോസ് കിഴക്കേതിൽ, റവ. ഫാ. ജോയി തെക്കുംചേരിക്കുന്നേൽ, റവ. ഫാ. ജിന്റോ ഇഞ്ചിക്കാലായിൽ, റവ. ഫാ. തോമസ് ചിറയ്ക്കൽ, റവ. ഫാ. ജോൺസൺ പൂവക്കുളം എന്നിവർ സഹകാർമ്മികരായിരുന്നു. ദിവ്യബലിമദ്ധ്യേ, റവ. ഫാ. ജിന്റോ ഇഞ്ചിക്കാലായിൽ അനുസ്മരണപ്രസംഗം നടത്തി.

ദൈവാലയത്തിലെ ശുശ്രൂഷകൾക്കു പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ കാർമികത്വം വഹിച്ച് അനുസ്മരണപ്രസംഗം നടത്തി. തുടർന്ന് സി. റെസി ട്രീസായുടെ മൃതദേഹം അരുവിത്തുറ സെന്റ് ജോർജ് ഫൊറോനപ്പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



## സി. ട്രീസാ എഫ്.സി.സി.

മലയിഞ്ചിപ്പാറ അരയത്തിനാൽ ചാക്കോ - അന്നമ്മ ദമ്പതികളുടെ 9 മക്കളിൽ രണ്ടാമത്തെ സന്താനമായി 1931 ൽ, സി. ട്രീസാ ഭൂജാതയായി. മാമ്മോദീസായിൽ കൊച്ചുത്രേസ്യാ എന്ന് നാമകരണം ചെയ്യപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം മണിയംകുന്ന് ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. 1954 ൽ പ്രഥമവ്രത

വാഗ്ദാനവും 1957 ൽ നിത്യവ്രതവാഗ്ദാനവും അനുഷ്ഠിച്ച് ദിവ്യനാഥന് ആത്മസമർപ്പണം ചെയ്തു.

71 വർഷത്തെ സുദീർഘമായ തന്റെ സന്ന്യാസജീവിതത്തിൽ മഠത്തിലെ അദ്ധ്വാനപൂർണ്ണമായ വിവിധ ശുശ്രൂഷകൾ അമ്മ നിർവഹിച്ചു. ഏല്പിക്കപ്പെട്ട എല്ലാ ഉത്തരവാദിത്വങ്ങളും സന്തോഷത്തോടും താത്പര്യത്തോടും സ്വതഃസിദ്ധമായ പുഞ്ചിരിയോടുംകൂടി വിശ്വസ്തതാപൂർവ്വം നിർവഹിച്ചിരുന്നു. സമയംകിട്ടുമ്പോഴെല്ലാം ദിവ്യകാരുണ്യ സന്നിധിയിലിരുന്ന് തിരുസഭയ്ക്കും ഇടവകസമൂഹത്തിനും തന്റെ കുടുംബാംഗങ്ങൾക്കും വേണ്ടി പ്രാർത്ഥിച്ചിരുന്നു. മണിയംകുന്ന്, കൂട്ടിക്കൽ, രത്നഗിരി, പാലാ അൽഫോൻസാ ഹോസ്റ്റൽ, കോതനല്ലൂർ, ളാലം, മലയിഞ്ചിപ്പാറ, പുലിയന്നൂർ, ആലുവ ജനറലേറ്റ്, അറക്കുളം എന്നീ ഭവനങ്ങളിൽ ട്രീസാമ്മ തന്റെ സ്നേഹശുശ്രൂഷകൾ കാഴ്ചവെച്ചു.

യേശുവിൽ മറയ്ക്കപ്പെട്ട ജീവിതം നയിക്കാൻ ആഗ്രഹിച്ച ബ. ട്രീസാമ്മ തന്റെ ജീവിതത്തിലെ എല്ലാ അനുഭവങ്ങളിലും ദൈവപരിപാലന കാണുവാൻ അങ്ങേയറ്റം പരിശ്രമിച്ചിരുന്നു. പ്രാർത്ഥനയിലും സേവനത്തിലും ആയിരുന്നുകൊണ്ട് വിനീതവും ലളിതവുമായ ജീവിതം നയിച്ച ട്രീസാമ്മ വളരെ സന്തുഷ്ടമായ ഹൃദയത്തോടെ ശുശ്രൂഷ ചെയ്ത് ദൈവപിതാവിനെ മഹത്ത്വപ്പെടുത്തി. പരിശുദ്ധ അമ്മയോട് അനിതരസാധാരണമായ ഭക്തി പ്രദർശിപ്പിച്ചിരുന്നു.

കഠിനാദ്ധ്വാനം, ഫ്രാൻസിസ്കൻ ലാളിത്യം, കൂട്ടക്രമത്തിലെ സജീവഭാഗഭാഗിത്വം, സഹോദരങ്ങളോടുള്ള സ്നേഹം, അധികാരികളോടും വൈദികരോടുമുള്ള വിധേയത്വം എന്നിവയെല്ലാം അമ്മയിൽ വിളങ്ങിയിരുന്ന സുകൃതങ്ങളായിരുന്നു.

ട്രീസാമ്മയ്ക്ക് സന്ന്യാസസമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കാൻ ദൈവം കൃപ നൽകി. 2021 ൽ നവതി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു. 2022 മെയ് 1 ന് ഒരു സ്ട്രോക്കിനെത്തുടർന്ന് ട്രീസാമ്മ തീർത്തും ശയ്യാവലംബയായി. കൂടുതൽ പരിചരണാർത്ഥം മെയ് 7-ാം തീയതി തിടനാട് കോൾബെ ഹോസ്പീസിൽ പ്രവേശിപ്പിച്ചു. മെയ് 11-ാം തീയതി ബഹുമാനപ്പെട്ട ജോർജ് മുളങ്ങാട്ടിലച്ചൻ അമ്മയ്ക്ക് രോഗീലേപനം നൽകി. മെയ് 15-ാം തീയതി ട്രീസാമ്മ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 16-ാം തീയതി തിങ്കളാഴ്ച രാവിലെ 10.00 ന് ഇടവകവികാരി ബഹുമാനപ്പെട്ട ജോർജ് മണ്ണുക്കുശുമ്പിൽ

അച്ചന്റെയും അമ്മയുടെ സഹോദരൻ റവ. ഫാ. ജേക്കബ് അരയത്തിനാൽ വി.സി.യുടെയും കാർമികത്വത്തിൽ വിശുദ്ധ കുർബാനയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ദൈവാലയത്തിലെ കർമ്മങ്ങൾക്ക് പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ കാർമികത്വം വഹിച്ച് അനുസ്മരണപ്രസംഗം നടത്തി. തുടർന്ന് ട്രീസാമ്മയുടെ മൃതദേഹം അറക്കുളം പുത്തൻപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.




## JUNE 2022

| | | |
|---|---|---|
| 01 | 11.30 am | കോതമംഗലം രൂപത ചെപ്പുകുളം ഇടവകയിൽ വള്ളോംപുരയിടത്തിൽ ശ്രീമതി അന്നമ്മ അബ്രാഹത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 03.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ ഫ്രണ്ട്സ് ഓഫ് മാർ സ്ലീവാ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.30 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 02 | 11.00 am | മീനച്ചിൽ കുമ്പാനിമഠത്തിൽ ആദരണീയനായ ഭാസ്കരൻകർത്തായുടെ ഭൗതികദേഹത്തിനരികിൽ അന്തിമോപചാരം അർപ്പിക്കുകയും അനുസ്മരണപ്രഭാഷണം നടത്തുകയും ചെയ്തു. |
| | 02.30 pm | ചെമ്മലമറ്റം ഇടവകയിൽ പുതിയതായി നിർമിച്ച ദൈവാലയത്തിന്റെ കൂദാശകർമത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 03 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | ബിഷപ്സ് ഹൗസിൽ പരിസ്ഥിതിദിനാചാരണത്തോടനുബന്ധിച്ചുള്ള മീറ്റിംഗിൽ സംബന്ധിക്കുകയും മരം നടുകയും ചെയ്തു. |
| | 03.45 pm | കൂട്ടിക്കൽ ഫൊറോനയിൽ കൂട്ടിക്കൽ മിഷന്റെ ഭാഗമായുള്ള മംഗല്യപ്രോജക്ടിന്റെ രണ്ടാംഘട്ട സാമ്പത്തികസഹായവിതരണം നിർവഹിക്കുകയും അവലോകനയോഗത്തിൽ സംബന്ധിക്കുകയും ചെയ്തു. |

| | | |
|---|---|---|
| 04 | 10.00 am | കാവുംകണ്ടം ഇടവകയിൽ പള്ളത്ത് ശ്രീ പി.എം. ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | രത്നഗിരി ഇടവകയിൽ മേനാച്ചേരി ബഹുമാനപ്പെട്ട തോമസച്ചന്റെ പിതാവ് ശ്രീ എം.സി. സെബാസ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. |
| | 06.00 pm | മുട്ടുചിറ ഫൊറോനയിൽ പന്തക്കുസ്താത്തിരുനാളി നോടനുബന്ധിച്ചുള്ള പുറത്തുനമസ്കാരത്തിനു കാർമികത്വം വഹിക്കുകയും വചനസന്ദേശം നൽകു കയും ചെയ്തു. |
| 05 | 09.00 am | ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാട നകേന്ദ്രത്തിൽ പന്തക്കുസ്താത്തിരുനാളിനോടനുബ ന്ധിച്ചുള്ള ആദ്യാക്ഷരംകുറിക്കൽ കർമത്തിൽ കാർമികത്വം വഹിച്ചു. |
| | 10.30 am | പാലാ കത്തീഡ്രലിൽ പാലാ രൂപത കരിസ്മാറ്റിക് ടീമിന്റെ നേതൃത്വത്തിൽ നടത്തിയ പന്തക്കുസ്താ ത്തിരുനാളാചരണം, മിഷൻദിനാചരണം എന്നിവ യുടെ ഉദ്ഘാടനം നിർവഹിച്ചു. |
| | 05.00 pm | ഇരിങ്ങാലക്കുട രൂപത കുഴിക്കാട്ടുശ്ശേരി വിശുദ്ധ മറിയം ത്രേസ്യാ-ധന്യൻ ജോസഫ് വിതയത്തിൽ തീർത്ഥാടനകേന്ദ്രത്തിൽ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| 06 | 10.00 am | അടിവാരം ഇടവകയിൽ അമ്പഴത്തുങ്കൽ ബഹുമാ നപ്പെട്ട ജോർജ് അച്ചന്റെ മാതാവ് ശ്രീമതി അന്നമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവ നത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 7-9 | | പാലാരിവട്ടം പി.ഒ.സിയിൽ കെ.സി.ബി.സിയുടെ മെത്രാൻ സമ്മേളനത്തിൽ സംബന്ധിച്ചു. |
| 10 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.45 pm | കോതനല്ലൂർ ഫൊറോനയിൽ ബഹുമാനപ്പെട്ട സിസ്റ്റർ ജോൺ ഫ്രാൻസീസ് എഫ്.സി.സി.യുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 07.00 pm | ദേവലോകം ഓർത്തഡോക്സ് കാതോലിക്കേറ്റ് അരമനയിൽ സമ്മേളനത്തിൽ സംബന്ധിച്ചു. |
| 11 | 10.00 am | അരുണാപുരം സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 12 | 11.15 am | പൂവരണി ഇടവകയിൽ പുതുതായി നിർമിക്കുന്ന വൈദികമന്ദിരത്തിന്റെ ശിലാസ്ഥാപനകർമം നിർവഹിച്ചു. |
| | 04.00 pm | മീനച്ചിൽ എയ്ഡഡ് സ്കൂളിൽ ആദരണീയനായ മീനച്ചിൽ ഭാസ്കരൻകർത്താ അനുസ്മരണസമ്മേളനത്തിൽ സംബന്ധിച്ചു. |
| 13 | 11.00 am | മല്ലികശ്ശേരി അഡോർണോ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് മ്ശംശാനപട്ടം നൽകി. |
| | 02.30 pm | കുടക്കച്ചിറ സെന്റ് ജോസഫ്സ് ഹൈസ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനസമ്മേളനത്തിൽ സംബന്ധിച്ചു. |
| 14 | | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായുള്ള സെമിനാറിൽ സംബന്ധിച്ചു. |
| 16 | 09.30 am | പൂവരണി ഇടവകയിൽ കൊച്ചോടയ്ക്കൽ ശ്രീമതി അന്നമ്മ തോമസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 17 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 18 | 03.00 pm | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.30 pm | ചേർപ്പുങ്കൽ ഫൊറോനയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിപൂർത്തിയാക്കിയ ഭവനങ്ങളുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 06.00 pm | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജ് സന്ദർശിച്ച് പ്രീ സിനഡൽ സമ്മേളനത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തി. |

| | | |
|---|---|---|
| 19 | 10.45 am | ളാലം പഴയപള്ളി ഇടവകയിൽ ചെറുപുഷ്പമിഷൻലീഗിന്റെ രൂപതാതല പ്രവർത്തനോദ്ഘാടനസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 02.30 pm | ചിറ്റാർ ഇടവകയിൽ പുതിയതായി നിർമിച്ച ദൈവാലയത്തിന്റെ കൂദാശകർമത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 20 | | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിൽ സിനഡ് 2021-2023 ഒരുക്കമായുള്ള പാലാ രൂപത പ്രീ സിനഡൽ സമ്മേളനത്തിൽ സംബന്ധിച്ചു. |
| 21 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 22 | 02.30 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർത്ഥാടന ഇടവകയിൽ ഐക്കരമറ്റം ബഹുമാനപ്പെട്ട ജോസഫച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 23 | 04.00 pm | കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോമിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോമിൽ തിരുഹൃദയത്തിരുനാളിനോടനുബന്ധിച്ചുള്ള വെഞ്ചെരിപ്പുകർമം നിർവഹിക്കുകയും കുട്ടികളെ സന്ദർശിച്ചു സന്ദേശം നൽകുകയും ചെയ്തു. |
| 24 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | നരിയങ്ങാനം ഇടവകയിൽ പുതിയതായി നിർമിച്ച കുരിശുപള്ളിയുടെ ആശീർവാദകർമം നിർവഹിച്ചു. |
| 25 | 11.00 am | കരൂർ നല്ലിടയൻ മൈനർ സെമിനാരിയിൽ വൈദിക്കരെയും വൈദികവിദ്യാർത്ഥികളെയും സന്ദർശിച്ചു അഭിമുഖസംഭാഷണം നടത്തി. |
| | 06.30 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 03.00 pm | ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 28 | 09.00 am | വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ ഡയമണ്ട് ജൂബിലി, പൗരസ്ത്യ വിദ്യാപീഠത്തിന്റെ റൂബി ജൂബിലി എന്നിവയോടനുബന്ധിച്ചുള്ള കൃതജ്ഞതാബലിയിൽ സഹകാർമികത്വം വഹിച്ചു വചനസന്ദേശം നൽകി. |
| | 06.30 pm | പാലാ മാർ അപ്രേം സെമിനാരിയിൽ വൈദികരെയും വൈദികവിദ്യാർത്ഥികളെയും സന്ദർശിച്ച് അഭിമുഖ സംഭാഷണം നടത്തി. |
| 29 | 11.15 am | കൂട്ടിക്കൽ ഫൊറോനയിൽ ചരമവാർഷികതിരുക്കർമ്മങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| 30 | 12.00 noon | മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയതായി നിർമിച്ച സി.ഇ.ഒ. ഓഫീസിന്റെ ആശീർവാദകർമം നിർവഹിച്ചു. |
| | 02.30 pm | ഷാലോം പാസ്റ്ററൽ സെന്ററിൽ പാലാ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ 10, 12 ക്ലാസുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികളെ അനുമോദിക്കുന്ന സമ്മേളനത്തിൽ സംബന്ധിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## JUNE 2022

| | | |
|---|---|---|
| 01 | 10.30 am | ളാലം പുത്തൻപള്ളി ഇടവകയിൽ ചരമവാർഷിക ത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. |
| | 03.00 pm | കോട്ടയം നവജീവൻ ട്രസ്റ്റ് പുതുതായി നിർമിക്കുന്ന ക്ലിനിക്കിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. |
| 02 | 10.00 am | മണ്ണാറപ്പാറ ഇടവകയിൽ മണപ്പാട്ട് തുണ്ടത്തിൽ ശ്രീമതി റോസമ്മ മാത്യുവിന്റെ ഭൗതികദേഹത്തിന രികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.30 am | മുട്ടുചിറ ഫൊറോനയിൽ പ്ലാത്തോട്ടത്തിൽ ശ്രീ പി.സി. പൈലിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | ചെമ്മലമറ്റം ഇടവകയിൽ പുതുതായി നിർമിച്ച ദൈവാലയത്തിന്റെ കൂദാശകർമ്മത്തിൽ സഹകാർമി കത്വം വഹിക്കുകയും വിശുദ്ധ കുർബാന അർപ്പി ക്കുകയും ചെയ്തു. |
| 03 | 10.00 am | ചേർപ്പുങ്കൽ ബി.വി.എം. കോളജിൽ മീറ്റിംഗിൽ പങ്കെ ടുത്തു. |
| 04 | 09.45 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന സൺഡേ സ്കൂൾ പ്രഥമാധ്യാ പകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 11.00 am | ചക്കാമ്പുഴ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 03.00 pm | രത്നഗിരി ഇടവകയിൽ മേനാച്ചേരി ബഹുമാനപ്പെട്ട തോമസ് അച്ചന്റെ പിതാവ് ശ്രീ എം.സി. സെബാ സ്റ്റ്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയ ത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 05.00 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ ദൈവാലയത്തിൽ പന്തക്കുസ്ത ഒരുക്കപ്രാർത്ഥനയ്ക്കു കാർമികത്വം വഹിക്കുകയും വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു. |
| 05 | 09.00 am | ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ പന്തക്കുസ്താത്തിരുനാളിനോടനുബ ന്ധിച്ചുള്ള ആദ്യാക്ഷരംകുറിക്കൽ കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു. |
| | 03.00 pm | ളാലം പുത്തൻപള്ളി ഇടവകയിൽ പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിലുള്ള പന്തക്കുസ്താദിനാ ചരണസമ്മേളനത്തിൽ സംബന്ധിച്ചു സന്ദേശം നൽകി. |
| | 04.00 pm | മോനിപ്പള്ളി ഇടവകയിൽ കുട്ടികളുടെ ആദ്യാക്ഷരം കുറിക്കലിന് കാർമികത്വം വഹിച്ചു. |
| | 04.30 pm | മോനിപ്പള്ളി ഇടവകയിൽ പ്രാരംഭകൂദാശകൾ പരി കർമം ചെയ്തു. |
| | 07.30 pm | മണ്ണാറപ്പാറ ഇടവകയിൽ പള്ളിപ്പുറത്തുകുന്നേൽ ശ്രീമതി ലിസ്സി ജോണിന്റെ ഭൗതികദേഹത്തിന രികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 6 | 10.30 am | അടിവാരം ഇടവകയിൽ അമ്പഴത്തുങ്കൽ ബഹുമാന പ്പെട്ട ജോർജ് അച്ചന്റെ മാതാവ് ശ്രീമതി അന്നമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 7 | 06.15 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റി റ്റ്യൂട്ടിൽ വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന വർക്കായി വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 09 | 09.00 am | പാലായിൽ പുതുതായി ആരംഭിച്ച വ്യാപാരസ്ഥാപ നത്തിന്റെ ആശീർവാദകർമം നിർവഹിച്ചു. |
| 11 | 10.00 am | കാഞ്ഞിരപ്പള്ളി രൂപത പൊടിമറ്റം ഇടവകയുടെ സുവർണ ജൂബിലിയോടനുബന്ധിച്ചു നടന്ന സന്ന്യ സ്തസംഗമത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |

| | | |
|---|---|---|
| | 03.00 pm | ചങ്ങനാശ്ശേരി അതിരൂപത പുളിങ്കുന്ന് ഇടവകയിൽ ചരമവാർഷികത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| 12 | 07.00 am | നെല്ലാപ്പാറ ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 12.00 noon | അരുവിത്തുറ ഫൊറോനയിൽ നവീകരിച്ച സെന്റ് ജോർജ് കണ്ണാശുപത്രിയുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 14 | 08.00 am | കുറവിലങ്ങാട് ഇടവകയിൽ ചേലയ്ക്കാപിള്ളിൽ ശ്രീ കെ.പി. അബ്രാഹത്തിന്റെ ഭൗതികദേഹത്തിന രികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായുള്ള സെമിനാറിൽ സംബന്ധിച്ചു. |
| | 02.00 pm | ഡി.സി.എം.എസ്. മീറ്റിംഗിൽ പങ്കെടുത്തു. |
| 15 | 06.00 pm | ഉാലം പഴയപള്ളി ഇടവകയിൽ വിവാഹവാഗ്ദാനത്തിനു മുഖ്യകാർമികത്വം വഹിച്ചു. |
| 18 | 11.00 am | കടനാട് ഫൊറോനയിൽ വിവാഹം ആശീർവദിച്ചു. |
| | 05.00 pm | എറണാകുളം-അങ്കമാലി അതിരൂപത കളമശ്ശേരി ഇടവകയിൽ മാമ്മോദീസ പരികർമം ചെയ്തു. |
| 19 | 08.00 am | നീലൂർ ഇടവകയിൽ കുമ്പുക്കൽ ശ്രീ അബ്രാഹത്തിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.30 pm | ചിറ്റാർ ഇടവകയിൽ പുതുതായി നിർമിച്ച ദൈവാലയത്തിന്റെ കൂദാശാകർമത്തിൽ സഹകാർമികത്വം വഹിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. |
| | 08.00 pm | ഉാലം പുത്തൻപള്ളി ഇടവകയിൽ തണ്ണിപ്പാറ ഡോ. ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 20 | | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിൽ സിനഡ് 2021-2023 ഒരുക്കമായുള്ള പാലാ രൂപത പ്രീ സിനഡൽ സമ്മേളനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 21 | 06.15 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്നവർക്കായി വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 12.45 pm | കുറവിലങ്ങാട് ഫൊറോനയിൽ പരിയാനിക്കൽ ശ്രീമതി തങ്കമ്മ ചെറിയാന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 22 | 01.00 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചുഡീക്കൻ ഇടവകയിൽ ഐക്കരമറ്റം ബഹുമാനപ്പെട്ട ജോസഫ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിക്കുകയും ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് സഹകാർമികത്വം വഹിക്കുകയും ചെയ്തു. |
| 23 | 10.30 am | പാലാ അൽഫോൻസ കോളജിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 25 | 09.00 am | പാലയ്ക്കാട്ടുമല ഇടവകയിൽ ഡീക്കൻ സേവ്യർ മേൽവെട്ടത്തിനു പൗരോഹിത്യപട്ടം നൽകി. |
| | 11.00 am | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 12.15 pm | തുരുത്തിപ്പള്ളി ഇടവകയിൽ കുടുംബയോഗത്തിൽ ആശംസകളർപ്പിച്ചു. |
| | 04.30 pm | തിരുവല്ലയിൽ നടന്ന ലോക ലഹരിവിരുദ്ധദിനാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| | 07.30 pm | കൊഴുവനാൽ ഇടവകയിൽ വടക്കേൽ ശ്രീമതി പ്രിയ സജീവിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 26 | 11.00 am | ളാലം പഴയപള്ളി ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 27 | 11.00 am | മംഗളാരം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 30 | 11.00 am | മൂഴൂർ ഇടവകയിൽ മരണവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. |
| | 04.30 pm | ചക്കാമ്പുഴ ഇടവകയിൽ വിവാഹവാഗ്ദാനത്തിനു മുഖ്യകാർമികത്വം വഹിച്ചു. |







അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വൈദികരുടെ തുടർപരിശീലന സെമിനാർ



മാർസ്ലീവാ മെഡിസിറ്റിയിൽ നവീകരിച്ച സി. ഇ. ഒ. ഓഫീസിന്റെ വെഞ്ചെരിപ്പുകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

2022
JULY

☆ SANTHWANAPRAKASHAM ☆
PALAI DIOCESAN BULLETIN




Printed at St. Thomas Press, Palai and Published by Fr. Kuriakose Vattamukalel